2025 APRIL 13

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



# കണികണ്ടുണരുക, ഉയർത്തെഴുന്നേൽക്കുക

ഏവർക്കും
emalayalee.com ഇ-മലയാളിയുടെ
വിഷു-ഈസ്റ്റർ ആശംസകൾ...



## ഫോമയിൽ 3 സംഘടനകൾ കൂടി

Kerala Samajam of Yonkers

Malayalee Association of Long Island, Inc.

Malayalee Samajam of League City


390+
SHOWROOMS
13 COUNTRIES
MALABAR
GOLD & DIAMONDS
EMBRACE THE GIFT OF GOLD
FREE GOLD COINS
on Diamond & Precious Gem Jewellery worth USD 1,500 and above
NO PRICE HIKE
Due to Tariff, at Malabar Gold & Diamonds
0%
Zero deduction
on old gold (916) exchange
100% value
on diamond exchange
Offers valid till 30th April, 2025
*T&C Apply.

# ഫോമയിൽ മൂന്നു മലയാളി അസ്സോസിയേഷനുകൾക്കുകൂടി അംഗത്വംനൽകി

**ഷോളി കുമ്പിളുവേലി**
**പി.ആർ.ഒ, ഫോമ**

ന്യൂയോർക്: ലോകത്തിലെ ഏറ്റവും വലിയ മലയാളി അസ്സോസിയേഷനുകളുടെ കേന്ദ്രസംഘടനയായ 'ഫോമയിൽ' (ഫെഡറേഷൻ ഓഫ് മലയാളീ അസോസിയേഷൻസ് ഓഫ് അമേരിക്കാസ്) പുതിയതായി മൂന്നു അസ്സോസിയേഷനുകൾക്കു കൂടി അംഗത്വം നൽകിയതായി ഫോമ പ്രസിഡൻറ് ബേബി മണക്കുന്നേൽ, ജനറൽസെക്രട്ടറി ബൈജുവർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി,വൈസ്പ്രസിഡൻറ്ഷാലൂ പുന്നൂസ്, ജോയിൻറ് സെക്രട്ടറി പോൾ ജോസ്, ജോയിൻറ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു. ഇതോടുകൂടി ഫോമയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മലയാളി അസ്സോസിയേഷനുകളുടെ എണ്ണം എൺപത്തിയെട്ടായി ഉയർന്നു.



മോൻസി വർഗീസ് പ്രസിഡന്റായിട്ടുള്ള ''കേരളസമാജം ഓഫ്യോങ്കേഴ്സ്'', ജെയിംസ് മാത്യു പ്രസിഡന്റായിട്ടുള്ള ''മലയാളി അസോസിയേഷൻ ഓഫ് ലോങ് ഐലൻഡ്'', ബിനീഷ് ജോസഫ് പ്രസിഡന്റായിട്ടുള്ള ''മലയാളി സമാജം ഓഫ് ലീഗ്സിറ്റി'' എന്നീ സംഘടനകൾക്കാണ് പുതിയതായി ഫോമയിൽ അംഗത്വം ലഭിച്ചത്.

ചെയർമാൻ വിജി എബ്രഹാമിന്റെ നേതൃത്വത്തിൽ, സെക്രട്ടറി ടോജോതോമസ്, കോർഡിനേറ്റർ തോമസ് കർത്തനാൽ, കമ്മിറ്റി അംഗങ്ങളായ ജോൺപട്ടപതി, ചാക്കോച്ചൻ ജോസഫ് എന്നിവർ അടങ്ങിയ ഫോമാക്രെഡൻഷ്യൽസ് കമ്മിറ്റി സൂക്ഷ്മപരിശോധനകൾക്കു ശേഷം നൽകിയ ശുപാർശ, ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയായിരുന്നു. ഇനിയും മറ്റു ചില അസ്സോസിയേഷനുകളുടെ അപേക്ഷകൾ ക്രെഡൻഷ്യൽസ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ടെന്നും, ശുപാർശകൾ ലഭിക്കുന്നതനുസരിച്ചു അവർക്കും ഫോമയിൽ അംഗത്വം ലഭിക്കുന്നതാണെന്നും ഫോമാ പ്രസിഡന്റ് ബേബിമണക്കുന്നേൽ പറഞ്ഞു. ഫോമാ അംഗസംഘടനകളുടെ എണ്ണംനൂറിൽ എത്തിക്കുക തന്റെ ഒരു ലക്ഷ്യമാണെന്നും അദ്ദേഹം പറഞ്ഞു.








പുതിയതായിഫോമയിൽഅഫിലിയേറ്റ്ചെയ്ത ''കേരളസമാജം ഓഫ്യോങ്കേഴ്സ്'', ''മലയാളി അസോസിയേഷൻ ഓഫ് ലോങ്ഐലൻഡ്'', മലയാളി സമാജം ഓഫ് ലീഗ്സിറ്റി''എന്നീ മൂന്നു അസോസിയേഷനുകളും മികച്ച പ്രവർത്തനങ്ങൾ നടത്തുന്നസംഘടനകളാണെന്നും, ഈസംഘടനകളുടെ അംഗത്വം ഫോമക്ക് മുതൽക്കൂട്ടാണെന്നും ഫോമാജനറൽ സെക്രട്ടറി ബൈജുവർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി എന്നിവർ പറഞ്ഞു. പുതിയതായി അംഗത്വം ലഭിച്ച മൂന്നുഅസോസിയേഷനുകളെയുംഫോമയിലേക്ക്ഹാർദ്ദവമായിസ്വാഗതംചെയ്യുന്നതായി ഫോമാവൈസ്പ്രസിഡൻറ്ഷാലൂപുന്നൂസ്, ജോയിൻറ്സെക്രട്ടറിപോൾജോസ്, ജോയിൻറ്ട്രഷറർഅനുപമകൃഷ്ണൻഎന്നിവർ അറിയിച്ചു.



Investment Opportunity:
Premium Villa
& High-Rise
Development in Prime Location
Unlock a Lucrative Real Estate Venture in Kerala
Prime 3-acre property facing the newly developed NH 66, near Neendakara Bridge.
For detailed investment plans and partnership opportunities, Please Contact:
Jaikumar (India): 91-9447060606
Paul Morris (USA): 1-626-390-9490
Email: Paul.Morris82@yahoo.com

# ഒരു വിഷുക്കണിയുടെ ഓർമ്മകൾ





**ശ്രീകുമാർ ഉണ്ണിത്താൻ**

മനസ്സിന് സന്തോഷം തരുന്ന ഒരുപാട് കൊച്ചു കൊച്ചു ഓർമ്മകളെ അയവിറക്കിയാണ് നാം ഓരോരുത്തരും ജീവിതം മുന്നോട്ട് നീക്കുന്നത്. അങ്ങനെ ഓർക്കുമ്പോൾ വിഷു ഞങ്ങൾക്ക് എന്നും പ്രിയപ്പെട്ടതായിരുന്നു. ഇന്ന് വിഷു ആഘോഷിക്കാൻ ആരുമില്ലെങ്കിൽകൂടി ഓർമ്മകളിൽ ഈ ആഘോഷങ്ങൾക്ക് പത്തരമാറ്റ് തിളക്കമാണ്. ഇന്ന് വിഷു ഒരേസമയം സന്തോഷവും ദുഖവും സമ്മാനിക്കുന്നു. ആഘോഷിക്കാൻ ആരുമില്ല എന്ന് ദുഖിക്കുബോഴും ഓർമകളിലെ വിഷു സുഗന്ധം പരത്തി മനസ്സിൽ ഒരു വേലിയേറ്റം തന്നെ സൃഷ്ടിക്കുന്നു.

വിതയ്ക്കുകയും കൊയ്യുകയും ചെയ്തിരുന്ന നല്ലൊരു കാർഷിക സംസ്കൃതിയുടെ സമാരംഭവുമായാണ് വിഷു ആഘോഷം. പുതുവർഷത്തിലെ വിഷുക്കണിയും വിഷുക്കൈനീട്ടവും വിഷുഫലവും ഗ്രാമീണ മനസ്സുകളിൽ നന്മനിറഞ്ഞ ഐശ്വര്യപൂർണ്ണമായ ഒരു ഭാവിയെക്കുറിച്ച് പ്രതീക്ഷയുണർത്തുന്നു. പ്രകൃതിയും മനുഷ്യനുമായുള്ള അഭേദ്യബന്ധം. കർഷകനും ഭൂമിയുമായുള്ള ബന്ധം. ഒരു കാർഷിക കുടുബത്തിൽ ജനിച്ച എനിക്ക് വിഷു ഒരു കാർഷിക ഉത്സവം തന്നെയായിരുന്നു. ഈ സമയത്താണ് വീട്ടിൽ കൃഷി ആരംഭിക്കുന്നത്.

മാർച്ചിൽ പരീക്ഷകൾ കഴിഞ്ഞു സ്കൂൾ അടച്ചാൽ പിന്നെ അവധിക്കാലം. കണ്ണാരം പോത്തിക്കളിച്ചും, മണ്ണപ്പം ചുട്ടും, ഒറ്റക്കാലിൽ കിളിത്തട്ട് കളിച്ചും, കൂട്ടുകാരുമൊത്ത് വീടിന്റെ ഉമ്മറത്ത് പ്ലാവിലയിൽ വിളമ്പി വയറുനിറച്ച് കഴിച്ചച്ചും മുറ്റത്തെ മാവിൻ ചുവട്ടിൽ മാങ്ങകൾ ഓരോന്നായി എറിഞ്ഞു വീഴ്ത്തിയും നടന്ന കാലം. ഈ അവധിക്കാലത്തു തന്നെയാണ് വിഷുവും എത്തുന്നത്. ഈ സമയത്തു ദേശാടന പക്ഷിയായി എത്തുന്ന ഒരു പക്ഷിയെ വിഷുപക്ഷി എന്ന് വിളിച്ചു പോന്നിരുന്നു. ഇന്ന് അതുണ്ടോ?

വസന്തകാലത്തിൻറെ പ്രതിനിധിയായി എങ്ങുനിന്നോ സ്വാഗതഗാനവും പാടികൊണ്ട് വിദൂരതയിൽനിന്നും പറന്നെത്തുന്ന വിഷുപക്ഷികൾ. മഞ്ഞയണിഞ്ഞ കൊന്നമരക്കൊമ്പിലിരുന്നു ഇവ വിളിച്ചുണർത്തിയ ആ ഗീതം ഇന്നും ഒരു അശിരീരി പോലെ കേൾക്കാറുണ്ട്. മലയാളി മണ്ണിനെ, മനസ്സിനെ, പ്രകൃതിയെത്തന്നെയും. തളിരിലകളുടെ കുളിരുമായെത്തുന്നു ആ കിളിനാദം: “വിത്തും കൈക്കോട്ടും....കള്ളൻ ചക്കെട്ടു, കണ്ടാൽ മിണ്ടണ്ട“ എന്നി സ്വരങ്ങളിൽ ആണ് അത് പാടിയിരുന്നത്. കുട്ടികൾ ആയ ഞങ്ങൾ ഉച്ചസ്വരത്തിൽ ഏറ്റുപാടുബോൾ ഈ കിളി അതിനേക്കാൾ ഉച്ചത്തിൽ പാടുമായിരുന്നു.... വിഷുവെന്ന കൃഷിയുത്സവത്തിന്റെ വരവു തന്നെയാണ് ഈ പക്ഷിയും അറിയിച്ചിരുന്നത്.

കൺനിറയെ കാണാൻ സ്വർണ്ണനിറത്തിൽ പൂത്തുലുഞ്ഞ കൊന്നമരങ്ങൾ. മനസ്സിൽ പൂത്ത സ്നേഹകൊന്നകൾ കണികണ്ടുണരുന്ന വിഷുപുലരി. ഐശ്വര്യത്തിൻറെ–

സമ്പൽസമൃദ്ധിയുടെ-പ്രതീക്ഷയുടെ കണി യൊരുക്കി സൂര്യൻ-പുതിയ പ്രദക്ഷിണ വഴി യിലേക്ക് നടന്നു നീങ്ങുന്നു. രാവും പകലും തുല്യമാകുന്ന രണ്ടു ദിനങ്ങളിൽ ഒന്ന്.

പ്രഭാതത്തിൽ ഉറക്കമുണർന്ന് ആദ്യം കാണുന്ന കാഴ്ച അനുസരിച്ചായിരിക്കും അന്നത്തെ ഫലം എന്നു വിശ്വസിക്കുന്നവർ ഇന്നും ധാരാളമുണ്ട്. വിഷുവിന് നല്ല കാഴ്ച ആദ്യം കണ്ടാൽ അല്ലെങ്കിൽ വിഷുക്കണി കണ്ടുണരുമ്പോൾ, ആ വർഷത്തിൽ എല്ലാ നന്മകളും ഉണ്ടാകും എന്നാണ് വിശ്വാസം. നല്ല നാളെയെക്കുറിച്ചുള്ള പ്രതിക്ഷകളാണ് ഓരോ വിഷുവും നമുക്ക് സമ്മാനിക്കുന്നത്. വിഷുക്കണി സമ്പത്സമൃദ്ധമായ പ്രകൃതിയുടെ ഓർമക്കാഴ്ച തന്നെയാണെന്ന് പറയാം.

തേച്ചുമിനുക്കിയ ഓട്ടുരുളിയിൽ ഉണക്കലരി, പൊൻനിറമുള്ള കണി വെള്ളരി, ഇരട്ടക്കര മുണ്ട്, വാൽകണ്ണാടി, വാൽകണ്ണാടിയുടെ കഴുത്തിൽ പൊൻമാല, പാദത്തിൽ കൊന്നപ്പൂങ്കുല, കുങ്കുമച്ചെപ്പ്, കൺമഷിക്കൂട്, പൊതിച്ച നാളികേരം, പഴം, താംബൂലം, വെള്ളിനാണയങ്ങൾ, കൊളുത്തിവച്ച നിലവിളക്ക്, ചക്ക, മാങ്ങാ തുടങ്ങിയ വീട്ടുവളപ്പിൽ വിളഞ്ഞ ഫലവർഗങ്ങൾ, കൃഷ്ണ വിഗ്രഹം എന്നിവ ഒത്തു ചേരുന്നതാണ് വിഷുക്കണി. സൂര്യൻ ഉദിക്കുന്നതിന് മുൻപ് തന്നെ കണി കാണണം. അപ്രിയമായതൊന്നും കണ്ണിൽ പെടാതിരിക്കാനായി വഴിയിലെങ്ങും കണ്ണു തുറക്കാതെയാണ് കണികാണാൻ വരിക. കണി കണ്ടു കഴിഞ്ഞാൽ പിന്നെ വിഷുക്കൈനീട്ടം. കുടുംബത്തിലെ കാരണവർ വിഷുക്കണിക്കു ശേഷം നൽകുന്നതാണ് വിഷുക്കൈനീട്ടം.

കാണിക്കാൻ കൊണ്ടുപോകുമ്പോൾ മുത്തശ്ശി പാടിയ പാട്ട് ഇന്നും ഓർമ്മയിൽ ...

""കണി കാണും നേരം കമലാ നേത്രൻറെ
നിറമേറും മഞ്ഞ തുകിൽ ചാർത്തി
കനക കിങ്ങിണി വളകൾ മോതിരം
അണിഞ്ഞു കാണേണം ഭഗവാനേ"

കുട്ടികൾക്ക് അന്ന് മുതിർന്നവർ എല്ലാം കൈനീട്ടം തരുന്നത് ഒരു പതിവായിരുന്നു. വിഷുവിന് നല്ല കൈനീട്ടം ലഭിച്ചാൽ ആ വർഷം നല്ലതായിത്തീരും എന്നായിരുന്നു വിശ്വാസം. കൈനീട്ടം ലഭിക്കുന്നവർക്കെല്ലാം ഐശ്വര്യം ഉണ്ടാകുകയും നൽകുന്നവർക്ക് ഐശ്വര്യം വർധിച്ച് ഇനിയും നൽകാനാകുമെന്നുമാണ് വിശ്വാസം. വിശ്വാസം എന്ത് തന്നെയായിരുന്നാലും അവധികാലത്തു മൂവി കാണുന്നതിനും മറ്റുമുള്ള തുക കിട്ടുമായിരുന്നു. ഇന്നത്തെ കുട്ടികളെ പോലെ അന്ന് വലിയ പോക്കറ്റ് മണിയൊന്നും കുട്ടികൾക്ക് കിട്ടുമായിരുന്നില്ല. അതുകൊണ്ടു തന്നെ വിഷുവിന് വേണ്ടി ഞങ്ങൾ കാത്തിരിക്കുമായിരുന്നു.

വിഷു സദ്യയും ഈ ആഘോഷത്തിന്റെ ഭാഗമാണ്. നാട്ടിലൊക്കെ വിഭവസമൃദ്ധമായ സദ്യ ഉച്ച ഊണിന് ഉണ്ടാകും. ഞാൻ നാട്ടിൽ വിഷുവിന് ഉണ്ടായിരുന്നഒരു ദിവസം ഉച്ച ഊണ് കഴിഞ്ഞ് ഞാനും മക്കളും കൂടി ഉമ്മറത്തിരുന്ന് പത്രം വായിക്കെ.. ഒരു വൃദ്ധ ഗേറ്റ് കടന്നുവന്നു. അവർ നന്നേ ക്ഷീണിച്ചിരുന്നു. ഞാൻ അവരോടു കാര്യം ആരാഞ്ഞു.. എനിക്കു അപ്പിടി അസുഹമാണ് മോനെ .. മരുന്നിനൊന്നും കാശില്ല. നല്ല വിശപ്പുമുണ്ട് ..എന്തെങ്കിലും കിട്ടിയിരുന്നെങ്കിൽ.. അവർ വലിച്ചു കൊണ്ടു കഷ്ടപ്പെട്ടു പറഞ്ഞു.

ഒരു നിമിഷം ഞാൻ ഓർത്തു..ഇന്നു ലോകത്തുള്ളവരെല്ലാം ആർഭാട നിറവിൽ വിഷു ആഘോഷിക്കുന്നു. എല്ലാവരും സമൃദ്ധി കണികാണുവാനും ആഗ്രഹിക്കുന്നു. ഒരു നേരത്തെ അന്നത്തിനു വേണ്ടി എന്റെ മുന്നിൽ നിൽക്കുന്ന ഇവരാണു എന്റെ ഇന്നത്തെ കണി..ഈശ്വരനിശ്ചയം പോലെ.. ഞാൻ ആ അമ്മുമ്മയെ വിളിച്ചിരുത്തി ഭക്ഷണവും കൈനീട്ടമായി മരുന്നിനുള്ള പണവും നൽകി... അപ്പോൾ അവരുടെ മുഖത്തുകണ്ട സ ന്തോഷവും സംതൃപ്തിയും... ഞാൻ കണ്ട വിലപ്പെട്ട വിഷുക്കണി.. ആ മുഖത്ത് കണ്ട സന്തോഷം എനിക്ക് ഇന്നും ഓർക്കാൻ കഴിയും. അങ്ങനെ എത്ര എത്രയോ ആളുകൾ ആണ് ഇല്ലായ്മയിൽ ബുദ്ധിമുട്ടുന്നത്. ഇങ്ങനെ ഉള്ള നല്ല ദിവസങ്ങളിൽ ഒരിത്തിരി സഹായങ്ങൾ മറ്റുള്ളവക്ക് ചെയ്യാൻ കഴിഞ്ഞാൽ അതുതന്നെയാണ് ഒരു പുണ്യകർമ്മം. ഇതിൽപരം സൽപ്രവർത്തി വേറെ കാണില്ല ..നമുക്കു മുന്നിലേക്ക് വരുന്ന ഇങ്ങനെയുള്ള ഈശ്വരന്മാരെ കാണാൻ കഴിഞ്ഞില്ലെങ്കിൽ....അരൂപിയായ സാക്ഷാൽ ഈശ്വരനെ നാം എങ്ങനെ കാണും..

മരിക്കാത്ത ഓർമ്മകളുടെ മാസ്മരികമായ നിർവൃതിയിൽ കഴിഞ്ഞു പോയ ഓരോ വിഷുവും ഓരോ ഓർമ്മകൾ ആണ്. കാലത്തിന്റെ സൂചികൾ പിന്നോട്ട് തിരിച്ച് വെക്കാനുള്ള മാന്ത്രികശക്തി നമ്മുടെ കരങ്ങൾക്കുണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിച്ചു പോവുകയാണ്. അനുഭവങ്ങളുടെ മീനച്ചൂട് മനസ്സിൽ കൊന്നപ്പൂക്കളായി വിരിയുന്നു. പൊന്നും, പൂവും കൊണ്ട് പ്രകൃതിയെഴുതുന്ന മധുര ഗീതം പോലെ ഓരോ കൊന്നയും വർഷം തോറും പൂക്കുന്നു.

ഹൃദയത്തിന്റെ ഭാഷയിൽ എല്ലാവർക്കും ഐശ്വര്യവും സമാധാനവും സമൃദ്ധിയും ഉണ്ടാകാൻ വിഷു ആശംസകൾ നേരുന്നു



# ന്യൂയോർക്ക് സിറ്റി മേയർ സ്ഥാനാർത്ഥിയായി സൊഹ്‌റാൻ മംദാനി രണ്ടാം സ്ഥാനത്ത്



ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി അംഗമായ സൊഹ്‌റാൻ ക്വാമി മംദാനി സിറ്റി മേയർ സ്ഥാനത്തേക്ക് ഡമോക്രാറ്റിക് പ്രൈമറി മത്സരത്തിൽ രണ്ടാം സ്ഥാനത്തെത്തി. മുൻ ഗവർണർ ആൻഡ്രു കോമോ ആണ് ഒന്നാമത്.

ഡെമോക്രാറ്റിക് സോഷ്യലിസ്റ്റായ മംദാനി വാഗ്ദാനം ചെയ്യുന്നത് ജനങ്ങൾക്ക് സമാധാനത്തോടെ ജീവിക്കാൻ സാധിക്കുന്ന സുരക്ഷിതമായ ഇടമാണ്

ചലച്ചിത്ര പ്രവർത്തക മീര നായരുടെയും പ്രൊഫ മഹ്മൂദ് മംദാനിയുടെയും മകനായി 1991ന് ഉഗാണ്ടയിലാണ് സൊഹ്‌റാൻ മംദാനി ജനിച്ചത്.

കൊളോണിയലിസത്തെക്കുറിച്ച് പഠിപ്പിക്കുന്ന കൊളംബിയ യൂണിവേഴ്സിറ്റി പ്രൊഫസറും, ഉഗാണ്ടയിലെ മകെരെരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ചിന്റെ ഡയറക്ടറും, ഉഗാണ്ടയിലെ കമ്പാല ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയുടെ ചാൻസലറുമാണ് പിതാവ് മഹ്മൂദ്. അഞ്ച് വയസ്സുള്ളപ്പോൾ മംദാനി ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിലേക്ക് താമസം മാറി. പിതാവ് കേപ് ടൗണിലെ സർവകലാശാലയിൽ ജോലി ചെയ്തിരുന്നപ്പോൾ അദ്ദേഹം സെന്റ് ജോർജ്ജ് ഗ്രാമർ സ്കൂളിൽ പഠിച്ചു. ഏഴ് വയസ്സുള്ളപ്പോൾ കുടുംബം ന്യൂയോർക്ക് സിറ്റിയിലേക്ക് താമസം മാറി. ബ്രോങ്ക്സ് ഹൈസ്കൂൾ ഓഫ് സയൻസിൽ നിന്നും തുടർപഠനം പൂർത്തിയാക്കി.പിന്നീട് 2014 ൽ മെയ്നിൽ നിന്ന് ആഫ്രിക്കാന സ്റ്റഡീസിൽ ബിരുദം നേടി.

പ്രിവൻഷൻ കൗൺസിലറായും ക്രിക്കറ്റ് കളിക്കാരനായും ന്യൂയോർക്ക് സബ്‌വേ സ്റ്റേഷനുകളിൽ റാപ്പറായും പ്രവർത്തിച്ച ശേഷമാണ് മംദാനിയുടെ രാഷ്ട്രീയ രംഗ പ്രവേശം.വിദ്യാർത്ഥി സംഘടനാ പ്രചാരണങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടാണ് തുടക്കം.ന്യൂയോർക്ക് സിറ്റി അസംബ്ലിക്കകത്തും പുറത്തും തൊഴിലാളിവർഗത്തിനുവേണ്ടി പോരാടി ചെറിയ പ്രായത്തിൽ തന്നെ അദ്ദേഹം ജനമനസ്സുകളിൽ ഇടംനേടി. 450 മില്യൺ ഡോളറിന്റെ കടാശ്വാസം ലഭിക്കുന്നതിന് ടാക്സി ഡ്രൈവർമാരോടൊപ്പം നിരാഹാര സമരം

നടത്തിയതിലൂടെയും സബ്‌വേ സർവീസ് വർദ്ധിപ്പിക്കുന്നതിനും സൗജന്യ ബസ് പൈലറ്റിനും വേണ്ടി സംസ്ഥാന ബജറ്റിൽ 100 മില്യൺ ഡോളറിലധികം നേടിക്കൊണ്ടും സാധാരണക്കാരുടെ ആവശ്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന നേതാവെന്ന പേര് ഇതിനോടകം ഈ 34 കാരൻ നേടിയിട്ടുണ്ട്.

നിലവിൽ ക്വീൻസിലെ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലിയുടെ 36-ാമത് ഡിസ്ട്രിക്റ്റിന്റെ പ്രതിനിധിയാണ്.

അധ്വാനിക്കുന്ന ജനവിഭാഗത്തെ തകർക്കുന്ന ജീവിതച്ചെലവ് നിയന്ത്രിക്കാൻ സർക്കാരിന് സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. വാടക കുറയ്ക്കാനും ലോകോത്തര നിലവാരത്തോടെ പൊതുഗതാഗതം മെച്ചപ്പെടുത്താനും സാധ്യമായതെല്ലാം താൻ വിജയിച്ചാൽ ചെയ്യും.

റെന്റ് കൺട്രോൾഡ് അപ്പാർട്മെന്റുകൾക്ക് 9% വർദ്ധിപ്പിച്ചത് ജനങ്ങളെ അക്ഷരാർത്ഥത്തിൽ വലച്ചു. താൻ മേയർ ആയാൽ, ഈ നിരക്ക് ഉടൻ മരവിപ്പിക്കുകയും, ന്യൂയോർക്കുകാർക്ക് ആവശ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിനും വാടക കുറയ്ക്കുന്നതിനും ലഭ്യമായ എല്ലാ കാര്യങ്ങളും ചെയ്യുമെന്നും മംദാനി വ്യക്തമാക്കി.

തൊഴിലാളി കുടുംബങ്ങൾ ന്യൂയോർക്ക് സിറ്റി വിട്ടുപോകുന്നതിന്റെ പ്രധാന കാരണം ഭവന പ്രതിസന്ധിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അത് മാറണം

പൊതുഗതാഗതം വിശ്വസനീയവും സുരക്ഷിതവും എല്ലാവർക്കും താങ്ങാവുന്നതും ആക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുൻഗണനാ പാതകൾ വേഗത്തിൽ നിർമ്മിക്കുകയും ബസ് ക്യൂ ജമ്പ് സിഗ്നലുകൾ വികസിപ്പിക്കുകയും പ്രത്യേക ലോഡിംഗ് സോണുകൾ നൽകുകയും ചെയ്തുകൊണ്ട് യാത്ര വേഗത്തിലാക്കുമെന്നും മംദാനി പറഞ്ഞു . വേഗതയേറിയതും സൗജന്യവുമായ ബസുകൾ സാധാരണക്കാർ ഏറെക്കാലമായി ആഗ്രഹിക്കുന്ന ഒന്നാണ്.

ന്യൂയോർക്കിലെ 6 ആഴ്ച മുതൽ 5 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ശിശു സംരക്ഷണം നടപ്പിലാക്കുമെന്ന് സൊഹ്‌റാൻ വാഗ്ദാനം ചെയ്തിരിക്കുന്നത് ഏവർക്കും വലിയ ആശ്വാസമാണ്. ചൈൽഡ്കെയർ തൊഴിലാളികൾക്ക് വേതനം വർദ്ധിപ്പിക്കുമെന്നും അദ്ദേഹം ഉറപ്പുനൽകി.

കുറഞ്ഞ വരുമാനമുള്ള തൊഴിലുടമകൾക്ക് ഫലപ്രദമായി സബ്‌സിഡി നൽകണമെന്നും മേയർ ആയി തിരഞ്ഞെടുക്കപ്പെട്ടാൽ, 2030 ആകുമ്പോൾ ന്യൂയോർക്ക് സിറ്റിയിലെ കുറഞ്ഞ കൂലി ●30 ആയി ഉയർത്തുമെന്നും അദ്ദേഹം പറഞ്ഞു.

കുഞ്ഞുങ്ങൾ പിറക്കുമ്പോൾ ഡയപ്പറുകൾ, ബേബി വൈപ്പുകൾ, നഴ്സിംഗ് പാഡുകൾ, പ്രസവാനന്തര പാഡുകൾ, സ്വാഡിൽസ്, പുസ്തകങ്ങൾ എന്നിവയുൾപ്പെടെ അവശ്യവസ്തുക്കൾ അടങ്ങിയ കിറ്റ് സൗജന്യമായി നൽകും. നവജാതശിശു ഭവന സന്ദർശന പരിപാടി വഴി മുലയൂട്ടൽ, പ്രസവാനന്തര വിഷാദം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരിക്കും. പ്രസവാനന്തര മാതൃമരണത്തെ ചെറുക്കുന്നതിനും സർക്കാരിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ സാധിക്കുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു.


2025-ൽ, ട്രംപ് ഭരണകൂടത്തിന്റെയും മേയർ എറിക് ആഡംസിന്റെയും കുടിയേറ്റ നയത്തിനും ട്രാൻസ്ജെൻഡർ അമേരിക്കക്കാർക്കെതിരായ ഫെഡറൽ നയത്തിനും എതിരെ പ്രതിഷേധിച്ച് യൂണിയൻ സ്ക്വയറിൽ നടന്ന റാലിയിൽ പ്രത്യക്ഷപ്പെട്ട ഒരേയൊരു മേയർ സ്ഥാനാർത്ഥി മംദാനി ആയിരുന്നു. കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ കൂടുതൽ പൊലീസുകാരും ജയിലുകളുമല്ല വേണ്ടത്, മാന്യമായ ജോലിയും സാമ്പത്തിക സ്ഥിരതയും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയുമാണ് വേണ്ടതെന്നാണ് അദ്ദേഹത്തിന്റെ പക്ഷം.


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208



MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# അരനൂറ്റാണ്ട് പാരമ്പര്യമുള്ള ന്യൂയോർക്ക് കേരളാ സമാജം മുൻ പ്രസിഡന്റുമാരുടെ പ്രസിഡന്റ്സ് ഫോറം രൂപീകരിക്കുന്നു.



**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: അഞ്ചു പതിറ്റാണ്ടിലധികം പ്രവർത്തി പരിചയമുള്ള കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് എന്ന സംഘടനയ്ക്ക് ജന്മം നൽകി കൈപിടിച്ച് നടത്തി അൻപത്തിരണ്ട് വയസ്സുവരെ വളർത്തിയ പ്രസിഡന്റുമാരുടെ അപൂർവ്വ സംഗമം വേറിട്ടൊരനുഭവമായി. 1972-ലെ സ്ഥാപക പ്രസിഡന്റായ പ്രൊഫ. ഡോ. ജോസഫ് ചെറുവേലി മുതൽ 2024-ലെ അൻപത്തിരണ്ടാമത് പ്രസിഡന്റ് സിബി ഡേവിഡ് വരെയുള്ള പ്രസിഡന്റുമാരിൽ, മരണപ്പെട്ടവരും അന്യ സംസ്ഥാനങ്ങളിലേക്ക് കുടിയേറിയവരുമായ ഏതാനും പ്രസിഡൻറ്മാരോഴികെ മറ്റ് എല്ലാവരും ഒത്തുകൂടിയപ്പോൾ അത് മറ്റൊരു ചരിത്ര മുഹൂർത്തമായിരുന്നു.

കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് എന്ന മഹത്തായ സംഘടനയെ ആരംഭം മുതൽ വളർത്തി ന്യൂയോർക്ക് കുടിയേറ്റ മലയാളീ സമൂഹത്തിൻറെ അഭിമാനകരമായ പ്രസ്ഥാനമാക്കി മാറ്റുകയും അതിലൂടെ മറ്റു പല സംഘടനകളുടെ വിവിധ തലങ്ങളിലേക്കും തലപ്പത്തേക്ക് വരെയും വളർത്തപ്പെട്ടവരുമായ നേതാക്കളാണ് സമാജം മുൻ പ്രസിഡന്റുമാരുടെ ശ്രേണിയിൽ ഇന്നുള്ളത്. വർഷങ്ങളായി ഈ സംഘടനയുടെ വളർച്ചക്കായി സ്വയം അർപ്പിക്കപ്പെടുകയും സ്വന്തം സമയവും, ആരോഗ്യവും, സമ്പത്തും ചിലവഴിക്കുകയും ചെയ്ത മുൻ പ്രസിഡൻറ്മാരെ ആദരിക്കണം എന്നും അവർക്കായി ഒരു ഫോറം രൂപീകരിക്കണം എന്നും നിലവിലെ പ്രസിഡൻറ് സജി എബ്രഹാമിന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിക്ക് ആഗ്രഹം തോന്നിയതിനാലാണ് ഇത്തരമൊരു കൂട്ടായ്മക്ക് വേദി ഒരുക്കിയത്.

പ്രസിഡന്റ്സ് ഫോറം രൂപീകരണത്തിനായി കൂടിയ ആലോചനാ യോഗത്തിൽ നിലവിലെ സമാജം പ്രസിഡൻറ് സജി എബ്രഹാം അദ്ധ്യക്ഷത വഹിക്കുകയും സെക്രട്ടറി മാത്യുക്കുട്ടി ഈശോ ഏവർക്കും യോഗത്തിലേക്ക് സ്വാഗതം ആശംസിക്കുകയും ചെയ്തു. ട്രസ്റ്റീ ബോർഡ് ചെയർമാൻ വിൻസെൻറ് സിറിയക്ക്, ട്രഷറർ വിനോദ് കെയാർക്കെ, വൈസ് പ്രസിഡൻറ് ബെന്നി ഇട്ടിയേറ എന്നിവർ മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളോടൊപ്പം യോഗത്തിന് നേതൃത്വം നൽകി. സമാജത്തിൻറെ മുൻകാലങ്ങളിൽ പ്രസിഡന്റായി പ്രവർത്തിക്കുകയും മരണം വഴിയായി ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടതുമായ മുൻ പ്രസിഡന്റുമാരുടെ ഓർമ്മയ്ക്ക് മുൻപിൽ ഒരു നിമിഷം സ്മരണാഞ്ജലി അർപ്പിച്ച് യോഗം ആരംഭിച്ചു. സമാജത്തിൽ ഒരു പ്രസിഡന്റ്സ് ഫോറം രൂപീകരിക്കേണ്ടത്തിന്റെ ആവശ്യകതയും മുൻ പ്രസിഡന്റുമാരുടെ ഉപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സമാജത്തിന്റെ മുമ്പോട്ടുള്ള പ്രവർത്തനത്തിന് എത്രമാത്രം പ്രയോജനപ്പെടും എന്ന ആശയവും പ്രസിഡൻറ് സജി തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു.

സംഘടനയിലെ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചതിനു ശേഷം പ്രസിഡൻറ് പദവിയിലെത്തിയാൽ പിന്നീട് മറ്റൊരു അഞ്ചു വർഷം ട്രസ്റ്റീ ബോർഡ്

അംഗമായി പ്രവർത്തിക്കുക എന്നതാണ് സംഘടനയുടെ ഭരണഘടനാപ്രകാരമുള്ള പതിവ്. അങ്ങനെ സംഘടനയുടെ സർവ്വതോന്മുഖ വളർച്ചക്കായി പ്രസിഡൻറ് പദവിയിലെത്തുന്നവർ എട്ടും പത്തും വർഷങ്ങൾ പ്രവർത്തിക്കുന്നു എന്നതാണ് പ്രത്യേകത. അതിനു ശേഷം ചുരുക്കം ചിലർ ഒഴികെ പലരും സംഘടനയുടെ സജീവമായ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുന്ന പ്രവണതയാണ് കാണാറുള്ളത്. അതിനു വിരാമം കുറിയ്ക്കുന്നതിനും മുൻകാലങ്ങളിൽ പ്രസിഡന്റുമാരായി പ്രവർത്തിച്ച പരിണിതപ്രജ്ഞരായ നേതാക്കളുടെ സാന്നിദ്ധ്യവും സഹകരണവും മാർഗ്ഗനിർദ്ദേശങ്ങളും മുമ്പോട്ടുള്ള പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുമാണ് ഇത്തരമൊരു ഫോറം രൂപീകരിക്കുന്നത്.

മുൻകാലപ്രസിഡന്റുമാരായ പ്രൊഫ. ജോസഫ് ചെറുവേലിൽ (1972), ബാബു പി തോമസ് (1987), ചെറിയാൻ പാലത്തറ (1991), ഷാജു സാം (1994, 2017), ജോസ് ചുമ്മാർ (2002), പ്രിൻസ് മാർക്കോസ് (2003), ലീലാ മാരേട്ട് (2004), ചാക്കോ കോയിക്കലത്ത് (2005), പോൾ കറുകപ്പിള്ളിൽ (2007), വർഗ്ഗീസ് പോത്താനിക്കാട് (2008, 2018), വിനോദ് കെയാർക്കെ (2009), വിൻസെന്റ് സിറിയക്ക് (2010, 2019, 2020), സണ്ണി പണിക്കർ (2011), വർഗ്ഗീസ് ലൂക്കോസ് (2013), തോമസ് ശാമുവേൽ (2015), ഡോ. ജേക്കബ് തോമസ് (2016), വർഗ്ഗീസ് കെ ജോസഫ് (2021), പോൾ പി ജോസ് (2022), ഫീലിപ്പോസ് കെ ജോസഫ് (2023), സിബി ഡേവിഡ് (2024) എന്നിവർ യോഗത്തിൽ പങ്കെടുക്കുകയും, പുതിയ ഉദ്യമത്തെ പ്രശംസിച്ച് എല്ലാവിധ പിന്തുണ അറിയിക്കുകയും ചെയ്തു.

മെയ് മാസം 3 ശനിയാഴ്ച വൈകിട്ട് 6 മണിക്ക് ഫ്ലോറൽ പാർക്കിലുള്ള ടൈസൺ സെന്ററിൽ വച്ച് നടത്തപ്പെടുന്ന കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിൻറെ പ്രവർത്തനോദ്ഘാടനവും വിഷു-ഈസ്റ്റർ ആഘോഷത്തോടുമനുബന്ധിച്ച് പ്രസിഡന്റ്സ് ഫോറം രൂപീകരണം ഔദ്യോഗികമായി നടത്തപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: (1) സജി എബ്രഹാം, പ്രസിഡന്റ് (9176173959); (2) മാത്യുക്കുട്ടി ഈശോ, സെക്രട്ടറി (516 4558596); (3) വിനോദ് കെയാർക്കെ, ട്രഷറർ (5166335208)







# അമേരിക്കൻ അതിഭദ്രാസനം: ഇൻഡ്യൻ ഫുഡ് ഫെസ്റ്റിവൽ മെയ് 31ന്




**ബിജു ചെറിയാൻ, ന്യൂയോർക്ക്**

ന്യൂയോർക്ക്: സിറിയൻ ഓർത്തഡോക്സ് സഭയുടെ അമേരിക്ക-കാനഡ അതിഭദ്രാസനത്തിൽ ആഭിമുഖ്യത്തിൽ മെയ് 31-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്ന വിപുലമായ ഇൻഡ്യന് ഫുഡ് ഫെസ്റ്റിവലിന്റെ ഒരുക്കങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നതായി ഭാരവാഹികൾ അറിയിച്ചു. ഭദ്രാസനത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഭക്തസംഘടനകളുടെയും എല്ലാ ഇടവകകളുടെയും സഹകരണത്തിലും നേതൃത്വത്തിലുമായി നടത്തുന്ന ഫുഡ് ഫെസ്റ്റിവൽ 2024-ൽ വിജയകരമായി നടത്തിയിരുന്നു. ഇൻഡ്യൻ ഫുഡ് ഫെസ്റ്റിവലിൽ രുചികരമായ ഇൻഡ്യൻ-അമേരിക്കൻ ഭക്ഷണവിഭവങ്ങൾ, വൈവിധ്യമാർന്ന ഇൻഡ്യൻ വസ്ത്രശേഖരങ്ങൾ, ആകർഷകങ്ങളായ ആഭരണ ശൃംഖല, മേഹന്ദി ഡിസൈനുകളും വർക്കുകളും, പൂച്ചെടികൾ, കേരള പച്ചക്കറി തൈകൾ എന്നിവയുടെ എല്ലാം പ്രദർശനങ്ങളും വിപണിയും ഉൾപ്പെടുത്തിയിട്ടുണ്ട്. വിനോദത്തിനും ഉല്ലാസത്തിനുമായി വിവിധ കലാപരിപാടികൾ എന്നിവയും അരങ്ങേറും. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ഏകദിന ഭക്ഷണ ഉൽസവമേള വൈകുന്നരം 5 മണിക്ക് അവസാനിക്കും. ലൈവായി പാചകം ചെയ്യുന്ന പ്രഭാത ഭക്ഷണങ്ങൾ, ഉച്ചഭക്ഷണ വിഭവങ്ങൾ എന്നിവ ഇൻഡ്യൻ-അമേരിക്കൻ രുചികളിൽ ലഭ്യമാകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.



അമേരിക്കൻ അതിഭദ്രാസന ഭാരവാഹികൾക്കൊപ്പം തെരഞ്ഞെടുക്കപ്പെട്ട കോർഡിനേറ്റർമാർ, കോർ കമ്മറ്റിയംഗങ്ങൾ, വിവിധ കമ്മിറ്റിയുടെ ചുമതലക്കാർ തുടങ്ങിയ വിപുലമായ ടീമാണ് ഇൻഡ്യൻ ഫുഡ് ഫെസ്റ്റിവലിന്റെ ഉജ്ജ്വല വിജയത്തിനായി പ്രവർത്തിച്ചുവരുന്നത്.

മലങ്കര അമേരിക്കൻ എക്സ്ട്രാ വേഗൻസാ -ങഅഋ 2025 ന്റെ മുഖ്യ കോർഡിനേറ്റർമാരായി ശ്രീ.മാത്യൂസ് മഞ്ച, ശ്രീമതി റീബാ ജേക്കബ്, ശ്രീ. ജിൻസ് മാത്യു എന്നിവർ വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

റവ.ഫാ.ഡോ.ജെറി ജേക്കബ്(ഭദ്രാസന സെക്രട്ടറി), അഡ്വ.ശ്രീ.ജോജി കാവനാൽ(ഭദ്രാസന ട്രഷറർ), കോർ കമ്മിറ്റിയംഗങ്ങളായി റവ.ഫാ.പോൾ തോട്ടക്കാട്ട്, ശ്രീമതി ലിസി തോമസ്, ശ്രീമതി. മഞ്ചു തോമസ്, ശ്രീ.രാജു ഏബ്രഹാം,

ശ്രീ.സാജു പൗലൂസ്, ശ്രീമതി സാലി ജെബിൻ, ശ്രീമതി ഷാന ജോഷ, റവഡീക്കൻ.സുബിൻ ഷാജി, ശ്രീ. ബിജു ചെറിയാൻ, ശ്രീ. സാബു സ്കറിയ, ശ്രീ. സ്ലീബാക്കുഞ്ഞ് മത്തായി തുടങ്ങിയവരോടൊപ്പം വിവിധ ഇടവകകളിൽ നിന്നുള്ള കമ്മിറ്റി ഭാരവാഹികൾ, മർത്തമറിയം വനിതാസമാജം, സെന്റ് പോൾസ് ഫെല്ലോഷിപ്പ് ഭാരവാഹികൾ എന്നിവരും വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ബാങ്കിംഗ്, റിയൽ എസ്റ്റേറ്റ്, മോർട്ട്ഗേജ് സംരംഭകർ, ലോ ഓഫീസുകൾ, ഇൻഡ്യൻ ഭക്ഷണ റെസ്റ്റോറന്റുകൾ, ട്രാവൽ ആന്റ് ടൂറിസം ഗ്രൂപ്പുകൾ, മെഡിക്കൽ പ്രൊഫഷണൽ സ്ഥാപനങ്ങൾ, മെഡിക്കൽ ഫാർമസി ഗ്രൂപ്പുകൾ, സൂപ്പർമാർക്കറ്റുകൾ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹകരണങ്ങളും സഹായങ്ങളും ഉൽസവ മേളയുടെ സാമ്പത്തിക സ്ത്രോതസ്സായി ലഭ്യമായിട്ടുണ്ട്. വൈവിധ്യമാർന്ന ഈ പരിപാടികളിൽ പങ്കാളികളാകുവാനും പങ്കെടുക്കുവാനും ഏവരേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.

1960 കളും ആരംഭത്തിൽ അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറ്റം ആരംഭിച്ചു മലയാളി സമൂഹത്തിൽ ഉൾപ്പെടെ യാക്കോബായ സുറിയാനി ഓർത്തഡോക്സ് വിശ്വാസികൾ തങ്ങളുടെ പൂർവ്വിക വിശ്വാസങ്ങളുടെ പാരമ്പര്യവും കാത്തുപരിപാലിക്കുവാൻ ആരംഭിച്ച വിവിധ സ്ഥലങ്ങളിലെ കൂട്ടായ്മകൾ പിൽക്കാലത്ത് കോൺഗ്രിഗേഷനും ഇടവകകളുമായി രൂപം പ്രാപിച്ചു. സിറിയൻ ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസന ചുമതല നിർവ്വഹിച്ചിരുന്ന പുണ്യശ്ലോകനായ യേശു മോർ അത്താനാസിയേസ് ആർച്ച് ബിഷപ്പിന്റെ ആത്മീക നേതൃത്വത്തിൽ ദിനം പ്രതി വളർന്നുകൊണ്ടിരുന്ന മലയാളി സമൂഹത്തിനായി 'മലങ്കര ആർച്ച് ഡയോസിസ് ഓഫ് ദി സിറിയൻ ഓർത്തഡോക്സ് ചർച്ച് ഇൻ നോർത്ത് അമേരിക്ക കാനഡ' എന്ന അതിഭദ്രാസനം രൂപീകരിച്ചുകൊണ്ട് കാലം ചെയ്ത മോറാൻ മോർ ഇഗ്നാത്തിയോസ് സാഖ പ്രഥമൻ ബാവ കൽപ്പന പുറപ്പെടുവിച്ചു.

1993 മുതൽ 2004 വരെ വിവിധ മലയാളി മെത്രാപ്പോലീത്തമാർ ഈ ഭദ്രാസന മെത്രാപ്പോലീത്താമാരായി ശുശ്രൂഷകൾ നിർവ്വഹിച്ചു. 2004 ജനുവരി മാസത്തിൽ ഇപ്പോഴത്തെ ഭദ്രാസനാധിപരും പാത്രിയർക്കാ പ്രതിനിധിയുമായി ആർച്ച് ബിഷപ്പ് യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത ചുമതലയേറ്റ് ശുശ്രൂഷ നിർവ്വഹിച്ചു വരുന്നു. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ദൈവീക പരിപാലനത്തിലും ശുശ്രൂഷയിലും വളരുവാൻ ഈ ഭദ്രാസനത്തിന് കഴിഞ്ഞത് മോർ തീത്തോസ് മെത്രാപ്പോലീത്ത തിരുമനസ്സിന്റെ ദീർഘവീക്ഷണത്തിന്റേയും, അക്ഷീണ പരിശ്രമത്തിന്റേയും എല്ലാറ്റിലുമുപരി ദൈവാശയത്തിലൂന്നിയ പ്രവർത്തനങ്ങളുടേയും ഫലമായിട്ടാണ്. അമേരിക്കയിലും കാനഡയിലുമായി ഇടവക ദൈവാലയങ്ങളും കോൺഗ്രിഗേഷനുമായി 81 പള്ളികളിൽ വിശ്വാസികൾ ആരാധിച്ചുവരുന്നു.

കോറെപ്പിസ്ക്കോപ്പമാരും വൈദീകരുമായി 81 പട്ടക്കാർ ഈ ഭദ്രാസനത്തിൽ ആത്മീക ശുശ്രൂഷ നിർവ്വഹിക്കുന്നു. പുതുതലമുറയിൽ നിന്നുള്ള 40 ശെമ്മാശൻമാരും വൈദീക ശുശ്രൂഷയിലേക്കുള്ള പാതയിൽ ഭദ്രാസനത്തിൽ പ്രവർത്തിക്കുന്നുണ്ട്.

മെയ് 31-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ 5 മണിവരെ ഭദ്രാസന ആസ്ഥാന കേന്ദ്രത്തിലെ വിശാലമായ കോമ്പൗണ്ടിൽ വെച്ച് നടത്തപ്പെടുന്ന ഇൻഡ്യൻ ഫുഡ്ഫെസ്റ്റ് 2025 ലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിക്കുന്നു.

വിലാസം

മലങ്കര ആർച്ച് ഡയോസിസ് ഹെഡ്കോർട്ടേഴ്സ് കോപ്ലക്സ്,<br>
236 ഓൾഡ് ടാപ്പൻ റോഡ്,<br>
ഓൾഡ് ടാപ്പൻ,<br>
ന്യൂജേഴ്സി-07675

കൂടുതൽ വിവരങ്ങൾക്ക്<br>
മാത്യൂസ് മഞ്ച(കോർഡിനേറ്റർ)-(201) 3173442<br>
റീബ ജേക്കബ്(കോർഡിനേറ്റർ)-(484)7444770<br>
ജിൻസ് മാത്യു(കോർഡിനേറ്റർ)-(845) 7295649<br>
റവ.ഫാ.ഡോ.ജെറി ജേക്കബ്<br>
(ഭദ്രാസന സെക്രട്ടറി)-(845) 5199669<br>
അഡ്വക്കേറ്റ്.ജോജി കാവനാൽ<br>
(ഭദ്രാസന ട്രഷറർ): (914) 4095385

വാർത്ത : ബിജു ചെറിയാൻ<br>
(ടീം പി.ആർ.ഓ. MAE 2025



# JOYFUL HOME CARE

Caring for your loved ones with a joyful spirit

**With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us**

24/7 Service Available

631-737-1000

**MAIN OFFICE:**
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com www.joyfulhomecare.com

**QUEENS OFFICE:**
201-16 Hillside Ave, Hollis, NY 11423

*Joy Mekkatte, CEO*

SERVING SUFFOLK NASSAU AND QUEENS COUNTY

JOYFUL CAREER CENTER

# JOYFUL CAREER CENTER

Joyful Career Center is a DOE-licensed school

**Do you want to change your Caregiver from PA to PCA?**

Apply Online or Call Today!

www.joyfulcareercenter.com
info@joyfulcareercenter.com

*PCA, HHA & CNA CERTIFICATION PROGRAM*

631-935-0440
1344 Middle Country Rd
Centereach, NY 11720

# കോടതി ഗവർണർമാരുടെ ചീട്ടു കീറിയോ?



ജോസ് കാടാപുറം

ഇന്ത്യയുടെ ജനാധിപത്യ ചരിത്രത്തിലെ അതിനിർണ്ണായകമായ വിധി. ഉന്നത നീതിപീഠത്തിൽനിന്നു വന്നിരിയ്ക്കുന്നു. രാജ്യത്തെ ഒന്നിപ്പിച്ചുനിർത്തുന്ന ഫെഡറലിസത്തെ തകർക്കുന്ന ഗവർണർമാരോട് സുപ്രീംകോടതി അർത്ഥശങ്കക്കിടയില്ലാതെ വ്യക്തമാക്കിയിരിയ്ക്കുന്നു .

തിരഞ്ഞെടുക്കപ്പെട്ട നിയമസഭയ്ക്ക് വിധേയമായിമാത്രം പ്രവർത്തിയ്ക്കുക . സഭ പാസാക്കിയ ബില്ല് മൂന്നുമാസത്തിനുള്ളിൽ ഭരണഘടന പറയുന്നപ്രകാരം മാത്രം തിരുമാനിയ്ക്കണം എന്നും വ്യക്തമാക്കിയിരിയ്ക്കുന്നു.. സംസ്ഥാന സർക്കാരുകളെ സാമന്ത ഭരണകൂടമായിമാത്രം കാണുക എന്നത് കോൺഗ്രസ്സ് സർക്കാരുകളാണ് തുടങ്ങിവെച്ചത് .

ബിജെപി സർക്കാർ ഏറ്റവും മോശമായി രീതിയിൽ ഇത് തുടർന്നുവരുന്നു. അന്തിമമായി രാജ്യം ഒരു ആഭ്യന്തര യുദ്ധത്തിലേയ്ക്കും വിഭജനത്തിലേയ്ക്കുമാണ് ഭാവിയിൽ ചെന്നെത്തുക . ഈ വിധിയോ ഭ്രാന്തൻ നയത്തിനെതിരെയുള്ള കേരളസർക്കാരിന്റെ കേസ് സുപ്രീംകോടതിയിൽ നിലനിൽക്കുകയാണ്.ആ കേസിലും ഇത്തരം ഒരു വിധിതന്നെയായിരിയ്ക്കും ഭരണഘടനാനുസൃതമായി വരികയുള്ളു എന്ന് പ്രത്യാശിയ്ക്കാം . അങ്ങനെ ഇന്ത്യ ഒരു യൂണിയനായി നിലനിൽക്കുമെന്നും ഈ വിധി രാജ്യസ്നേഹികൾക്ക് ആശ്വാസം നൽകുന്നു .



മോദി സർക്കാർ അധികാരത്തിൽ വന്നശേഷം ഗവർണർ പദവിക്കുണ്ടായ നിലവാരത്തകർച്ചയുടെ ആഴം വ്യക്തമാക്കുന്നതാണ് ചൊവ.. ചൊവ്വാഴ്ച സുപ്രീംകോടതിയിൽനിന്നുണ്ടായ വിധിന്യായം. സംസ്ഥാന ഭരണത്തിന്റെ ഭരണഘടനാതലവൻ എന്ന ...പദവി മറന്ന് കേന്ദ്ര സർക്കാരിന്റെ ഏജന്റിനെപ്പോലെയാണ് ഗവർണർമാർ പ്രവർത്തിക്കുന്നത്. പ്രതിപക്ഷം .പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എങ്ങനെ ഭരണം സ്തംഭിപ്പിച്ച് കേന്ദ്രഭരണകക്ഷിക്ക് സ്വാധീനമുറപ്പിക്...വഴിയൊരുക്കാമെന്ന ഗവേഷണത്തിലാണ് അവർ ഏർപ്പെട്ടിരുന്നത്. തമിഴ്നാട്ടിലെ ആർ എൻ രവിയും കേരളത്തിലെ മുൻ ഗവർണർ ആരിഫ് മൊഹമ്മദ് ഖാനും ഡൽഹിയിലെ ലഫ്. ഗവർണർ വിനയ്കുമാർ സക്സേനയും മറ്റും ഇക്കാര്യത്തിൽ കുപ്രസിദ്ധരാണ്.

എന്നാൽ, സംസ്ഥാന നിയമസഭകൾ പാസാക്കുന്ന ബില്ലുകൾക്ക് അംഗീകാരം നൽകുന്നത്



അനന്തമായി നീട്ടിക്കൊണ്ടുപോകാൻ എന്നാൽ, സംസ്ഥാന നിയമസഭകൾ പാസാക്കുന്ന ബില്ലുകൾക്ക് അംഗീകാരം നൽകുന്നത് അനന്തമായി നീട്ടിക്കൊണ്ടുപോകാൻ ഗ...ബില്ലുകൾ ഗവർണർ തടഞ്ഞുവച്ചതിനെതിരെ തമിഴ്നാട്ടിലെ ഡിഎംകെ സർക്കാർ നൽകിയ ഹർജിയിലാണ് ഈ സുപ്രധാന വിധി. ഗവഗവർണർ തടഞ്ഞുവച്ച 10 ബില്ലും പാസായതായി ഉത്തരവിലൂടെ വ്യക്തമാക്കിയ കോടതി ബില്ലുകളിൽ രാഷ്ട്രപതിയുടെ നടപടികൾപോലും അസാധുവാക്കി. ഗവർണർമാരുടെ ഒപ്പില്ലാതെതന്നെ ബില്ലുകൾക്ക് അംഗീകാരം നൽകുകയെന്ന കടുത്ത നടപടിയിലേക്ക് കോടതിക്ക് കടക്കേണ്ടിവന്നത് ഗവർണറുടെ ഭരണഘടനാവിരുദ്ധ നടപടികളാണെന്ന കാര്യത്തിൽ സംശയമില്ല. ഇതിലൂടെ ഗവർണർ സ്ഥാനത്ത് തുടരാനുള്ള ആർ എൻ രവിയുടെ അർഹതയെത്തന്നെയാണ് കോടതി ചോദ്യം ചെയ്തത്. സാധാരണ പരമോന്നത കോടതിയിൽനിന്നുണ്ടാകുന്ന ഇത്തരം താക്കീതുകളും ശാസനകളും ആ വ്യക്തിയുടെ രാജിയിലാണ് കലാശിക്കാറുള്ളതെന്ന് "ദ ഹിന്ദു" ദിനപത്രം മുഖപ്രസംഗത്തിൽ ഓർമിപ്പിച്ചു. എന്നാൽ, ഭരണഘടനയുടെ കാവലാൾ എന്നതിനേക്കാൾ കേന്ദ്ര ഭരണകക്ഷിയുടെ ഏജന്റായി പ്രവർത്തിക്കുന്ന തമിഴ്നാട് ഗവർണറിൽനിന്ന് അത്തരമൊരു നടപടി ആരും പ്രതീക്ഷിക്കുന്നില്ല.

മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞതുപോലെ ഫെഡറൽ സംവിധാനത്തെയും നിയമസഭയുടെ ജനാധിപത്യ അവകാശത്തെയും ഉയർത്തിപ്പിടിക്കുന്നതാണ് ഈ വിധിന്യായം. ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കാരണങ്ങളാൽ ഗവർണർ മാർഗതടസ്സം സൃഷ്ടിക്കുന്നത് സത്യാപ്രതിജ്ഞാലംഘനമാണെന്ന് പറയാനും കോടതി മടിച്ചില്ല. തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ അഭിപ്രായപ്പെട്ടതുപോലെ ഈ വിധി തമിഴ്നാടിനു മാത്രമല്ല എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകണം. അങ്ങനെവന്നാൽ മുൻ ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ തടഞ്ഞുവച്ച ബില്ലുകളിലും ഉടൻ തീരുമാനമുണ്ടാകും. ഫെഡറൽ തത്വങ്ങൾ ശക്തിപ്പെടുത്തുന്നതും കേന്ദ്ര സംസ്ഥാന ബന്ധങ്ങളെ ആഴത്തിൽ സ്വാധീനിക്കുന്നതും സംസ്ഥാനങ്ങളുടെ ഭരണപരമായ സ്വയംഭരണത്തെ സ്വയംഭരണത്തെ പ്രോത്സാഹിപ്പിക്കുന്നതുമാണ് ഈ വിധിന്യായം. മോദി സർക്കാർ അധികാരത്തിൽ വന്നശേഷം തുടർച്ചയായി അട്ടിമറിക്കപ്പെടുന്ന ഭരണഘടനാ തത്വങ്ങൾ ഉയർത്തിപ്പിടിച്ച വിധിന്യായംകൂടിയാണ് ഇത്. രാജ്ഭവനുകൾ സുതാര്യമായും കൂട്ടുത്തരവാദിത്വത്തോടെയും പ്രവർത്തിക്കണമെന്ന സന്ദേശമാണ് സുപ്രീംകോടതി നൽകിയത് .. ഗവർണ്ണർ പദവി എന്തിനാണ്?

ഒരു സംസ്ഥാനത്ത് പ്രത്യേകിച്ച് ഒരു പ്രയോജനവുമില്ലാതെ കോടികൾ ചെലവഴിച്ച് റിട്ടയർമെന്റ് പ്രായത്തിൽ ആർഭാട ജീവിതം നയിക്കാൻ വേണ്ടി ഇത്തരമൊരു പദവിയുടെ ആവശ്യമില്ല. ജനാധിപത്യ രീതിയിൽ തെരെഞ്ഞെടുക്കപ്പെടുന്ന സർക്കാരിനെ നിയന്ത്രിക്കാൻ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ മന്ത്രിസഭയും ഉണ്ട്. ഭരണപക്ഷത്തെ അനീതി ചോദ്യം ചെയ്യാൻ പ്രതിപക്ഷമുണ്ട്. ജനപക്ഷത്ത് നിന്ന് സർക്കാരിനെയും പ്രതിപക്ഷത്തെയും വിലയിരുത്താനും വിമർശിക്കാനും മാധ്യമങ്ങൾ (കുപ്പിക്കും കോഴിക്കാലിനും വേണ്ടി പണിയെടുക്കുന്ന മാപ്രകളല്ല) ഉണ്ട്. ഇത്രയും സംവിധാനങ്ങൾ ജനാധിപത്യ വ്യവസ്ഥിതിയുള്ള ഈ രാജ്യത്ത് ഉള്ളപ്പോൾ ഇത്തരത്തിലുള്ള ഒരു പദവി ഇവിടെ ആവശ്യമില്ല.

ഇനി കേന്ദ്ര ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റുകളും തമ്മിൽ ഉണ്ടാകേണ്ട ഭരണപരമായ കാര്യങ്ങൾക്ക് വേണ്ടി ഒരു മധ്യസ്ഥന്റെ ആവശ്യമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ ഒരു കഅട ഓഫീസറുടെ ആവശ്യം മാത്രമേ വേണ്ടി വരുന്നുള്ളു. അയാൾക്ക് വേണ്ടി ഒരു ഓഫീസും ഡ്രൈവർ ഉൾപ്പടെ 5 ഓഫീസ് സ്റ്റാഫും മതിയാകും. ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കാം. ധനപരമായ ചെലവുകൾക്ക് ഔറശശേഴ ഉം വകുപ്പുണ്ട്.

സത്യത്തിൽ ഇതല്ലേ വേണ്ടത്?

അങ്ങനെ ആ തർക്കം തീർപ്പായി. തെരഞ്ഞെടുക്കപ്പെട്ട നിയമസഭയ്ക്കോ അതിനോട് ഉത്തരവാദിത്വപ്പെട്ട ക്യാബിനറ്റിനുമാണോ പാർലമെന്ററി വ്യവസ്ഥയിൽ അധികാരം? അതോ, കേന്ദ്ര സർക്കാർ നിയോഗിക്കുന്ന ഗവർണർ എന്ന സംസ്ഥാന സർക്കാരിന്റെ ഔപചാരിക തലവനോ? ഭരണഘടന സ്വതന്ത്രമായ അധികാരം നിർണയിച്ചു നൽകിയിട്ടുള്ള കാര്യങ്ങളിലൊഴികെ ബാക്കിയെല്ലായിടത്തും ഗവർണർ മന്ത്രിസഭയുടെ ഉപദേശപ്രകാരമാണ് പ്രവർത്തിക്കേണ്ടതെന്ന് സുപ്രിംകോടതി വിധിച്ചിരിക്കുകയാണ്.

ഈ തർക്കം എവിടെവരെ എത്തിയിരുന്നുവെന്ന് ആലോചിച്ചുനോക്കൂ. കേരള ഗവർണർ ആരിഫ് ഖാൻ ചെയ്തത് 23 മാസം തീരുമാനമെടുക്കാതെ ബില്ല് വച്ചുതാമസിപ്പിക്കുക എന്നതായിരുന്നു. അതും യൂണിവേഴ്സിറ്റി ഭരണത്തിൽ സ്വന്തം ചാൻസലർഷിപ്പിനെ ബാധിക്കുന്ന നിയമം. താല്പര്യവൈരുദ്ധ്യത്തിന്റെ ഒരു വീണ്ടുവിചാരംപോലും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. തമിഴ്നാട് ഗവർണർ ഒരുപടികൂടി കടന്ന് താൻ അനുവാദം നിഷേധിച്ചാൽ അതിന് അർത്ഥം ആ ബില്ലിന്റെ കഥ അവസാനിച്ചുവെന്നുവരെ സ്വയം പ്രഖ്യാപിച്ചു. പാർലമെന്റ് വ്യവസ്ഥയുടെ അന്ത്യമായിരുന്നേനെ അത്. ഇന്നിപ്പോൾ കോടതി അത്തരം ബില്ലുകളെല്ലാം അംഗീകാരം ലഭിച്ചതായി കരുതാമെന്നു വിധിച്ചിരിക്കുകയാണ്.

ഗവർണർമാരുടെ ചെയ്തികളെ മുഴുവൻ ന്യായീകരിച്ചിരുന്നവരാണ് കേരളത്തിലെ മാധ്യമങ്ങൾ. റിപ്പോർട്ട് ചെയ്യുന്നത് മനസിലാക്കാം. പക്ഷേ, ഗവർണറുടെ നിലപാടിനുവേണ്ടി കാമ്പയിൻ ചെയ്യുന്നതോ? പ്രതിപക്ഷനേതാവുപോലും ഗവർണർക്കൊപ്പമായിരുന്നു. പിന്നെ ജമാഅത്തെ ഇസ്ലാമി, എസ്.യു.സി.ഐ തുടങ്ങിയവരുടെ കഥ പറയണോ? ഇപ്പോൾ മാധ്യമങ്ങൾ എങ്കിലും പ്ലേറ്റ് മാറ്റിയിട്ടുണ്ട്. പ്രതിപക്ഷം മൗനവ്രതത്തിലാണ്. പ്രതിപക്ഷനേതാവ് പറയണം- സുപ്രിംകോടതി വിധിയെ സ്വാഗതം ചെയ്യുന്നുണ്ടോ?

ഇനിയെന്ത്? തികച്ചും രാഷ്ട്രീയ പരിഗണനകൾവച്ചുമാത്രം അനർഹമായ സ്ഥാനത്ത് കയറിയിരിക്കുന്ന കേരളത്തിലെ വൈസ് ചാൻസലർമാർ മാന്യമായി സ്ഥാനം വച്ചൊഴിയണം. പുതിയ നിയമ വ്യവസ്ഥ പ്രകാരം ചാൻസലർമാരെ കേരള സർക്കാർ നിയമിച്ച് അവരുടെ പങ്കാളിത്തത്തോടെ വൈസ് ചാൻസലർമാരെ നിയമിക്കട്ടെ.

സുപ്രിംകോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ ഇനി കേരളത്തിന്റെ കേസ് വരാൻ കാത്തുനിൽക്കാതെ കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഗവർണറുടെ പരിഗണനയ്ക്കായി ഇരിക്കുന്ന നിയമങ്ങൾക്ക് അംഗീകാരം നൽകണം.

കേന്ദ്ര സർക്കാർ വിധിക്കെതിരെ അപ്പീൽ നൽകാൻ പോയാൽ അതിന്റെ അർദ്ധം കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ തകർക്കുകയെന്ന മാത്രമാണ് . സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരാനുള്ള ഈ അത്യാർത്തിക്കെതിരെ ശക്തമായ പ്രതിഷേധം തമിഴ്നാട്ടിൽ മാത്രമല്ല കേരളത്തിലും മറ്റെല്ലാ സംസ്ഥാനങ്ങളിലും ഉയരണം.

ഗവർണർമാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ സർവകലാശാല നടത്തിപ്പിലും നിയമനിർമ്മാണത്തിലുമുള്ള അധികാരങ്ങൾ അട്ടിമറിക്കാൻ ബിജെപി സർക്കാർ നടത്തിക്കൊണ്ടിരുന്ന നീക്കങ്ങൾ സൃഷ്ടിച്ചിരുന്ന നിസഹായാവസ്ഥ സുപ്രിംകോടതി വിധിയോടെ തീർന്നിരിക്കുകയാണ്. ഫെഡറൽ സംവിധാനത്തിന്റെ നിലനിർത്താനുള്ള പോരാട്ടത്തിനു കരുത്തു പകരുന്നതാണ് ഈ വിധി.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# ശൂന്യക്കല്ലറ



കഥ

ബാബു പാറയ്ക്കൽ

കുന്നിനു മുകളിലുള്ള ദേവാലയത്തിന്റെ പടിഞ്ഞാറുവശത്തെ വിശാലമായ മുറ്റത്തു നിന്നുകൊണ്ടു വികാരിയച്ചൻ താഴേക്കു നോക്കി. നീണ്ടു കിടക്കുന്ന കൽപ്പടവുകൾ ചവുട്ടി രണ്ടു ചെറുപ്പക്കാർ കയറിവരുന്നു. ആ മുറ്റത്തു നിന്നു നോക്കിയാൽ ചുറ്റും മനോഹരമായ ഭൂപ്രകൃതിയാണ്. അനേക മൈൽ ചുറ്റളവിൽ വിശാലമായ റബർ തോട്ടങ്ങളും തെങ്ങിൻ തോപ്പുകളും നെൽപ്പാടങ്ങളും ചെറിയ കുന്നുകളും അതിനിടയിൽ കൂടി ഒഴുകുന്ന പുഴയും. വീശിയടിക്കുന്ന ഇളംകാറ്റിനു സ്വാന്തനത്തിന്റെ സ്പർശമുള്ളതുകൊണ്ടു മനസ്സ് എത്ര പ്രക്ഷുബ്ധമായാലും അവിടെയിരുന്നാൽ നല്ല കുളിർമയാണ്. ചെറുപ്പക്കാർ അച്ചന്റെ അടുത്തേക്ക് വന്നു.

‘എന്റെ പേര് ബെന്നി. എന്റെ പേര് സാബു.‘ ചെറുപ്പക്കാർ സ്വയം പരിചയപ്പെടുത്തി.

‘വരൂ, ഇരിക്കൂ.‘ ചുറ്റുമതിലിനടുത്തായി പണിതിട്ടിരിക്കുന്ന ഒരു ബഞ്ചിൽ ഇരിക്കാൻ അച്ചൻ ആംഗ്യം കാണിച്ചു.

‘അച്ചനോട് ഒരു കാര്യം സംസാരിക്കാനാണ് ഞങ്ങൾ വന്നത്.‘

‘പറയൂ. ഞാൻ എന്താണ് ചെയ്യേണ്ടത്?‘

‘ഞങ്ങളുടെ പിതാവ് മരിച്ചിട്ട് നാളെ ഏഴു വർഷം തികയുകയാണ്. അതുകൊണ്ടു നാളെ അപ്പന്റെ കല്ലറയിൽ ധൂപം അർപ്പിച്ചു പ്രാർത്ഥിക്കണം.‘

‘അതിനെന്താ, നാളെ രാവിലെ കുർബ്ബാനയുണ്ട്. അതുകഴിഞ്ഞാലുടൻ ധൂപപ്രാർത്ഥനയും നടത്താം. ആവട്ടെ, ആരാണ് നിങ്ങളുടെ പിതാവ്?‘

‘തെങ്ങുംതോപ്പിൽ പൈലി!‘

‘അയ്യോ, പൈലിച്ചേട്ടനോ?‘

‘അതെന്താ അച്ചാ, പെട്ടെന്നൊരു ശബ്ദവ്യത്യാസം?‘

‘മക്കളേ, കാര്യം ശരിയാണ് സെമിത്തേരിയിൽ ഉയർന്നു നിൽക്കുന്ന മനോഹരമായ കല്ലറയാണ് പൈലിച്ചേട്ടന്റെത്. പക്ഷേ, പൈലിച്ചേട്ടൻ മരിച്ചെന്നെന്താണുറപ്പ്?‘

‘എന്താണച്ചാ, ഇങ്ങനെയൊക്കെ പറയുന്നത്? കഴിഞ്ഞ ഏഴു വർഷമായി ആൾ പിന്നെ മരിക്കാതിരിക്കയാണോ?‘

‘പൈലിച്ചേട്ടൻ മരിച്ചിട്ട് നിങ്ങൾ ആദ്യമാണല്ലോ വരുന്നത്.‘

‘അതെ. അച്ചാ, ഞങ്ങൾ അമേരിക്കയിലാണ്. ഭാര്യയ്ക്കും മക്കൾക്കുമൊക്കെ സൗകര്യം ഒത്തുവരണ്ടേ? പിന്നെ, എല്ലാവർക്കും കൂടി വരണമെങ്കിൽ വളരെ പണച്ചെലവില്ലേ!‘


‘എന്തൊക്കെയായാലും കല്ലറയ്ക്കുള്ളിൽ ശവശരീരം അടക്കം ചെയ്തിട്ടില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ധൂപം അർപ്പിച്ച് ആത്മാവിനു വേണ്ടി പ്രാർത്ഥിക്കുന്നത്?‘

‘അച്ചൻ എല്ലാ കാര്യങ്ങളും അറിയുന്ന ആളല്ലേ? പിന്നെന്താ ഇങ്ങനെയൊക്കെ സംസാരിക്കുന്നത്?‘

അച്ചൻ അൽപ്പനേരം ആലോചിച്ചിരുന്നു.

‘നിങ്ങൾ പോയിട്ട് നാളെ വരൂ. ഏതായാലും രാവിലെ കുർബ്ബാനയുണ്ടല്ലോ.‘

‘ശരി. അങ്ങനെയാവട്ടെ.‘ ചെറുപ്പക്കാർ



പടിയിറങ്ങി.

അച്ചൻ എഴുന്നേറ്റ് മതിലിനോടു ചേർന്നു നിന്ന് വടക്കുവശത്തുള്ള സെമിത്തേരിയിലേക്കു നോക്കി. വളരെയധികം കല്ലറകളുണ്ടെങ്കിലും കൂട്ടത്തിൽ മനോഹരമായി ഉയർന്നു നിൽക്കുന്നത് പൈലിച്ചേട്ടൻറെ കല്ലറ തന്നെയാണ്. പൂർണ്ണമായും ഗ്രാനൈറ്റിൽ പണി കഴിപ്പിച്ചിരിക്കുന്ന കല്ലറയുടെ മുൻഭാഗം ഒരു മിനി ദേവാലയത്തിന്റെ പ്രവേശനകവാടത്തിന്റെ മാതൃകയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പൈലിച്ചേട്ടന്റെ ആഗ്രഹമായിരുന്നു മനോഹരമായ ഒരു കല്ലറയിൽ അന്തിയുറങ്ങണമെന്ന്. രണ്ട് ആൺമക്കളും മൂന്നു പെൺമക്കളുമാണ്. എല്ലാവരും വിദേശത്തു കുടുംബമായി കഴിയുന്നു.

പൈലിച്ചേട്ടന്റെ എൺപത്തിനാലാം ജന്മദിനം ശതാഭിഷേകമായി എല്ലാ മക്കളും കൂടി വന്ന് ആഘോഷമായി നടത്തി മടങ്ങി. അതുകഴിഞ്ഞപ്പോഴാണ് പൈലിച്ചേട്ടന് താൻ അന്ത്യ വിശ്രമം കൊള്ളേണ്ട കല്ലറ താൻ തന്നെ പണിയുന്നതായിരിക്കും നല്ലത് എന്ന് തോന്നിയത്. ഭാര്യ വളരെ വർഷങ്ങൾക്കു മുൻപേ മരിച്ചു പോയതുകൊണ്ട് ഒറ്റയ്ക്കായിരുന്നു താമസം.

കല്ലറ പണിതതിനു ശേഷം പലപ്പോഴും പൈലിച്ചേട്ടൻ പള്ളിമുറ്റത്ത് വന്നു സെമിത്തേരിയിലെ കല്ലറയിലേക്കു നോക്കി ദീർഘനേരം ഇരിക്കും. പലപ്പോഴും പൈലിച്ചേട്ടനുമായി അച്ചൻ സംഭാഷണത്തിലേർപ്പെടാറുണ്ട്. പൈലിച്ചേട്ടന് രണ്ടുനില വീടാണുള്ളതെങ്കിലും അതിലെ വാസം ഒട്ടും സമാധാനം നൽകുന്നില്ലെന്നു മിക്കവാറും പറയാറുണ്ട്. ഒറ്റയ്ക്കൊരു വലിയ വീട്ടിൽ! വലിയ മതിലും അതിനേക്കാൾ ഉയരമുള്ള ഗേറ്റും! അയൽക്കാരുമായി യാതൊരു ബന്ധവുമില്ല.

കുറെ ഏക്കർ റബ്ബർ വെട്ടാനുള്ളതു കൊണ്ട് സാമ്പത്തികമായി യാതൊരു ബുദ്ധിമുട്ടുമില്ല. മക്കൾ അവധിക്കു വരുമ്പോഴും അയലത്തെ ഒരു വീട്ടിലും പോകാറില്ല. വീട്ടിൽ അത്യാവശ്യം പണിയൊക്കെ ചെയ്യാൻ വേലക്കാരുണ്ട്. വീട്ടിലും പറമ്പിലും പണിക്കു വരുന്നവരൊക്കെ സന്ധ്യയാകുമ്പോൾ തിരിച്ചു പോകും. രാത്രിയിൽ പൈലിച്ചേട്ടൻ തനിച്ചാണ്. വീട്ടുകാവലിന് ഒരു നായയുണ്ട്. അതിന് മുറ്റത്തിന്റെ ഒരു വശത്തായി ഒരു കൂട് പണിതുകൊടുത്തിട്ടുണ്ട്. പറമ്പിൽ എന്തെങ്കിലും ഒരനക്കം കേട്ടാൽ മതി അവൻ കുരയ്ക്കും. അപ്പോൾ പൈലിച്ചേട്ടൻ ടോർച്ച് കയ്യിലെടുത്തു വരാന്തയിലേക്ക് വന്ന് മുറ്റത്തേക്ക് ലൈറ്റ് അടിച്ചു നോക്കും. കുഴപ്പമൊന്നുമില്ലെന്ന് ഉറപ്പു വരുത്തിയിട്ടാണ് കിടക്കുന്നത്. കിടക്കുന്നതിനു മുൻപ് പട്ടിയെ കൂട്ടിൽ നിന്നും അഴിച്ചു വിടും. രാത്രിയിൽ അവൻ പറമ്പിൽ സൈര്യവിഹാരം നടത്തും. ഉയർന്ന മതിലായതുകൊണ്ട് പുറത്തു പോകുമെന്നു പേടിക്കണ്ട.

പൈലിച്ചേട്ടൻ ഒരിക്കൽ പള്ളിമുറ്റത്തിരുന്നു കല്ലറയിലേക്കു നോക്കിയ ശേഷം അച്ചനോടു പറഞ്ഞു, 'അച്ചാ, കല്ലറയ്ക്കകത്തു ഭയങ്കര ഇരുട്ടാ, അല്ലേ?'

അച്ചൻ ചിരിച്ചു. 'പിന്നെ, കല്ലറ അടച്ചു കഴിഞ്ഞാൽ ഇരുട്ടല്ലേ? എന്താ പൈലിച്ചേട്ടാ, അങ്ങനെ ചോദിച്ചത്?'

'അല്ല, അച്ചാ ഞാൻ ഓർക്കുകാരുന്നു, ഞാൻ അതിൽ കിടക്കുമ്പോൾ ഒരു പക്ഷേ, മാലാഖമാർ എന്റെ അടുത്തു വന്നാൽ ഞാൻ എങ്ങനെ കാണും? അപ്പോൾ അതിൽ ഒരു ലൈറ്റിട്ടാൽ നന്നായിരിക്കും, അല്ലേ?'

'പൈലിച്ചേട്ടാ, മരിച്ചുകഴിഞ്ഞാൽ നമുക്കൊന്നും കാണാൻ കഴിയില്ലല്ലോ.' അച്ചൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

'അപ്പോൾ പിന്നെ നമ്മളൊക്കെ മരിച്ചു കഴിഞ്ഞാൽ ദൈവത്തെ കാണും എന്ന് അച്ചൻ പ്രസംഗിക്കുന്നതോ?'

'അത് നമ്മുടെ ആത്മാവാണ് പൈലിച്ചേട്ടാ.'

'പക്ഷേ, അദ്ദേഹത്തിന് തൃപ്തിയായില്ല. അടുത്ത ദിവസം പൈലിച്ചേട്ടൻ അച്ചന്റെ മുൻപിൽ ഒരു കാര്യം അവതരിപ്പിച്ചു. കല്ലറയ്ക്കുള്ളിൽ ഒരു ലൈറ്റിടണം!

അച്ചൻ ചിരിച്ചു.

പക്ഷേ, പൈലിച്ചേട്ടൻ ഗൗരവമായി ത്തന്നെ ഈ വിഷയം വീണ്ടും വീണ്ടും അവതരിപ്പിച്ചു. പള്ളിയിൽ നിന്നും കണക്ഷൻ എടുത്തു കല്ലറയ്ക്കുള്ളിൽ ഒരു ലൈറ്റിടണം!

'എന്ത് വിഡ്ഢിത്തമാണ് പൈലിച്ചേട്ടൻ പറയുന്നത്? മരിച്ചു കഴിഞ്ഞാൽ ആര് എന്തു വെട്ടം കാണാനാണ്?' അച്ചന് അദ്ദേഹത്തോടു യോജിക്കാനായില്ല.

'അച്ചാ, അതെന്റെ ഒരാഗ്രഹമാണ്.'

'പൈലിച്ചേട്ടൻ മരിച്ചു കഴിഞ്ഞാൽ പിന്നെ കറന്റിനാരാണ് കാശു കൊടുക്കുന്നത്?' അദ്ദേഹത്തെ ഒഴിവാക്കാനായി അച്ചൻ പറഞ്ഞു.

'അതിനച്ചൻ വിഷമിക്കണ്ട. ഞാൻ ഒരു തുക പള്ളിയിൽ ഏൽപിക്കാം. അതിന്റെ പലിശ മതിയാകും കറന്റു ബില്ലടയ്ക്കാൻ.'

'പൈലിച്ചേട്ടൻ മുറ്റത്തു നിന്നും നടന്നു നീങ്ങി കഴിഞ്ഞപ്പോൾ അച്ചൻ ചിന്തിച്ചു. 'പൈലിച്ചേട്ടൻ മരിച്ചു കല്ലറയിൽ അടക്കി കഴിഞ്ഞാൽ പിന്നെ ആരാണ് നോക്കുന്നത് ലൈറ്റ് കത്തിച്ചോ എന്ന്! ഏതായാലും സംഭാവന കിട്ടുന്നതല്ലേ, അത് പള്ളിക്കിരിക്കട്ടെ!'

അടുത്ത ദിവസം പൈലിച്ചേട്ടൻ വന്നപ്പോൾ അച്ചൻ പറഞ്ഞു, ' ഞാൻ പള്ളിക്കമ്മിറ്റിയിൽ ഒന്നവതരിപ്പിച്ചു നോക്കട്ടെ. പൈലിച്ചേട്ടൻ എത്രയാണ് സംഭാവന കൊടുക്കാനുദ്ദേശിക്കുന്നത്?'

'അൻപതിനായിരം മതിയാകുമോ അച്ചോ?' 'ഓ, മതി. ഞാൻ അടുത്തയാഴ്ച പറയാം.'

'ശരി, അങ്ങനെയാവട്ടെ.'

അടുത്തയാഴ്ച അച്ചൻ കാര്യം കമ്മറ്റിയിൽ അവതരിപ്പിച്ചു. ആദ്യം കമ്മറ്റിയിലുള്ളവർ ചിരിച്ചെങ്കിലും പിന്നീട് ചിലർ എതിർത്തു. ലോകത്തെങ്ങും കേൾക്കാത്ത കാര്യം. ഈ പള്ളിയിലത് വേണോ? ചർച്ച പുരോഗമിച്ചെങ്കിലും പൈലിച്ചേട്ടന്റെ സംഭാവനയുടെ മുൻപിൽ കമ്മറ്റി സമ്മതം മൂളി.

പറഞ്ഞ തുക പൈലിച്ചേട്ടൻ അച്ചനെ ഏൽപിച്ചു.

അടുത്ത ദിവസം തന്നെ കല്ലറയിൽ ലൈറ്റിട്ടു. അടുത്ത് നിന്ന് അത് കത്തിച്ചു കണ്ടപ്പോൾ പൈലിച്ചേട്ടന് സന്തോഷം തോന്നി.

പൈലിച്ചേട്ടൻ പറഞ്ഞു, 'അച്ചാ, എല്ലാ ഞായറാഴ്ച്ചയും ആ കല്ലറയിൽ ധൂപപ്രാർത്ഥന നടത്തണം.'

'അത് നടക്കുമോ, പൈലിച്ചേട്ടാ? ഞായറാഴ്ച്ച ഞാൻ തിരക്കായിരിക്കും.'

'എന്നാലും അച്ചാ... '

'പൈലിച്ചേട്ടാ ഞാൻ ശ്രമിക്കാം. ഒരു ഗാരന്റിയുമില്ല. ഞാൻ വർഷത്തിൽ ഒരിക്കൽ ധൂപം അർപ്പിച്ചു പ്രാർത്ഥിക്കാം.'

'അപ്പോൾ എന്റെ ആത്മാവ്...?'

'എന്റെ പൈലിച്ചേട്ടാ, ഇതൊക്കെ വെറും മിഥ്യയല്ലേ? ഞാൻ എല്ലാ ദിവസവും ധൂപം വീശിയാലും പൈലിച്ചേട്ടൻ എങ്ങനെ ജീവിച്ചു എന്നതിനാശ്രയിച്ചായിരിക്കും പൈലിച്ചേട്ടനു ദൈവം തരുന്ന പ്രതിഫലം! അല്ലാതെ പൈലിച്ചേട്ടന്റെ കല്ലറയുടെ മുകളിൽ ഞാൻ അൽപ്പം ധൂപം വീശിയാലുടൻ പൈലിച്ചേട്ടൻ സ്വർഗ്ഗത്തിലേക്കു കയറും എന്നൊക്കെ വിശ്വസിക്കാൻ വിഡ്ഢിയാണോ?'

'അപ്പോൾ പിന്നെ, അച്ചൻ എപ്പോഴും പറയുന്നത് മരിച്ചുകഴിഞ്ഞാൽ ധൂപ പ്രാർത്ഥന നടത്തുന്നതനുസരിച്ചായിരിക്കും ആത്മാവിനു പുണ്യം കിട്ടുന്നതെന്നാണല്ലോ.'

'അതൊക്കെ സഭയുടെ പഠിപ്പീരല്ലേ പൈലിച്ചേട്ടാ? നമ്മുടെ കാര്യങ്ങളൊക്കെ നടക്കണ്ടേ? സഭയുടെ സ്ഥാപനങ്ങളൊക്കെ ഓടണ്ടേ? അതുകൊണ്ട് അങ്ങനെയൊക്കെ പഠിപ്പിച്ചല്ലേ പറ്റൂ.'

'അത് ശരി.'

ഏതാനും ആഴ്ചകൾക്കു ശേഷം ഒരു ദിവസം അച്ചനുമായി പൈലിച്ചേട്ടൻ മുറ്റത്തു സംസാരിച്ചിരുന്നപ്പോൾ അച്ചൻ പറഞ്ഞു, 'കഴിഞ്ഞ കുറെ ദിവസങ്ങളായി മഴ തോർന്നിട്ടില്ല. ഇന്നേതായാലും അൽപ്പം തെളിഞ്ഞു. താഴെ നോക്കിയാൽ കാണാം പുഴ കര കവിഞ്ഞൊഴുകുകയാണ്. വെള്ളപ്പൊക്കമുണ്ടാകുമോ ആവോ?

'ഇതൊന്നും വലിയ സാരമുള്ള കാര്യമല്ലച്ചോ. ഞാൻ എത്ര വെള്ളപ്പൊക്കം കണ്ടിരിക്കുന്നു! എത്ര വെള്ളം വന്നാലും എന്റെ പറമ്പിലോട്ടു കയറില്ല.' പൈലിച്ചേട്ടൻ ഇറങ്ങി നടന്നു.

അൽപ്പം നടന്നതിന് ശേഷം അയാൾ തിരിച്ചു വന്ന് അച്ചനോട് പറഞ്ഞു, 'അച്ചാ, എനിക്കൊരാഗ്രഹമുണ്ട്. എന്നെ അടക്കുമ്പോൾ കല്ലറയിൽ കുറെ പൂവ് വിതറണം. അതിന്റെയൊക്കെ മണമടിച്ചു കിടക്കാൻ തന്നെ ഒരു രസമുണ്ടാകും.'

അച്ചൻ ചിരിച്ചുകൊണ്ടു പൈലിച്ചേട്ടനെ നോക്കി. 'പൈലിച്ചേട്ടാ, ആരൊക്കെ ഒടുവിൽ എവിടെയൊക്കെ കിടക്കുമെന്നാരറിയുന്നു? എല്ലാം തീരുമാനിക്കുന്നത് ദൈവമല്ലേ!''

'അടുത്ത മഴയ്ക്കു മുൻപേ വീട്ടിലെത്താൻ നോക്കട്ടെ അച്ചോ.' പൈലിച്ചേട്ടൻ തലകുലുക്കികൊണ്ട് നടന്നകന്നു.

അയാൾ വീട്ടിലെത്തിയപ്പോഴേക്കും വേലക്കാർ പോകാൻ തയ്യാറായി നിൽക്കുകയായിരുന്നു.

'എന്താ ഇന്ന് നേരത്തെ പോകുകയാണോ?'

'ഭയങ്കര മഴ വരുന്നു. പുഴ കര കവിഞ്ഞൊഴുകുകയാണ്. ഇനിയും വെള്ളം കയറിയാൽ വീട്ടിൽ പോകാൻ ബുദ്ധിമുട്ടാകും.'

'അങ്ങനെയൊന്നും വെള്ളം കയറില്ല. ഞാൻ എത്ര വെള്ളപ്പൊക്കളം കണ്ടിരിക്കുന്നു!'

വേലക്കാർ പോയിക്കഴിഞ്ഞപ്പോൾ പൈലിച്ചേട്ടൻ ഗേറ്റ് പൂട്ടിയിട്ടു വന്ന് വരാന്തയിൽ ഇട്ടിരിക്കുന്ന കസേരയിൽ ചാരി കിടന്നു. മഴ പതുക്കെ കനക്കാൻ തുടങ്ങി. മാനത്തു കാർമേഘങ്ങൾ വീണ്ടും ഉരുണ്ടു കൂടുകയാണ്. എന്തോ ഒരു പന്തിയില്ലായ്മ! അയാൾ എഴുന്നേറ്റു കുളി കഴിഞ്ഞു വന്നപ്പോഴേക്കും പറമ്പിൽ വെള്ളം കയറിത്തുടങ്ങി. കുറെ നേരം അത് നോക്കിയിരുന്നിട്ട് അടുക്കളയിൽ പോയി ഭക്ഷണം കഴിച്ചിട്ട് തിരിച്ചു വന്നു. വെള്ളം കയറുകയാണ്. ആദ്യമായാണ് തിണ്ണയുടെ പടിവാതിലിൽ വരെ വെള്ളം എത്തുന്നത്. അതുകൊണ്ട് ഇന്നു രാത്രി പട്ടിയെ അഴിച്ചു വിടണ്ടായെന്നു തീരുമാനിച്ചിട്ട് അയാൾ കിടക്കാൻ പോയി.

രാത്രിയിൽ എപ്പോഴോ മൂത്രശങ്ക ഉണ്ടായതുകൊണ്ട് ഉണർന്നു. കട്ടിലിൽ നിന്നും എഴുന്നേറ്റു കാൽ നിലത്തു ചവുട്ടിയപ്പോൾ തറയിൽ വെള്ളം! ടോർച്ചു തെളിച്ചു നോക്കിയപ്പോൾ ഏതാണ്ട് മുട്ടറ്റം വെള്ളം! ലൈറ്റിട്ടു നോക്കിയപ്പോൾ വീടിനകം നിറയെ ആ ലെവലിൽ വെള്ളം കയറിയിരിക്കുന്നു! പട്ടി നിർത്താതെ കുരച്ചുകൊണ്ടിരിക്കയാണ്. പട്ടിയുടെ കൂടിനകത്തും വെള്ളം കയറിയിരിക്കുന്നു. ഇനിയും വെള്ളം കയറുമോ, ആവോ! ഏതായാലും ഇവിടെ കിടക്കാൻ പറ്റില്ലല്ലോ.

അയാൾ പടികൾ കയറി മുകളിലത്തെ നിലയിലെത്തി ബാൽക്കണിയിൽ നിന്ന് ചുറ്റും നോക്കി. ഒന്നും കാണാൻ കഴിയുന്നില്ല. കനത്ത ഇരുട്ടിൽകൂടി അയാൾ ടോർച്ചടിച്ചു നോക്കി. വെള്ളം എല്ലായിടത്തും നിരന്നൊഴുകുകയാണ്. പട്ടിയെ ഇനി അഴിച്ചു വിടാനും കഴിയില്ല. സാരമില്ല, ഇനി വെള്ളം ഇറങ്ങുമായിരിക്കും. മനോഗതം ചെയ്ത് അയാൾ കിടന്നു. നേരം വെളുത്ത് എഴുന്നേറ്റു ബാൽക്കണിയിൽ വന്നു നിന്ന്. ചുറ്റും നോക്കിയ പൈലിച്ചേട്ടന് തൻറെ കണ്ണുകളെ വിശ്വസിക്കാനായില്ല. വീടിന്റെ ഒന്നാം നില പൂർണ്ണമായി മുങ്ങിയിരിക്കുന്നു! വെളിയിൽ പട്ടിയുടെ കൂടു കാണാനേയില്ല. അതിലെത്രയോ മുകളിൽ വെള്ളം എത്തിയിരിക്കുന്നു! ആ പാവം ജന്തുവിനെ രക്ഷിക്കാനായില്ലല്ലോ, അയാൾ ഓർത്തു.

മണിക്കൂറുകൾ കഴിഞ്ഞപ്പോഴേക്കും വെള്ളത്തിന്റെ ലെവൽ വീണ്ടും ഉയർന്നു. മുകളിലത്തെ ബാൽക്കണിയിൽ നിന്നു കൊണ്ട് താഴേക്കു കൈ നീട്ടിയാൽ വെള്ളത്തിൽ തൊടാമെന്ന അവസ്ഥയിലെത്തിയിരിക്കുന്നു. ഇവിടെനിന്നും എങ്ങനെ രക്ഷപെടും? വളരെ ഗുരുതരമായ നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു എന്നയാൾക്ക് ബോധ്യമായി.

അയാൾ അമേരിക്കയിലുള്ള മകനെ വിളിച്ചു കാര്യങ്ങൾ വിശദീകരിച്ചു. അവിടെ അവൻ ടീവിയിൽ കാര്യങ്ങൾ കണ്ടുകൊണ്ടിരിക്കയാണെന്നു പറഞ്ഞു. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമാണെന്നും പല സ്ഥലങ്ങളിലും കുടുങ്ങിക്കിടക്കുന്ന നൂറു കണക്കിനാളുകളെ മത്സ്യത്തൊഴിലാളികൾ അവരുടെ വള്ളങ്ങളുമായി വന്നു ജീവൻ പണയം വച്ച് രക്ഷപ്പെടുത്തുന്നതായും വാർത്തയിൽ കാണിക്കുന്നു എന്നു പറഞ്ഞു.

'സാരമില്ല, വേണ്ടി വന്നാൽ ഞാൻ നീന്തിക്കൊള്ളാം.' പൈലിച്ചേട്ടൻ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

'അതുവേണ്ട. സർക്കാരിന്റെ ഹെൽപ് ലൈൻ ഉണ്ട്. ഞങ്ങൾ വിളിച്ചു പറഞ്ഞുകൊള്ളാം. അവർ അവിടെ വരും. അവരുടെ കൂടെ ഷെൽട്ടറിലേക്കു പോയാൽ മതി.' മകൻ പറഞ്ഞു നിർത്തി.

അടുത്ത ദിവസം ഉച്ചകഴിഞ്ഞിട്ടും വെള്ളത്തിന്റെ ലെവലിനു കുറവൊന്നുമില്ല. അടുക്കളയിൽ നിന്നും തലേന്ന് എടുത്തു കൊണ്ടുവച്ച ആഹാര സാധനങ്ങളൊക്കെ തീർന്നിരിക്കുന്നു! ഇനി ഇവിടെനിന്നും രക്ഷപെട്ടേ മതിയാവൂ. രാവിലെ മുതൽ ഉച്ചത്തിൽ വിളിച്ചു കൂവിയിട്ടും ആരും പ്രതികരിച്ചില്ല. അയൽപക്കത്തെ വീടുകളിലെ ആളുകളൊക്കെ രക്ഷപെട്ടു കാണുമോ, ആവോ! വീട്ടിൽ ലൈറ്റും ഫോണും ഇന്നലെ ഉച്ചമുതൽ ഇല്ല. ആരെയും വിളിക്കാനോ സഹായം അഭ്യർത്ഥിക്കാനോ പറ്റില്ല. തന്റെ അവസാനം അടുത്തിരിക്കുന്നതായി അയാൾക്ക് തോന്നി.

ഏതാണ്ട് നാല് മണിയായപ്പോൾ അടുത്തുകൂടി ഒരു ബോട്ട് പോകുന്നത് ശ്രദ്ധയിൽ പെട്ടു. ഉടനെ അയാൾ ഉച്ചത്തിൽ വിളിച്ചു കൂവി. ബോട്ടിൽഉണ്ടായിരുന്നവർ കയ്യുയർത്തി കാണിച്ചു. 'പോയിട്ട് വരാം', എന്ന് പറഞ്ഞവർ വേഗം ഓടിച്ചുപോയി. ഉദ്ദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു ബോട്ടിൽ രണ്ടു പേർ തന്റെ വീട് ലക്ഷ്യമാക്കി അടുക്കുന്നതു കണ്ടപ്പോൾ പൈലിച്ചേട്ടന്റെ മുഖത്ത് പ്രത്യാശയുടെ കിരണങ്ങൾ മിന്നി. അതിവേഗം വന്ന ബോട്ട് വീട്ടു മുറ്റത്തേക്ക് കയറാറായപ്പോൾ എന്തിലോ ഇടിച്ചിട്ടു വട്ടം തിരിഞ്ഞു.

'ഈ വെള്ളത്തിനടിയിൽ മതിലുണ്ടോ?' ബോട്ടിലുണ്ടായിരുന്ന മത്സ്യത്തൊഴിലാളി ചോദിച്ചു.

'ഉണ്ട്. മതിലും വലിയ ഗേറ്റും ഉണ്ട്.'

'അതിൽ ഇടിച്ചാണ്. ബോട്ടിന്റെ എഞ്ചിൻ പോയി.'

പൈലിച്ചേട്ടൻ ഒന്നും മിണ്ടിയില്ല.

'ഞങ്ങൾ ഈ ബോട്ട് അടുത്തുള്ള ഏതെങ്കിലും മരത്തിൽ കെട്ടിയിട്ടിട്ട് അങ്ങോട്ട് വരാം. അവിടെത്തന്നെ നിൽക്കുക.'

'എനിക്കു നീന്താനറിയാം. ഞാൻ അങ്ങോട്ട് വരാം.'

'വേണ്ട, വേണ്ട. ഭയങ്കര അടിയൊഴുക്കാണ്.'

'സാരമില്ല. ഞാൻ നല്ലതുപോലെ നീന്തും.' രണ്ടാം നിലയിൽ നിന്നും ടെറസ്സിലേക്കു കയറുന്ന പടികളിൽ കൂടി പൈലിച്ചേട്ടൻ താഴേക്കിറങ്ങി.

കഴുത്തു വരെ ആഴത്തിലേക്കിറങ്ങിയ അയാളെ കണ്ടു മത്സ്യത്തൊഴിലാളികൾ ഉറക്കെ വിളിച്ചു പറഞ്ഞു, ''ഇറങ്ങരുത്! ഭയങ്കര അടിയൊഴുക്കാണ്. തിരിച്ചു കയറിപ്പോകൂ.'

അപ്പോഴേക്കും പൈലിച്ചേട്ടൻ വെള്ളത്തിലേക്ക് ചാടി ബോട്ടിനെ ലക്ഷ്യമാക്കി നീന്തി.

'അരുത്, അരുത്!' മത്സ്യത്തൊഴിലാളികൾ വീണ്ടും ഉറക്കെ വിളിച്ചു പറഞ്ഞപ്പോഴേക്കും പൈലിച്ചേട്ടൻ അടിയൊഴുക്കിൽ പെട്ടു കഴിഞ്ഞിരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് നിസ്സഹായരായി നോക്കി നിൽക്കാനേ കഴിഞ്ഞുള്ളു.

വികാരിയച്ചൻ ആകാശത്തേക്ക് നോക്കി. പടിഞ്ഞാറ് നിന്നും കാർമേഘങ്ങൾ കുന്നിൻമുകളിലേക്കു പാഞ്ഞടുക്കുന്നു. അച്ചൻ ഓർത്തു, ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം താണ്ഡവമാടിയിട്ട് ഇന്ന് ഏഴു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഈ വർഷവും വയനാട്ടിലും മറ്റും അധിക നാശം വിതച്ചാണ് മഴക്കാലം കടന്നു പോകുന്നത്.

അച്ചൻ കല്ലറയിലേക്കു നോക്കി. കുത്തൊഴുക്കിൽ എങ്ങോട്ടോ ഒലിച്ചു പോയിട്ട് ഇന്നും കണ്ടു കിട്ടിയിട്ടില്ലാത്ത ഉടമസ്ഥനെ പ്രതീക്ഷിച്ച് ശൂന്യമായ കല്ലറ ഇന്നും കാത്തിരിക്കുന്നു. ആരും ഒരിക്കലും എത്തി പ്രാർത്ഥിക്കാത്ത കല്ലറയിൽ നിലത്തുനിന്നും പായൽ വളർന്നു കയറി തുടങ്ങിയിരിക്കുന്നു! മഴത്തുള്ളികൾ ദേഹത്തു വീണപ്പോൾ അച്ചൻ പള്ളിമേടയിലേക്കു കയറിപ്പോയി. ഇനി ഒരു പ്രളയം ഉണ്ടാകുമോ, ആവോ!

# ഡോ. ശൂരനാട് രാജശേഖരന് ആദരാഞ്ജലി

സനിൽ പി.തോമസ്



കോൺഗ്രസ് രാഷ്ട്രീയകാര്യ സമിതി അംഗവും വീക്ഷണം മാനേജിംഗ് എഡിറ്ററും ആയ ഡോ.ശൂരനാട് രാജശേഖരൻ (75) അന്തരിച്ചു.പത്രപ്രവർത്തകൻ ആയും രാഷ്ട്രീയ നേതാവായും സ്പോർട്സ് സംഘാടകനായും ഒരുപോലെ പ്രവർത്തിച്ച വ്യക്തി. സൗമ്യമായ പെരുമാറ്റവും പ്രസംഗ മികവും രാജശേഖരനെ ശ്രദ്ധേയനാക്കി.

കൊല്ലം ശാസ്താംകോട്ട ഡിബി കോളജിൽ കേരള വിദ്യാർഥി യൂണിയൻ പ്രവർത്തകനായി തുടങ്ങിയ ശൂരനാട് രാജശേഖരൻ കെഎസ്‌യു, യൂത്ത് കോൺഗ്രസ് സംസ്ഥാന ഭാരവാഹി, കൊല്ലം ഡിസിസി പ്രസിഡന്റ്, കെപിസിസി ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

കേരളാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ്, അർബൻ ബാങ്കുകളുടെ ചെയർമാൻ, കൊല്ലം പ്രസ് ക്ലബ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. പാർലമെന്റിലേക്കും നിയമസഭയിലേക്കും ഓരോ തവണ മത്സരിച്ചിട്ടുണ്ട്.

പ്രിയപ്പെട്ട ശൂരനാട് രാജശേഖരൻ രോഗബാധിതനാണെന്ന് അറിഞ്ഞിരുന്നില്ല. അദ്ദേഹത്തിന് കഴിഞ്ഞ ദിവസം സി.ആർ.രാമചന്ദ്രൻ അവാർഡ് കിട്ടിയപ്പോൾ അനുമോദനം അറിയിച്ചു സന്ദേശം അയച്ചിട്ട് മറുപടി കിട്ടാഞ്ഞപ്പോഴും തിരക്കിലായിരിക്കുമെന്ന് മാത്രമാണ് കരുതിയത്.

1987 ൽ ദേശീയ ഗെയിംസ് ഫുട്ബോൾ റിപ്പോർട്ട് ചെയ്യാൻ കൊല്ലത്ത് എത്തിയപ്പോഴാണ് രാജശേഖരനെ പരിചയപ്പെട്ടത്.അന്ന് അദ്ദേഹം വീക്ഷണം ലേഖകൻ ആയിരുന്നു. രാജശേഖരൻ കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ആയിരിക്കുമ്പോഴാണ് എല്ലാ ജില്ലകളിലെയും പരിശീലകർക്ക് ഒരേ ദിവസം കൃത്യമായി ശമ്പളം കിട്ടുവാൻ സംവിധാനമൊരുക്കിയത്.സംസ്ഥാന കോളജ് ഗെയിംസ് വിജയകരമാക്കി. സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ആയിരുന്നപ്പോഴും സംസ്ഥാന സഹകരണ ബാങ്കിന്റെ അംബാസഡർ കാറിലായിരുന്നു യാത്ര.1994ൽ ഹിരോഷിമ ഏഷ്യൻ ഗെയിംസിന് ഞങ്ങൾ ഒന്നിച്ചുണ്ടായിരുന്നു. അന്നു ഞങ്ങൾക്കൊപ്പമുണ്ടായിരുന്ന ഫൊട്ടോഗ്രാഫർ വിക്ടർ ജോർജും മാതൃഭൂമി ലേഖകൻ വി.രാജഗോപാലും അകാലത്തിൽ യാത്രയായി.

അടുത്തകാലത്ത് നെടുമ്പാശേരിയിൽ പന്തളം സുധാകരനെ കണ്ടപ്പോൾ രാജശേഖരനെക്കുറിച്ചു ഞങ്ങൾ സംസാരിച്ചതാണ്. പക്ഷേ, രോഗവിവരം അറിഞ്ഞില്ല.

ഒരിക്കൽ കോട്ടയത്ത് മനോരമയിൽ അന്നത്തെ ചീഫ് എഡിറ്റർ കെ.എം.മാത്യുവിനെ കാണാൻ വന്നപ്പോൾ കുഞ്ഞമ്പിള്ള സാറിന്റെ (ഡോ. ശൂരനാട് കുഞ്ഞമ്പിള്ള) സഹോദരപുത്രനാണെന്ന് പരിചയപ്പെടുത്തണമെന്നു പറഞ്ഞത് ഓർക്കുന്നു. ആ കുടുംബവുമായി കെ.എം.മാത്യുവിനു വലിയ അടുപ്പമായിരുന്നു.

ഞാൻ കെ. കരുണാകരന്റെ ജീവചരിത്രം എഴുതാൻ കാരണക്കാരൻ രാജശേഖരനാണ്. സോണിയ ഗാന്ധിയുടെ ജീവചരിത്രത്തിന് അവതാരിക എഴുതിക്കാൻ ലീഡറെ കാണാൻ കൊച്ചിയിൽ പത്മജ ച്ചേച്ചിയുടെ വീട്ടിൽ ചെന്നപ്പോൾ രാജശേഖരൻ ഒപ്പമുണ്ടായിരുന്നു. തന്റെ ജീവചരിത്രം എഴുതാൻ ചുമ്മാർ (മനോരമയിലെ കെ.ആർ. ചുമ്മാർ) ആഗ്രഹിച്ചിരുന്നെന്നു ലീഡർ പറഞ്ഞു. സോണിയയെക്കുറിച്ച് എഴുതിയത് ഇഷ്ടപ്പെട്ട ലീഡർ അദ്ദേഹത്തിന്റെ ജീവചരിത്രം ഞാൻ എഴുതണമെന്നാണു ഉദ്ദേശിച്ചതെന്ന് രാജശേഖരൻ പറഞ്ഞു. അന്ന് അവിടെയുണ്ടായിരുന്ന ശരത്ചന്ദ്രപ്രസാദും ലീഡർ ആഗ്രഹിക്കുന്നത് അതുതന്നെയെന്നു പറഞ്ഞു. എൻ.എസ്.എസ്. ജനറൽ സെക്രട്ടറി പി.കെ.നാരായണപ്പണിക്കർക്ക് ആദ്യ കോപ്പി നൽകി പുസ്തകം പ്രകാശനം ചെയ്തതു കെ.എം.മാത്യു ആയിരുന്നു.ചടങ്ങിനു വന്ന കെ.കരുണാകരനു മടങ്ങാനുള്ള ട്രെയിനിന് സമയമായെന്ന് അറിഞ്ഞ് പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റ് ജേക്കബ് ജോർജിന് പ്രസംഗിക്കാൻ അവസരം നൽകി രാജശേഖരൻ സ്വയം പിൻമാറിയത് മറക്കാനാവില്ല. മറ്റുള്ളവർക്കുവേണ്ടി മാറിക്കൊടുക്കാൻ ഒരിക്കലും മടികാട്ടാത്ത രാജശേഖരൻ അന്നൊരു അദ്ഭുതമായിരുന്നു.

ഓർമകൾ ഒത്തിരി ബാക്കിയുണ്ട്, പ്രിയ സുഹൃത്തേ ...

# കെ.എച്ച്.എൻ.എ. രജത ജൂബിലി കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായി








ന്യൂയോർക്ക്: ന്യൂജേഴ്സിയിലെ അറ്റ്ലാന്റിക് സിറ്റിയിലുള്ള എം.ജി.എം. ഇന്റർനാഷണലിൽ വെച്ച് ഓഗസ്റ്റ് 17 മുതൽ 19 വരെ നടക്കുന്ന കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ രജത ജൂബിലി കൺവൻഷൻ വളരെ വിപുലമായി സംഘടിപ്പിക്കുവാൻ ഡയറക്ടർ ബോർഡ് അംഗങ്ങളും ട്രസ്റ്റീ ബോർഡ് അംഗങ്ങളും ഒരേ മനസ്സോടെ പ്രവർത്തിച്ചുവരുന്നു. ഈ കൺവൻഷൻ പൊന്നിൻ ചിങ്ങമാസം 1 മുതൽ 3 വരെയാണ് നടക്കുന്നതെന്ന പ്രത്യേകതയുമുണ്ട്.

തൃശ്ശൂർ പൂരത്തിനെ അനുസ്മരിപ്പിക്കുന്ന തരത്തിൽ ഘോഷയാത്രയോടുകൂടി ആരംഭിക്കുന്ന ഈ കൺവൻഷനിൽ, കേരള കലാമണ്ഡലം കാഴ്ചവെക്കുന്ന വിവിധ തരം ക്ഷേത്രകലകൾ, മെഗാ തിരുവാതിര, മെഗാ മോഹിനിയാട്ടം, സുപ്രസിദ്ധ ഗായകൻ ഹരീഷ് ശിവരാമകൃഷ്ണനും സംഘവും ''അഗം'' എന്ന മ്യൂസിക്കൽ ബാൻഡ്, പ്രശസ്ത സംഗീത സംവിധായകനും സംഗീതജ്ഞനുമായ രമേഷ് നാരായണും മകൾ മധുശ്രീ നാരായണും ചേർന്ന് അവതരിപ്പിക്കുന്ന ഹിന്ദുസ്ഥാനി സംഗീത കച്ചേരി, ന്യൂയോർക്കിൽ നിന്നുള്ള കലാകാരന്മാരും കലാകാരികളും നേതൃത്വം കൊടുക്കുന്ന ''സമഷ്ടി'' തുടങ്ങിയ കലാപരിപാടികൾ ഉണ്ടായിരിക്കും.

ഇന്ത്യയിൽ നിന്ന് പ്രശസ്തരായ നിരവധി വ്യക്തിത്വങ്ങൾ കൺവൻഷനിൽ പങ്കെടുക്കാനെത്തുന്നുണ്ട്. മുൻ കേന്ദ്രമന്ത്രിമാരായ സ്മൃതി ഇറാനി, രാജീവ് ചന്ദ്രശേഖർ, ടി.വി. ചർച്ചകളിലൂടെ സുപരിചിതരായ അഡ്വ. എ. ജയശങ്കർ, ശ്രീജിത് പണിക്കർ, ചലച്ചിത്ര മേഖലയിൽ നിന്ന് ധ്യാൻ ശ്രീനിവാസൻ, അഭിലാഷ് പിള്ള, ഗോവിന്ദ് പത്മസൂര്യ, പ്രശസ്ത നടി ശിവദ എന്നിവരും, എഴുത്ത്, ടെലിവിഷൻ പരസ്യ ചിത്രീകരണം എന്നീ മേഖലകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ശരത് എ ഹരിദാസൻ, പ്രശസ്ത സാഹിത്യകാരനും പ്രാസംഗികനും പ്രജ്ഞാ പ്രവാഹുമായ ജെ. നന്ദകുമാർ തുടങ്ങിയ പ്രമുഖരുടെ സാന്നിധ്യം എടുത്തു പറയേണ്ടതാണെന്ന് കെ.എച്ച്. എൻ.എ. പ്രസിഡന്റ് ഡോ. നിഷാ പിള്ള അറിയിച്ചു.

റിപ്പോർട്ട്: ജയപ്രകാശ് നായർ






# കേന്ദ്രമന്ത്രി ഭരത് ചന്ദ്രൻ I P S Just Remember That




സുനിൽ വല്ലാത്തറ
ഫ്ലോറിഡാ



തൃശൂർ ലൂർദ് പള്ളിയിലെ മാതാവിന്റെ രൂപത്തിൽ സ്വർണ്ണ കിരീടം ചാർത്തിയും മുരളി മന്ദിരത്തിന്റെ ഒരുടമയും പണ്ട് മുകുന്ദപുരത്തു മത്സരിക്കാൻ പോയി കേരളത്തിലെ കോൺഗ്രസ് സ്ഥാനാർഥികൾ മുഴുവൻ പരാജയപ്പെടുവാൻ കാരണക്കാരിയുമായ പദ്മജയെ സ്വന്തം പാളയത്തിൽ എത്തിച്ചും വടകരയിൽ നിന്നും വണ്ടി കയറി തന്നെ നേരിടാൻ തൃശൂരിൽ എത്തിയ മുരളി മന്ദിരത്തിന്റ മറ്റൊരു ഉടമ മുരളീധരനെ പരാജയപ്പെടുത്തിയും തൃശൂർ എടുത്തുകൊണ്ടു ഡൽഹിക്ക് പോയ സുരേഷ് ഗോപിക്കു പക്ഷേ ബി ജെ പി കേന്ദ്ര നേതൃത്വം വാഗ്ദാനം ചെയ്തിരുന്ന ക്യാബിനറ്റ് റാങ്കോടെയുള്ള മന്ത്രി പണി കിട്ടിയില്ല

പകരം സഹമന്ത്രി മാത്രമേ ഒഴിവുള്ളൂ എന്നറിയിച്ചപ്പോൾ കുറച്ചു പിണങ്ങുകയും ഇടയുകയും ഒക്കെ ചെയ്തെങ്കിലും ഒടുവിൽ അമർഷം







ഉള്ളിലൊതുക്കി സഹ എങ്കിൽ സഹ എന്നു പറഞ്ഞു കിട്ടിയതും വാങ്ങി നാട്ടിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങാൻ തിരിച്ചു തിരുവനന്തപുരത്തു പറന്നിറങ്ങിയ തന്നെ സ്വീകരിക്കുവാൻ പതിവില്ലാതെ രണ്ടുപേർ വന്നിരിക്കുന്നത് കണ്ടു പുതിയ സഹമന്ത്രി ആദ്യം ഒന്ന് അമ്പരന്നു പോയി. അത് മാറ്റാരുമല്ല സാക്ഷാൽ മമ്മൂട്ടിയും മോഹൻലാലും

രണ്ടു സൂപ്പർസ്റ്റാറുകളും കൂടി സഹമന്ത്രിയെ പൊന്നാട അണിയിച്ചു സ്വീകരിച്ചു നേരെ കൊണ്ടുപോയത് താര സംഘടന അമ്മയുടെ ആസ്ഥാനത്തേയ്ക്കു ആണ്. അവിടെ ചെന്നപ്പോൾ ആകട്ടെ സംഘടനയിലെ മുഴുവൻ നടി നടന്മാരും സഹമന്ത്രിയുടെ ചുറ്റും കൂടി ഹസ്തദാനം നൽകുകയും കെട്ടിപ്പിടിക്കുകയും കരയുകയും ഒക്കെ ചെയ്യുന്നത് കണ്ടു സഹമന്ത്രിയുടെ കണ്ണും നിറഞ്ഞൊഴുകി

സ്വീകരണവും നന്ദിപറയൽ ചടങ്ങും എല്ലാം പൂർത്തിയാക്കി തിരികെ മടങ്ങുമ്പോൾ സഹന് താൻ ഇരുപതു വർഷത്തോളം ഈ സംഘടനയിൽ സഹകരിക്കാതെ മാറിനിന്നതിൽ സങ്കടവും കുറ്റബോധവും തോന്നി. ഇത്രയും സ്നേഹമുള്ള സഹപ്രവർത്തകരെ ആണോല്ലോ തനിക്കു ഇരുപതു വർഷം നഷ്ടപ്പെട്ടത് എന്നോർത്തപ്പോൾ അദ്ദേഹത്തിന് വീണ്ടും വീണ്ടും സങ്കടം വർധിച്ചു

മന്ത്രി സ്ഥാനം ലഭിച്ചു ഏതാണ്ട് മൂന്നു മാസം തികയുന്നതിനു മുൻപാണ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തു വന്നത്. ആദ്യം പിടിച്ചത് അമ്മ സംഘടനയുടെ തലപ്പത്തെ പുള്ളികളും സഹന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളുമായ മുകേഷിനെയും സിദ്ധിക്കിനെയും ആണ്. രാഷ്ട്രീയത്തിൽ വരുന്നതിനു മുൻപ് സിനിമയിൽ പിച്ച വയ്ക്കുന്ന പത്തു നാൽപതു വർഷം മുൻപ് മുതലുള്ള ബന്ധമാണ് ഈ രണ്ടു പീഡന വീരന്മാരുമായിട്ട്

റിപ്പോർട്ട് പുറത്തു വന്നു മണിക്കൂറുകൾക്കുള്ളിൽ സംഘടന പ്രസിഡന്റ് മോഹൻലാൽ രാജി വച്ചൊഴിഞ്ഞു തടിയൂരി. മമ്മൂട്ടി ആ ഭാഗത്തേയ്ക്കു പോലും തിരിഞ്ഞു നോക്കിയില്ല. പത്രക്കാരും ചാനലുകാരും ആരെ പിടിക്കണം എന്നാലോചിച്ചു നടക്കുമ്പോഴാണ് ആ സമയത്തു ഗസ്റ്റ്ഹൗസിൽ ഉണ്ടായിരുന്ന സഹന്റെ ചുറ്റും കൂടിയത് മന്ത്രിയായി ആദ്യത്തെ മൂന്നു മാസം മാന്യവും സമാധാനവുമായി ചാനലുകാരോട് ഇടപെട്ടിരുന്ന സഹന് പക്ഷേ പീഡന വീരന്മാരെ പറ്റിയുള്ള ചോദ്യങ്ങൾ ചോദിക്കുവാൻ തന്റെ അടുത്തു എത്തിയത് ഇഷ്ടപ്പെട്ടില്ല. പിന്നെ അങ്ങോട്ട് സഹൻ തന്റെ യഥാർത്ഥ രൂപം പുറത്തെടുത്തു

ഫാസിലിന്റെ സിനിമകളിലെ നാണം കുണുങ്ങിയായ കാമുകനോ ഭർത്താവോ ആയിട്ടു കാര്യമില്ല എന്നു മനസ്സിലാക്കിയ സഹൻ പിന്നീട് തന്നെ സൂപ്പർസ്റ്റാർ ആക്കിയ ഷാജി കൈലാസ് രഞ്ജി പണിക്കർ ടീമിന്റെ കമ്മീഷണറിലെ ഭരത് ചന്ദ്രൻ IPS ആയി മാറുകയായിരുന്നു

മുകേഷിന്റെയും സിദ്ധിക്കിന്റെയും ചോദ്യങ്ങൾക്കു തട്ടിക്കയറിയും ചൂടായും ഭരത് ചന്ദ്രൻ സ്റ്റൈലിൽ ചാനലുകാരോട് മറുപടി പറഞ്ഞു നിൽക്കുമ്പോൾ ആണ് കൂനിന്മേൽ കുരുപോലെ അടുത്തത് വരുന്നത് മണിയൻപിള്ള രാജുവും ഇടവേള ബാബുവും രണ്ടു പേരുടെയും കേസുകൾ പീഡനം തന്നെ. ഇതിനെ പറ്റി ചോദിക്കുവാൻ ചെന്ന ചാനലുകാരെ ഭരത് ചന്ദ്രൻ തള്ളിയെന്നും കയ്യേറ്റം ചെയ്തു എന്നും ഒക്കെയാണ് മാധ്യമങ്ങൾ ആരോപിക്കുന്നത്

ഏറ്റവും ഒടുവിൽ എമ്പുരാൻ സിനിമ വിവാദം ആകുകയും സി പി എം ന്റെ കേരളത്തിലെ പ്രതിനിധികൾ ലോക്സഭയിലും രാജ്യ സഭയിലും എമ്പുരാൻ സിനിമയുമായി ബന്ധപ്പെട്ടു ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തപ്പോൾ മറുപടി പറഞ്ഞത് സിനിമയുടെ താങ്ക് യു കാർഡിൽ പേരുണ്ടായിരുന്ന ഭരത് ചന്ദ്രൻ ആണ്

ലോക്സഭയിൽ പ്രശ്നം അവതരിപ്പിച്ചത് പാവം കെ രാധാകൃഷ്ണൻ ആണ് രാധാകൃഷ്ണൻ ഭരത് ചന്ദ്രന്റെ മുഖത്ത് നോക്കാതെ മുക്കിയും മൂളിയും നിലവിളിച്ചും വിഷയം അവതരിപ്പിച്ചപ്പോൾ ഭരത് ചന്ദ്രൻ ശാന്തമായി മറുപടി നൽകി

രാജ്യസഭയിൽ പ്രശ്നം ഉന്നയിച്ചത് പണ്ടു കൈരളി ചാനൽ തുടങ്ങാൻ പിണറായി വിജയനെ നിർബന്ധിപ്പിച്ചു ചാനൽ തുടങ്ങി കഴിഞ്ഞപ്പോൾ കൈരളി ക്ലച്ചു പിടിക്കാതെ വന്നു ഒടുവിൽ പണി പഠിച്ചിട്ടുവാ എന്നു പറഞ്ഞു പിണറായി ഓടിച്ചു ഏഷ്യാനെറ്റിൽ വിട്ട ജോൺ ബ്രിട്ടാസ് ആണ്. ബ്രിട്ടാസ് ഇരുപതാം നൂറ്റാണ്ടിലെ സാഗർ ഏലിയാസ് ജാക്കിയെ പോലെ അലറി വിളിച്ചെങ്കിലും ഭരത് ചന്ദ്രൻ വീട്ടിൽ പോയി പറഞ്ഞാൽ മതിയെന്ന് പറഞ്ഞതോടെ പിന്നെ ബ്രിട്ടാസിന്റെ പൊടിപോലും കണ്ടുപിടിക്കാൻ ഇല്ല

സി പി എം ഇപ്പോൾ ഭരത് ചന്ദ്രനെ പിടിക്കാൻ വിട്ടിരിക്കുന്നത് പിതാവ് ബാലകൃഷ്ണപിള്ളയെ പണ്ടു ഇടമലയാർ കേസിന്റെ പേരിൽ എ കെ ആന്റണി മന്ത്രിസഭയിൽ എടുക്കാതെ മാറ്റി നിർത്തിയപ്പോൾ പകരം മന്ത്രിയായി പിറ്റേന്ന് തന്നെ അങ്കമാലി ട്രാൻസ്പോർട്ട് ബസ്സ്റ്റാൻഡിലെ ശുചിമുറിയിൽ മിന്നൽ പരിശോധന നടത്തി മാധ്യമങ്ങളെ വിളിച്ചു വരുത്തി ഫോട്ടോ എടുത്തു പത്രത്തിൽ കൊടുത്തു മികച്ച മന്ത്രി എന്നു പേരെടുത്ത കെ ബി ഗണേഷ്കുമാറിനെയാണ്

ഇരകൾ എന്ന കെ ജി ജോർജിന്റ സിനിമയിലൂടെ മലയാളത്തിൽ സിനിമ നടൻ ആയെങ്കിലും പത്തു മുപ്പതു വർഷം അഭിനയിച്ചിട്ടും ജനങ്ങൾ ഗണേശൻ സിനിമ നടൻ ആണെന്ന് തിരിച്ചറിഞ്ഞു തുടങ്ങിയത് താൻ നായകനായി I P S പോലീസ് ഓഫീസർ ആയ സിനിമകളിലെ സബ്ഇൻസ്പെക്ടർ വേഷം ഇട്ടു മൂന്നു നാലു സീനുകളിലൂടെ ആണെന്ന് അറിയാവുന്ന ഭരത് ചന്ദ്രൻ ഇനിയിപ്പോൾ ഗണേശനോടും പറയേണ്ടി വരും Just Remember That എന്ന്


LAWSON
travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies

# എമ്പുരാന് വെട്ടേറ്റു, പതിനേഴല്ല, ഇരുപത്തിനാല് !





**ജെ. മാത്യൂസ്**

വെട്ട് ഏൽക്കാതെ മുൻപ് തലയുയർത്തി നിന്നവർ ഓർമ്മയിൽ വരുന്നു.

അതിൽ ഒ ന്നാണ് മഹാ കവി കുമാരനാശാന്റെ 1922-ൽ പ്രസിദ്ധീകരിച്ച ദുരവസ്ഥ.

ശ്രേഷ്ഠകുലജാതയായ ബ്രാഹ്മണയുവതി-സാവിത്രി, തീണ്ടൽപ്പാട് അകലെ മാറ്റി നിറുത്തേണ്ട നീചജാതിയിൽപ്പെട്ട പുലയനെ-ചാത്തനെ പ്രേരിപ്പിച്ച് ഭർത്താവായി സ്വീകരിക്കുന്നു!

ഈ 'ദുരവസ്ഥ'യിൽ രക്തം തിളച്ചവർ അന്ന് ഉണ്ടായിരുന്നു.പക്ഷേ, വാളെടുത്തില്ല, വെട്ടിയില്ല!

'മുന്പോട്ടു കാലം കടന്നുപോയി', നൂറിലേറെ വർഷങ്ങൾ. പക്ഷേ, ഇന്നാണെങ്കിൽ, സാവിത്രയേയും ചാത്തനേയും അവരുടെ പുലമാടത്തിൽ പിടിച്ചുകെട്ടിയിട്ട്, വിശ്വാസികൾ

തീ വയ്ക്കും, ഉറപ്പാണ് ! ആ ചാന്പൽ കുമാരനാശാന്റെ മുഖത്തേക്ക് വലിച്ചെറിയും!


**മുന്പോട്ടാണോ നമ്മുടെ പോക്ക് ?**

നിർമാല്യം വെളിച്ചം കണ്ടത് 1973-ലാണ്. 1974-ൽ പ്രശസ്തമായ കേരള ഫിലിം അവാർഡ് നേടിയ മൂവി. നിർമാല്യത്തിൽ വെളിച്ചപ്പാടായി അഭിനയിച്ച പി. ജെ. ആന്റണി, 1974-ൽ ഏറ്റവും നല്ല നടനുള്ള ദേശീയഅവാർഡിന് അർഹനായി. കഠിനമായ ദാരിദ്ര്യവും ഗുരുതമായ ജീവിതപ്രശ്നങ്ങളും ശ്വാസം മുട്ടിച്ചപ്പോൾ, രക്ഷക്കുവേണ്ടി പ്രാർഥിച്ചത് ദേവിയോടാണ്. വിശ്വാസത്തോടെ പൂജിച്ചിട്ടും ഹൃദയമുരുകി പ്രാർഥിച്ചിട്ടും ദേവിയാകട്ടെ കണ്ണുതുറന്നില്ല. വിശപ്പടക്കാൻ ഭാര്യക്ക് അരുതാത്തത് ചെയ്യേണ്ടിവന്നു! വെളിച്ചപ്പാട് അകെ തകർന്നു, അതിരുവിട്ട നൈരാശ്യവും അടക്കാനാവാത്ത കോപവും അയാളിൽ ആളിക്കത്തി. ദേവിയുടെ മുൻപിൽ ഉറഞ്ഞുതുള്ളി. സ്വയംവെട്ടി മുറിവേൽപ്പിച്ചു. ആകെത്തകർന്ന ആ മനുഷ്യൻ കാർക്കിച്ചു തുപ്പി ദേവീവിഗ്രഹത്തിൽ! ദേവിയെ നിന്ദിച്ചതിൽ അമർഷമുള്ളവർ അന്നുണ്ടായിരുന്നു, പലരും. പക്ഷേ, അന്ന് ആരും വാളെടുത്തില്ല, വെട്ടിയില്ല.

അര നൂറ്റാണ്ടിലേറെ കഴിഞ്ഞു ഇന്ന്, ഇന്നാണെങ്കിൽ, പി. ജെ. ആന്റണിയുടെ

തലവെട്ടും വിശ്വാസികൾ!


**നൂറ്റാണ്ടുകളായി ത്യാഗം സഹിച്ചും സമരം ചെയ്തും നേടിയെടുത്ത മാനുഷിക മൂല്യങ്ങൾ ഇന്ന് തകർക്കപ്പെടുകയാണ്. ഇതിനെതിരേ ശബ്ദിക്കേണ്ടവർ അധികവും മൗനത്തിലാണ്. പ്രതികരണശേഷിയെ തളർത്തിക്കളയുന്ന ഭയം. സ്വതന്ത്രചിന്തയെ പ്രതിരോധിക്കാൻ ഫാസിസ്റ്റുകൾ ഫലപ്രദമായി പ്രയോഗിക്കുന്ന ആയുധമാണ് ഭയപ്പെടുത്തൽ. എന്പുരാന് വെട്ടേറ്റപ്പോൾ, പ്രതിലോമ ശക്തികൾക്കെതിരെ പ്രതിഷേധശബ്ദം ഉയർത്തേണ്ട പലരും മൗനികളായത് എന്തുകൊണ്ടാണ് ? നൂറ്റാണ്ടുകളായി നേടിയെടുത്ത മാനുഷിക മുല്യങ്ങളെല്ലാം ഇട്ടുപേക്ഷിച്ച് പിൻപോട്ടുനടക്കുകയാണോ നമ്മൾ?**




**മുൻപോട്ടാണോ നമ്മുടെ പോക്ക്?**

സ്നേഹവും സഹനവും ജീവിതശൈലിയാക്കി മാതൃക കാണിക്കേണ്ട പുരോഹിത മേധാവികൾ വഴിതെറ്റി പെരുമാറിയതിൽ കൊച്ചച്ചൻ വേദനിച്ചു. മനുഷ്യത്വരഹിതമായ സഭാനേതൃത്വത്തിന്റ കൽപ്പനയിൽ അദ്ദേഹം അന്‌പരന്നുപോയി! ശക്തമായ തന്റെ പ്രതിഷേധമറിയിച്ചുകൊണ്ട് ളോഹയൂരി ബിഷപ്പിനു നേരെ വലിച്ചെറിഞ്ഞു, സ്വതന്ത്രമായ ജീവിതത്തിലേക്കുള്ള 'വഴി തുറന്നു'!

1956-ൽ 'വഴിതുറന്നു' എന്ന നാടകത്തിലൂടെ തിരുവസ്ത്രത്തെ അപമാനിച്ചതിലും തിരുമേനിയെ ധിക്കരിച്ചതിലും പൊൻകുന്നം വർക്കിയോട് വിശ്വാസികൾക്ക് അമർഷമുണ്ടായിരുന്നു! പക്ഷേ, ആരും വഴി മുടക്കിയില്ല.




പക്ഷേ, ഏഴു പതിറ്റാണ്ടിനുശേഷം ഇന്നാണെങ്കിൽ, കൊച്ചച്ചനെതിരെ കുരിശുയുദ്ധം പ്രഖ്യാപിക്കും. പൊൻകുന്നം വർക്കിയുടെ 'വഴി' അടക്കും.

**മുൻപോട്ടാണോ നമ്മുടെ പോക്ക് ?**

സാമൂഹ്യ പരിവർത്തന സന്ദേശം മുഴങ്ങികേൾക്കുന്ന ഒരു നാടകമാണ് 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് '. വി. റ്റി. ഭട്ടതിരിപ്പാടാണ് നാടകകൃത്ത്.

1929-ൽ ആദ്യം അവതരിപ്പിക്കപ്പെട്ടു. 'ശ്രേഷ്ഠകുലജാതരായ' ബ്രാഹ്മണ സ്ത്രീകൾ നേരിട്ടിരുന്ന ക്രൂരമായ ആചാരങ്ങളെ തുറന്നുകാണിച്ച നാടകം, വിപ്ലവകരമായ മാറ്റത്തിനുള്ള ശക്തമായ അഹ്വാനമായിരുന്നു! മനുസ്മൃതി വെല്ലുവിളിക്കപ്പെട്ടു. ഈ നാടകത്തെ എതിർത്തിരുന്നവർ ഉണ്ടായിരുന്നു ബ്രഹ്മണ സമുദായത്തിൽ അന്ന്. പക്ഷേ, ആരും കല്ലെറിഞ്ഞില്ല.

ഒരുനൂറ്റാണ്ടോളം പിന്നിട്ടശേഷം, ഇന്നാണ് ആ നാടകം ആദ്യം അവതരിപ്പിക്കുന്നതെങ്കിൽ 'മതാചാരങ്ങളെ ചോദ്യം ചെയ്യുന്നു' എന്നപേരിൽ പലർക്കും ചോര തിളക്കും. നാടകക്കാരെ കൂട്ടത്തോടെ 'അരംഗത്തുനിന്ന് അടുക്കളയിലേക്ക് ' അടിച്ചോടിക്കും!

**മുൻപോട്ടാണോ നമ്മുടെ പോക്ക് ?**

നമ്മുടെ അഭിപ്രായ പ്രകടനത്തെയും ആവിഷ്കാര സ്വാതന്ത്ര്യത്തെയും ഏകപക്ഷീയമായി നിയന്ത്രിക്കുകയും, ബലാൽക്കാരേണ നിരോധിക്കുകയും ചെയ്യുന്ന ഈ പ്രതിലോമകാ രികൾക്ക് എങ്ങനെ കിട്ടി ഇത്രകണ്ട് സ്വാധീന ശക്തി?

പണ്ട്, മുത്തശ്ശി പറഞ്ഞു പേടിപ്പിച്ചിരുന്ന ഒരു ഞാഞ്ഞുൽ കഥയുണ്ട്. ''സൂര്യഗ്രഹണ സമയത്ത് ഞാഞ്ഞൂലിന് നട്ടെല്ലുണ്ടാകും, വിഷപ്പല്ലുമുളക്കും. സൂര്യന്റെ അഭാവത്തിൽ ഞാഞ്ഞൂലുപോലും വിഷപ്പാന്പാകും!'

സ്കൂളിൽ പോയി സയൻസ് പഠിച്ചപ്പോൾ, മുത്തശ്ശിയുടെ ഞാഞ്ഞുൽ കഥയിൽ കഥയില്ലെന്നു ബോദ്ധ്യപ്പെട്ടു. പക്ഷേ ഇന്ന്, 'ഞാഞ്ഞൂലുകൾ' വിഷപ്പാന്പാകുന്പോൾ മുത്തശ്ശിക്കഥയിലും കഥയുണ്ടല്ലോ എന്ന് തോന്നിപ്പോകുന്നു!

നൂറ്റാണ്ടുകളായി ത്യാഗം സഹിച്ചും സമരം ചെയ്തും നേടിയെടുത്ത മാനുഷിക മൂല്യങ്ങൾ ഇന്ന് തകർക്കപ്പെടുകയാണ്. ഇതിനെതിരേ ശബ്ദിക്കേണ്ടവർ അധികവും മൗനത്തിലാണ്. പ്രതികരണശേഷിയെ തളർത്തിക്കളയുന്ന ഭയം. സ്വതന്ത്രചിന്തയെ പ്രതിരോധിക്കാൻ ഫാസിസ്റ്റുകൾ ഫലപ്രദമായി പ്രയോഗിക്കുന്ന ആയുധമാണ് ഭയപ്പെടുത്തൽ. എന്പുരാന് വെട്ടേറ്റപ്പോൾ, പ്രതിലോമ ശക്തികൾക്കെതിരെ പ്രതിഷേധശബ്ദം ഉയർത്തേണ്ട പലരും മൗനികളായത് എന്തുകൊണ്ടാണ് ? നൂറ്റാണ്ടുകളായി നേടിയെടുത്ത മാനുഷിക മുല്യങ്ങളെല്ലാം ഇട്ടുപേക്ഷിച്ച് പിൻപോട്ടുനടക്കുകയാണോ നമ്മൾ?

എന്പുരാന് ഏൽക്കേണ്ടിവന്ന ഓരോ വെട്ടും മുറിവേൽപിച്ചത് കലാ സാഹിത്യ ആവിഷ്കാര സ്വാതന്ത്ര്യത്തെയാണ്.

കലാ-സാഹിത്യ സുഹൃത്തുക്കളേ, നാം പോകേണ്ടത് മുന്നോട്ടാണ് ! നമ്മെ നയിക്കേണ്ടത് ഭയമല്ല, മാനവീയതയാണ്.

# വഖഫ് ഭേദഗതി കഴിഞ്ഞു; ഇനി ലക്ഷ്യം ചർച്ച്ബില്ലോ?



ഷോളി കുമ്പിളുവേലി

വഖഫ് ഭേദഗതിബിൽ പാർലമെന്റ് പാസാക്കിയതിൻറെ പിറ്റേദിവസം തന്നെ ആർ. എസ്. എസ് മുഖപത്രമായ 'ഓർഗനൈസർ' പ്രസിദ്ധീകരിച്ച ലേഖനത്തിൽ, കത്തോലിക്കാ സഭയുമായി താരതമ്യം ചെയ്യുമ്പോൾ വഖഫ്ഭൂമി നിസ്സരമാണെന്നും, ഭാരത സർക്കാർ കഴിഞ്ഞാൽ ഏറ്റവുംകൂടുതൽ ഭൂമികൈവശം വച്ചിരിക്കുന്നത് കത്തോലിക്കസഭയാണെന്നുള്ള പരാമർശം അത്രക്കു 'നിഷ്കളങ്കമാണെന്നു' പ്രഥമദൃഷ്ട്യാ തോന്നുന്നില്ല. എന്നാൽ രാഷ്ട്രീയമായി മുനമ്പത്തു കിട്ടിയ 'മുൻതൂക്കം' നഷ്ടപ്പെടുമെന്നുള്ള ആരുടെയോ ഉപദേശപ്രകാരം, വെബ്സൈറ്റിൽനിന്നും ലേഖനം പിൻവലിച്ചെങ്കിലും, അത് 'എഴുതിയവരുടെ' മനസ്സിൽ നിന്നും മായ്ച്ചുകളയാൻ കഴിയില്ലല്ലോ ? 2012 ൽ എഴുതിയ ലേഖനമാണെന്നും 'അബദ്ധത്തിൽ' പ്രസിദ്ധീകരിച്ചതാണെന്നുള്ള ന്യായീകരണം ഉടനെ തന്നെ വന്നു. അപ്പോൾ 2012 മുതലേ, ആർ. എസ്. എസിൻറെ ചിന്തയിൽ ഈ വിഷയമുണ്ടെന്നു അനുമാനിക്കാം. ആർ. എസ്. എസ് പോലെ കേഡർസ്വഭാവമുള്ള ഒരുസംഘടനയുടെ മുഖപത്രത്തിൽ യാതൊരു അവധാവനയും കൂടാതെ ഇത്തരത്തിൽ ഒരുലേഖനം പ്രസിദ്ധീകരിക്കുമെന്നു കരുതാൻ കഴിയുമോ?

വഖഫ് ആക്റ്റിന്റെ 'ചിറകുകൾ' അരിയണമെന്ന് ഇൻഡ്യയിലെ ക്രിസ്ത്യാനികളോ പ്രത്യേകിച്ച് കത്തോലിക്കസഭയോ ആവശ്യപ്പെട്ടില്ല. എന്നാൽ വഖഫ്ആക്ടിലെ ചില കാലഹരണപ്പെട്ട വകുപ്പുകളിൽ കാലോചിതമായ ഭേദഗതികൾ കൊണ്ടുവരണമെന്ന്, മുനമ്പം നിവാസികൾ ഉൾപ്പെടെ അത്തരം വകുപ്പുകളുടെ ഇരകളായായി, സ്വന്തംകിടപ്പാടം പ്പോലും നഷ്ടപ്പെടുമെന്നുള്ളവർ ആവശ്യപ്പെട്ടിരുന്നു. അത് തികച്ചും ന്യായവുമാണ്. പണം കൊടുത്തു ഭൂമി വാങ്ങി, തലമുറകളായി താമസിക്കുന്നവർക്ക് 'വഖഫ്' എന്ന് പറഞ്ഞു ഒരുനിമിഷം കൊണ്ട് എല്ലാം നഷ്ടപ്പെടുമെന്ന അവസ്ഥ ഒരു ജനാധിപത്യ രാജ്യത്തു ഭൂഷണമല്ലല്ലോ.

ഇൻഡ്യയുടെ ഭരണഘടന മതന്യൂനപക്ഷങ്ങൾക്കു ചില പ്രത്യേക പരിഗണകൾ നൽകുന്നുണ്ട്. അത് അവരുടെ നിലനിൽപ്പിനുവേണ്ടിയാണ്. ഇൻഡ്യയിൽ മുസ്ലിം സമുദായം ഏതാണ്ട് പതിനഞ്ചു ശതമാനത്തോളം വരും. ക്രിസ്ത്യാനികൾ എല്ലാവരും ചേർന്നെ്വറുംരണ്ടു ശതമാനം



മാത്രമാണുള്ളത്. ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കൾ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് എൻപതു ശതമാനത്തോളം വരും. അതുപോലെ ബിജെപിക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നേടാനായതു, ആകെ പോൾചെയ്തതിന്റെ മുപ്പത്തേഴു ശതമാനം വോട്ടാണ്. കോൺഗ്രസിന് ഇരുപത്തൊന്നു ശതമാനംവോട്ടും കിട്ടി. എന്നാൽ ബിജെപിക്ക് ചില നോർത്ത്ഇന്ത്യൻ സംസ്ഥാനങ്ങളിൽ ശരാശരി നാൽപ്പതു ശതമാനം വോട്ടു നേടാനായി. പക്ഷെ കേരളത്തിൽ പതിനാറു ശതമാനവുംതമിഴ്നാട്ടിൽ പതിനൊന്നു ശതമാനമേ നേടാനുമായുള്ളു. അതായതു സൗത്ത് ഇൻഡ്യ, ബിജെപിക്ക് ഇപ്പോഴും ഒരു ബാലികേറാമല തന്നെയാണ്.

ബിജെപിക്കു നോർത്ത് ഇന്ത്യയിലെവോട്ടു ശതമാനം നിലനിർത്തണമെങ്കിൽ, അവിടെ ഹിന്ദുവർഗീയത പറയുകതന്നെവേണം. ഹിന്ദുവിശ്വാസികൾ പൊതുവേഎല്ലാവരേയും ഉൾക്കൊള്ളുന്ന, വളരെയേറെ സഹിഷ്ണുതയുള്ള ജനവിഭാഗമാണ്. എന്നാൽ എല്ലാ വിഭാഗങ്ങളിലെന്നപോലെ, വിശ്വഹിന്ദുപരിഷിത്, ബജ്രങ്ദൾ തുടങ്ങി ചില തീവ്രവിഭാഗങ്ങളുമുണ്ട്. പലപ്പോഴും ഇവർ ന്യൂനപക്ഷങ്ങൾക്കു നേരെ നടത്തുന്ന അക്രമങ്ങളെ, ബിജെപിക്ക് ന്യായീകരിക്കേണ്ടതായോ, അതല്ലങ്കിൽ ഈ അക്രമങ്ങൾക്കുനേരെ കണ്ണടക്കേണ്ടതായോ വരുന്നു. കാരണം, ഈ വിഭാഗങ്ങൾ ബിജെപിയുടെ 'ഫിക്സഡ്ഡിപ്പോസിറ്റ്' വോട്ടുകളാണ്. നോർത്ത് ഇന്ത്യയിലെബിജെപിയുടെ ജൈത്രയാത്രയുടെ പിന്നിലും ഇത്തരം ശക്തികളുടെ പിൻബലമാണുള്ളത്. അതുകൊണ്ടു ഒരു കാരണവശാലും ബിജെപി സർക്കാരുകൾ അവർക്കെതിരെ ശക്തമായ ഒരു നടപടിയും സ്വീകരിക്കില്ല.

ബിജെപി, ക്രിസ്ത്യൻ സ്നേഹംകേരളത്തിൽ പറയുമ്പോഴും, നോർത്തത ഇൻഡ്യയിൽ വൈദികരും, കന്യാസ്ത്രീകളും, അല്മമായരുമൊക്കെ സ്ഥിരമായി ആക്രമിക്കപ്പെടുന്നു. തിരിച്ചടിയ്ക്കാത്തവരെ മർദ്ദിഡിക്കുക വളരെ എളുപ്പമാണല്ലോ കേരളത്തിൽ ക്രിസ്ത്യാനികളെ, പ്രത്യേകിച്ച് മുനമ്പംകാരെ ബിജെപി 'നെഞ്ചോടു' ചേർത്തു നിർത്തിയ ദിവസം തന്നെയാണ്, മധ്യപ്രദേശിലെ ജബൽപ്പൂരിൽ വലിയ നോമ്പിന്റെ ഭാഗമായി തീർഥാടനം നടത്തിക്കൊണ്ടിരുന്ന അൻപതോളംവരുന്ന, സ്ത്രീകളും കുട്ടികളും അടങ്ങിയ കത്തോലിക്കരെ, ബജ്രങ്ദൾപ്രവർത്തകർ ആക്രമിച്ചത് അതിനു പരാതി പറയാൻ പോലീസ്സ്റ്റേഷനിൽ ചെന്ന ഫാ. ഡേവിഡ് ജോർജ്, ഫാ. ജോർജ് തോമസ്എന്നീ മലയാളികളായ കത്തോലിക്ക വൈദികരെ പോലിസിന്റെ മുന്നിലിട്ടും മർദ്ദിച്ചു. വിവിധ ഇടങ്ങളിൽനിന്നും സമ്മർദ്ദമുണ്ടായപ്പോൾ, പേരറിയാത്ത, കണ്ടാൽ തിരിച്ചറിയൻ സാധിക്കാത്ത രണ്ടോമൂന്നോ പേർക്കെതിരെ കേസെടുത്തു. അത്രയേയുള്ളൂശിക്ഷ! അന്നേദിവസം തന്നെ ഒഡീസയിലും മലയാളിയായ ഫാ. ജോഷിജോർജുംആക്രമിക്കപ്പെട്ടു. ഇതൊരു തുടർക്കഥയാണ്. കഴിഞ്ഞ വർഷംമാത്രം എണ്ണൂറിലധികം അക്രമങ്ങളാണ് ക്രിസ്ത്യാനികൾക്ക് നേരെ ഇന്ത്യയിൽ റിപ്പോർട്ടു ചെയ്തിട്ടുള്ളത്. ഏതെങ്കിലും കേസിൽ ആരെങ്കിലും ശിക്ഷിക്കപ്പെട്ടോ എന്ന് ചോദിക്കേണ്ട കാര്യം പോലുമില്ല.

മുസ്ലിം സമുദായത്തിൽ, ചെറിയ ന്യൂനപക്ഷമാണെങ്കിൽകൂടി, ഉണ്ടായിട്ടുള്ള തീവ്രവാദ പ്രവണതകൾ ,ആ സമുദായത്തിൻറെ തന്നെ സൽപ്പേരിനു വളരെ കളങ്കമുണ്ടാക്കിയിട്ടുണ്ട്. അത് അവർ തന്നെ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുമുണ്ട്. പക്ഷെ ഇത്മുതലാക്കാൻ പലരും നന്നായി ശ്രമിക്കുന്നുണ്ട്.

കേരളത്തിൽ കളംപിടിക്കാൻ വേണ്ടിബിജെപി പലപ്രീണനങ്ങളുംനടത്തും. മുസ്ലിം സമുദായം, ബിജെപിയുമായി ഒരിക്കലും സന്ധിചെയ്യാത്തതുകൊണ്ടു ക്രിസ്ത്യാനികളുമായി കൂടുതൽ അടുക്കുവാൻ അവർ ശ്രമിക്കും. കേരളത്തിൽ ബിജെപിയുടെ വോട്ടു ശതമാനം കൂട്ടാനുള്ള ഒരുശ്രമമാണത്. അവരുടെ വിജയത്തിന് ക്രിസ്ത്യാനികളുടെവോട്ടു ഒരു പ്രധാനഘടകമല്ലായെന്നു വരുമ്പോൾ, ഉത്തരേന്ത്യയിലെന്ന പോലെ ഇവിടെയും, നമ്മൾ വെറും ഇരകൾ മാത്രമാകും.

ഈ അവസരത്തിൽ, നാസികളെപ്പറ്റി ദൈവശാസ്ത്രപണ്ഡിതനായ ഫ്രഡ്രിച് മാർട്ടിൻ നിമോള്ളർ പറഞ്ഞ വാക്കുകൾ ഇപ്പോഴും പ്രസക്തമാണ്.

(ദൈവശാസ്ത്രപണ്ഡിതനും, ലുഥേറൺ സഭയുടെ പാസ്റ്ററും ആയിരുന്ന മാർട്ടിൻ നിമോള്ളർ, അഡോഫ് ഹിറ്റ്ലറെ ജർമനിയിൽ അധികാരത്തിൽ കൊണ്ടുവരുവാൻ മുൻനിരയിൽ പ്രവർത്തിച്ച വ്യക്തിയാണ്, എന്നാൽ അധികാരത്തിൽവന്നപ്പോൾ ഹിറ്റ്ലറുടെ സ്വഭാവം മാറി. ലക്ഷകണക്കിന് നിരപരാധികളെ കൊന്നൊടുക്കി. ലോകം കണ്ട ഏറ്റവും വലിയ നരഹത്യ. മാർട്ടിൻ നിമോള്ളരിനെ പോലുള്ളവർ ഹിറ്റ്ലർക്ക് എതിരായി മാറി. പിന്നീട് മാർട്ടിൻ നിമോള്ളർ 'നാസി'കളെകുറിച്ച് എഴുതിയവാക്കുകൾ വളരെ പ്രസിദ്ധമാണ്.)

'ആദ്യം അവർ സോഷ്യലിസ്റ്റുകളെ തേടി വന്നു; ഞാൻ പ്രതികരിച്ചില്ല, കാരണം ഞാനൊരു സോഷ്യലിസ്റ്റ് അല്ലായിരുന്നു.

പിന്നെ അവർ തൊഴിലാളികളെ തേടിവന്നു; ഞാൻ പ്രതികരിച്ചില്ല, കാരണം ഞാനൊരു തൊഴിലാളി ആയിരുന്നില്ല

പിന്നീടവർ ജൂതൻമാരെ തേടിവന്നു







# മലയാളം സൊസൈറ്റി ഓഫ് ഹ്യൂസ്റ്റണിനിൽ 'ധ്യാനം ധന്യം'

മലയാളം സൊസൈറ്റിയുടെ 2025 ഏപ്രിൽ മാസവും മീറ്റിംഗ് ആറാംതീയതി വൈകിട്ട് നാലുമണിക്ക് നടത്തപ്പെട്ടു. സെക്രട്ടറി ജോർജ് പുത്തൻകുരിശ് ഏവരേയും സ്വാഗതംചെയ്തു. 'ധ്യാനം ധന്യം' എന്ന ചെറുകഥ, കഥാകൃത്തും കവിയുമായ ജോസഫ്തച്ചാറ അവതരിപ്പിച്ചു. ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി ധ്യാനത്തിന്മാത്തച്ചൻ ദേവാലയത്തിൽ എത്തുന്നു. അവിടെ അദ്ദേഹം ധ്യാനത്തിൽ മുഴുകി ഇരിക്കുമ്പോളാണ് എനിക്ക് ചിലകാര്യങ്ങൾ പറയാനുണ്ട് എന്നു പറഞ്ഞ്കൊണ്ട് ഒരു ചെറുപ്പക്കാരൻ രംഗപ്രവേശം ചെയ്യുന്നത്. ധ്യാനത്തിലായിരുന്ന മാത്തച്ചൻ ഒരുകണ്ണ് തുറന്നു നോക്കിയപ്പോൾ, മൈക്ക് പിടിച്ചു നിൽക്കുന്ന ഒരു ചെറുപ്പക്കാരനെയാണ് കണ്ടത്. അയാൾ സ്വയം പരിചയപ്പെടുത്തുകയാണ്. എന്റെ പേര് ഡൊമനിക്ക്, ''ഞാൻ അല്പം മദ്യപിച്ചിട്ടുണ്ട്.'' അല്പമല്ല ശരിക്ക് മദ്യപിച്ചിട്ടുണ്ടെന്ന് അയാളുടെ തുടർന്നുള്ള വർത്തമാനത്തിൽനിന്ന് മാത്തച്ചൻ മനസിലാക്കി. അയാൾ ദേവാലയങ്ങളിൽ നടക്കുന്ന അഴുമതികളെയും പുരോഹിതവർഗ്ഗത്തിന്റ സന്മാർഗ്ഗിക ജീവിതത്തെകുറിച്ചുമൊക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുകയാണ് ഈ സമയത്താണ് കുറെ ചെറുപ്പക്കാർ കൂടി അയാളെ പൊക്കിയെടുത്ത് പുറത്തേക്ക് കൊണ്ടുപോയത്. മാത്തച്ചൻ ധ്യാനം കഴിഞ്ഞു പുറത്തുവന്നപ്പോൾ കണ്ടത് 'ചോര ഒലിപ്പിച്ചു' നിൽക്കുന്ന ചെറുപ്പക്കാരെനെയാണ്. മാത്തച്ചൻ അയാളെ രക്ഷിച്ചു വീട്ടിൽകൊണ്ട് ചെന്നാക്കുന്നതോടെ കഥ അവസാനിക്കുന്നു.

തുടർന്നു നടന്നു ചർച്ചയിൽ ഏവരും സജ്ജീവമായി പങ്കെടുത്തു. ഇന്ന് സമൂഹത്തിൽ വളർന്നു വന്നുകൊണ്ടിരിക്കുന്ന ദുഷിച്ച പ്രവണതകൾ പുതിയ തലമുറയെ ചിന്തിപ്പിക്കുന്നു എന്നതിന്റെ പ്രതിഫലനമായിരുന്നു ഡൊമിനക്കെന്ന കഥാപാത്രത്തിലൂടെ കേട്ടതെന്ന് അഭിപ്രായ പ്രകടനത്തിൽ ഉയർന്നുകേട്ടു. സാമൂഹ്യസംസ്കരണത്തിന് ഉത്തരവാദിത്വപ്പെട്ടവർ അത് ലംഘിക്കുമ്പോൾ 'അച്ചന്മാരെല്ലാം വ്യഭിചാരികൾ' എന്ന് ഡൊമിനിക്ക് വിളിച്ചുപറയുന്നതിൽ സമകാലികസംഭവങ്ങൾ പ്രതിബിംബിക്കുന്നെങ്കിൽ അത്ഭുതപ്പെടാനില്ലായെന്നുമുള്ള അഭിപ്രായം ചിലരിൽ നിന്നുണ്ടായി. ഒരാൾ കുറ്റം ചെയ്യതതുകൊണ്ട് ആ സമൂഹം മുഴുവൻ കുറ്റവാളികൾ ആകുന്നതെങ്ങനെ എന്ന ചോദ്യവും ഉയർന്നു. കഥയുടെ ശൈലി, സാങ്കേതികതയുമൊക്കെ ചർച്ചാ വിഷയമായി. പ്രൊഫ. വി. വി .ഫിലിപ്പ്, എ. സി. ജോർജ്, ശ്രീമതി. പൊന്നുപിള്ള, ജെയിംസ്ചിറ തടത്തിൽ, ജോസഫ്തച്ചാറ, ജോർജ് പുത്തൻകുരിശ് .ഡോക്ടർ. ജോസഫ് പോന്നോലി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. മലയാളം സൊസൈറ്റിയുടെ വൈസ് പ്രസിഡണ്ട് ശ്രീമതി. പൊന്നുപിള്ള കൂടി വന്നവരോടുള്ള നന്ദി പ്രകാശിപ്പിച്ചു. മലയാളം സൊസൈറ്റിയുടെയും മീറ്റിംഗ് കൈകാര്യം ചെയ്യുന്ന എ .സി. ജോർജിനോടുള്ള പ്രത്യേക നന്ദിയും രേഖപ്പെടുത്തി.






MALABAR
GOLD & DIAMONDS
Celebrate with Savings!
Pay 10%
Advance & Get
Gold Rate Protection
Advance valid until
30th April, 2025
Get a FREE
Diamond Gift Voucher
worth USD 50
On first booking until
13th April, 2025
*T&C Apply




# കനത്ത ബന്തവസോടെ റാണ ഡൽഹിയിൽ;

## കൊച്ചി സന്ദർശനത്തിന്റെയും ചുരുളഴിയും

emalayalee.com

എ.എസ് ശ്രീകുമാർ

അമേരിക്ക വിട്ടുനൽകിയ കൊടും ഭീകരൻ തഹാവൂർ ഹുസൈൻ റാണയെ അതീവ സുരക്ഷയോടെയാണ് ഇന്ന് ഉച്ചയോടുകൂടി ഇന്ത്യയിലെത്തിച്ചത്. ലോസ് ആഞ്ചലസിലെ ജയിലിൽ കഴിഞ്ഞിരുന്ന റാണയെയും വഹിച്ചുള്ള വിമാനം ഡൽഹിയിലെ പാലം എയർ ഫോഴ്സ് സ്റ്റേഷനിൽ ഇറങ്ങും മുമ്പേ തലസ്ഥാന നഗരം കനത്ത സുരക്ഷയിലായിരുന്നു. എൻ.ഐ.എയുടെ ചോദ്യം ചെയ്യലിന് വിധേയനാവുന്ന റാണയെ തിഹാർ ജയിലിൽ അതീവസുരക്ഷാ ക്രമീകരണങ്ങളോടെ പാർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. തുടർന്ന് ഇവിടെനിന്ന് മുംബൈയിലെത്തിക്കുകയാണെങ്കിൽ മുംബൈ ഭീകരാക്രമണക്കേസിൽ തൂക്കിലേറ്റിയ ഭീകരൻ അജ്മൽ കസബിനെ പാർപ്പിച്ച ആർതർ റോഡിലെ സെൻട്രൽ ജയിലിലെ 12-ാം നമ്പർ ബാരക്കിലായിരിക്കും റാണയേയും താമസിപ്പിക്കുക.

മുംബൈ ഭീകരാക്രമണത്തിന്റെ മുഖ്യസൂത്രധാരനായ ലഷ്കറെ തൊയ്ബ ഭീകരൻ ഡേവിഡ് കോൾമാൻ ഹെഡ്‌ലിയുടെ സഹായിയായിരുന്നു റാണ. അമേരിക്കയിൽ ഭീകരാക്രമണങ്ങൾ നടത്താൻ പദ്ധതിയിടുന്നതിനിടെ ഇയാളെ 2019-ലാണ് എഫ്.ബി.ഐ അറസ്റ്റ് ചെയ്തത്. ഇന്ത്യക്ക് കൈമാറാനുള്ള ഉത്തരവിനെതിരെ തഹാവൂർ റാണ നൽകിയ അപേക്ഷ യു.എസ് സുപ്രീം കോടതി തള്ളിയിരുന്നു. ബാല്യകാല സുഹൃത്തും പാക് വംശജനുമായ അമേരിക്കൻ പൗരൻ ഡേവിഡ് കോൾമാൻ ഹെഡ്‌ലിയുമായി ചേർന്ന് ലഷ്കറെ തൊയ്ബയ്ക്കുവേണ്ടി ഭീകരാക്രമണത്തിന് ഗൂഢാലോചന നടത്തിയെന്നാണ് പാക് വംശജനായ കനേഡിയൻ പൗരനും വ്യവസായിയുമായ റാണയ്ക്കെതിരെയുള്ള കേസ്.

റാണയെ ഇന്ത്യക്ക് കൈമാറുന്നതിന് പ്രസിഡന്റ് ട്രംപ് കഴിഞ്ഞമാസമാണ് അനുമതി നൽകിയത്. നരേന്ദ്ര മോദിയുമായി നടത്തിയ ചർച്ചയ്ക്ക് ശേഷമാണ് ട്രംപിന്റെ പ്രഖ്യാപനം ഉണ്ടായത്. ''മുംബൈ ഭീകരാക്രമണത്തിൽ കുറ്റാരോപിതനായ വളരെ അപകടകാരിയായ ഒരു മനുഷ്യനെ യു.എസ് ഇന്ത്യയ്ക്ക് കൈമാറുകയാണ്...'' എന്നാണ് ട്രംപ് അന്ന് പറഞ്ഞത്. തഹാവൂർ റാണയെ ഇന്ത്യയ്ക്ക് കൈമാറാനുള്ള അമേരിക്കയുടെ നിലപാടിനെ അഭിനന്ദിച്ച മോദി ട്രംപിനെ നന്ദി അറിയിക്കുകയും ചെയ്തു. റാണയെ ഇന്ത്യയിലെത്തിച്ച പശ്ചാത്തലത്തിൽ പ്രതികരണത്തിൽ നിന്ന് പാകിസ്ഥാൻ ഒഴിഞ്ഞുമാറി. റാണ കനേഡിയൻ പൗരനാണെന്നാണ് പാക്

വിദേശകാര്യ വക്താവ് പറഞ്ഞത്.

മുംബൈയിൽ 2008 നവംബർ 26-ന് ആസൂത്രിതമായ 10 ഭീകരാക്രമണങ്ങളാണ് ഉണ്ടായത്. രാത്രി 8 മണിക്ക് തുടങ്ങിയ ആക്രമണം 60 മണിക്കൂറുകളോളം പിന്നിട്ട് 2008 നവംബർ 29-ന് ഇന്ത്യൻ ആർമി അക്രമിക്കപ്പെട്ട സ്ഥലങ്ങൾ തിരിച്ചു പിടിക്കുന്നതു വരെ നീണ്ടു നിന്നു. ആക്രമണത്തിൽ ആറ് അമേരിക്കക്കാർ ഉൾപ്പെടെ 166 പേർ കൊല്ലപ്പെട്ടു. 327 പേർക്ക് പരിക്കേറ്റതായിട്ടാണ് ഇതുവരെയുള്ള റിപ്പോർട്ട്. താജ് ഹോട്ടൽ, ഒബ്റോയ് ട്രൈഡന്റ് ഹോട്ടൽ, ഛത്രപതി ശിവജി ടെർമിനസ്, ലിയോപോൾഡ് കഫേ, മുംബൈ ചബാദ് ഹൗസ്, നരിമാൻ ഹൗസ്, മെട്രോ സിനിമ എന്നിവിടങ്ങളിലായിരുന്നു ആക്രമണം ഉണ്ടായത്.




കടൽ മാർഗം മുംബൈയിലെത്തിയ 10 പാകിസ്ഥാൻ ഭീകരരാണ് മുംബൈയെ രണ്ടു ദിവസത്തിലധികം മുൾമുനയിൽ നിർത്തിയത്. ദക്ഷിണ മുംബൈയിലാണ് ഈ ആക്രമണങ്ങളിൽ കൂടുതലും നടന്നത്. ഛത്രപതി ശിവജി ടെർമിനസ് റെയിൽവേ സ്റ്റേഷൻ, നരിമാൻ പോയന്റിലെ ഒബ്റോയി ട്രിഡന്റ്, ഗേറ്റ് വേ ഓഫ് ഇന്ത്യയുടെ സമീപത്തുള്ള ടാജ് മഹൽ പാലസ്-ടവർ എന്നീ പഞ്ചനക്ഷത്ര ഹോട്ടലുകൾ, ലിയോപോൾഡ് കഫേ എന്ന മുംബൈയിലെ കൊളാബയിലെ ഒരു ടൂറിസ്റ്റ് റെസ്റ്റോറന്റ്, കാമ ഹോസ്പിറ്റൽ, മുംബൈ ചബാദ് ഹൗസിന്റെ നിയന്ത്രണത്തിലുള്ള ഓർത്തഡോക്സ് ജ്യൂയിഷ്, മെട്രോ ആഡ്ലാബ്സ് തീയേറ്റർ, പോലീസ് ഹെഡ് ക്വോർട്ടേസ് എന്നീ സ്ഥലങ്ങളിലാണ് ഭീകരാക്രമണങ്ങൾ നടന്നത്.

പോലീസ് ഹെഡ് ക്വാർട്ടേർസിൽ നടന്ന വെടിവെപ്പിൽ മഹാരാഷ്ട്ര ഭീകരവിരുദ്ധ സ്ക്വാഡിലെ ചീഫ് ഓഫീസറടക്കം 3 ഉന്നത പോലീസ് ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടു. പത്താമത്തെ സ്ഫോടനം നടന്നത് മുംബൈ വിമാനത്താവളത്തിനു സമീപത്തുള്ള വില്ലെ പാർലെയിലായിരുന്നു. മുംബൈ ഭീകരവിരുദ്ധ സേനാ ചീഫ് ഹേമന്ത് കർകരെ, അഡീഷണൽ കമ്മീഷണർ ഓഫീസ് ഓഫ് പോലീസ് അശോക് കാംട്ടെ, എൻകൗണ്ടർ സ്പെഷലിസ്റ്റ് വിജയ് സലസ്കാർ, ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ ശശാങ്ക് ഷിണ്ടെ, ദേശീയ സുരക്ഷാസേന കമാൻഡോയും മലയാളിയുമായ മേജർ സന്ദീപ് ഉണ്ണിക്ക്യഷ്ണൻ, ദേശീയ സുരക്ഷാസേന കമാൻഡോ ഹവാൾദാർ ഗജേന്ദർ സിങ് എന്നിവരും ചത്രപതി ശിവജി ടെർമിനസിലെ മൂന്ന് റെയിൽവേ ഉദ്യോഗസ്ഥന്മാരും കൊല്ലപ്പെട്ടവരിൽ ഉൾപെടുന്നു.

റാണയെ കസ്റ്റഡിയിൽ ലഭിക്കാൻ ഇന്ത്യ അമേരിക്കയ്ക്ക് അപേക്ഷ നൽകിയത് 2019-ലാണ്. റാണ മുംബൈ ഭീകരാക്രമണത്തിലെ മുഖ്യപ്രതിയാണെന്നും അതിനാൽ ഇന്ത്യയ്ക്ക് കൈമാറമമെന്നുമാണ് അപേക്ഷയിൽ വ്യക്തമാക്കിയിരുന്നത്. റാണയെ ഇന്ത്യക്ക് കൈമാറുന്നത് തടയാനാവില്ലെന്ന് യു.എസ് സുപ്രീംകോടതിയും ഉത്തരവിട്ടിരുന്നു. ഇന്ത്യയ്ക്ക് കൈമാറുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് പ്രതി തഹാവൂർ റാണ സമർപ്പിച്ച അടിയന്തര അപേക്ഷയും കോടതി തള്ളി. കുറ്റവാളി കൈമാറ്റ ഉടമ്പടി പ്രകാരം റാണയെ കൈമാറണമെന്ന ഇന്ത്യയുടെ ആവശ്യം കലിഫോർണിയ കോടതി നേരത്തെ അനുവദിച്ചിരുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള കുറ്റവാളി കൈമാറ്റ ഉടമ്പടി പ്രകാരമാണ് റാണയെ കൈമാറിയിരിക്കുന്നത്. ഇതേ കേസിൽ പിടിയിലായ പാക്ക് ഭീകരൻ അജ്മൽ കസബിനെ 2012 നവംബർ 21-ന് തൂക്കിലേറ്റിയിരുന്നു.




അതേസമയം, റാണയെ എൻ.ഐ.എ ഉദ്യോഗസ്ഥർ ചോദ്യംചെയ്യുന്നതോടെ റാണയുടെ കൊച്ചി സന്ദർശനത്തിന്റെ ഉദ്ദേശ്യവും ചുരുളഴിയുമെന്നാണ് കരുതുന്നത്. മുംബൈ ഭീകരാക്രമണത്തിന് ദിവസങ്ങൾക്ക് മുമ്പ് 2008 നവംബർ 16-നാണ് തഹാവൂർ റാണ കൊച്ചിയിൽ എത്തിയത്. മറൈൻ ഡ്രൈവിലുള്ള ഹോട്ടലിൽ 24 മണിക്കൂർ തങ്ങിയ റാണ പിന്നീട് മുംബൈയിലേക്ക് മടങ്ങുകയായിരുന്നു. നടന്നത്. കൊച്ചിക്ക് പുറമേ, ഡൽഹി, ആഗ്ര, അഹമ്മദാബാദ് എന്നിവിടങ്ങളിലും റാണ എത്തിയിരുന്നതായി അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയിരുന്നു. വിദേശ റിക്രൂട്ട്മെന്റ് നടത്താനെന്ന വ്യാജേനയാണ് റാണ കൊച്ചിയിൽ തങ്ങിയതെന്നാണ് എൻ.ഐ.എയുടെ അന്വേഷണത്തിൽ തെളിഞ്ഞത്.

# മിസ്സ് കാനഡ നൊവാകോസ്മോ 2025 കിരീടം ചൂടി മലയാളി ലിനോർ സൈനബ്



ന്യൂസ് കടപ്പാട്: നമ്മൾ ഓൺലൈൻ, കാനഡ

മിസ്സ് കാനഡ നൊവാകോസ്മോ 2025 കിരീടം ചൂടി 20 വയസ്സുള്ള മലയാളി യുവതി ലിനോർ സൈനബ്. മിസ് ഒട്ടാവ 2024 ആയി കിരീടമണിഞ്ഞ് ഒരു വർഷത്തിന് ശേഷമാണ് ഈ ശ്രദ്ധേയമായ നേട്ടം ലിനോർ സൈനബ് നേടിയത്. ലിനോറിന്റെ ഡെഡിക്കേഷൻ, കരിസ്മ, പാഷൻ എന്നിവയാണ് അവരെ ദേശീയ അംഗീകാരത്തിന് അർഹയാക്കിയത്. 2025 ഒക്ടോബറിൽ, നോവകോസ്മോ വേൾഡ്‌വൈഡ് മത്സരത്തിൽ അന്താരാഷ്ട്ര വേദിയിൽ ലിനോർ കാനഡയെ പ്രതിനിധീകരിച്ച് മത്സരിക്കും. ലോകതലത്തിൽ,  കാനഡയെ പ്രതിനിധീകരിക്കാൻ ഏറ്റവും മികച്ചതെന്ന് അവർ വിശ്വസിക്കുന്ന ഗുണങ്ങൾ ലിനോറിൽ ഉള്ളതായി നോവാകോസ്മോ ഓർഗനൈസേഷൻ ലെനോറിനെ പ്രശംസിച്ചു.




കാൽഗറി ഫുട് ഹിൽസ് ഹോസ്പിറ്റലിലെ പീഡിയാട്രിക് വിഭാഗം ഡോക്ടർ മുഹമ്മദ് ലിബാബിന്റെയും ഫാത്തിമാ റഹ്മാന്റേയും മക്കളിൽ മൂത്ത ആളാണ് ലിനോർ. മുഹമ്മദ് ഇമ്രാൻ, ഡന്നിയാൽ എന്നിവർ ആണ് സഹോദരന്മാർ. നാട്ടിൽ ആലുവ സ്വദേശിയാണ് ഡോ: മുഹമ്മദ് ലിബാബ് കറുപ്പംവീട്ടിൽ കുടുംബാഗമാണ്, ഭാര്യ ഫാത്തിമ റഹ്മാൻ . ഏറ്റുമാനൂർ സ്വദേശികളായ സുൽഫിയ റഹ്മാന്റെയും സിദ്ദിക് റഹ്മാന്റെയും കൊച്ചുമകളാണ് ലെനോർ. 1998 ലെ മിസ്സ് വേൾഡ് ആയ ലിനോർ അബർജിലിന്റെ നേട്ടത്തിൽ ആകൃഷ്ടയായാണ് തന്റെ 'അമ്മ തനിക്കു ലിനോർ സൈനബ് എന്ന് പേരിട്ടത് എന്ന് ലിനോർ പറഞ്ഞു. കൂടാതെ ഈ സംഭവം ലിനോറിനു ബ്യൂട്ടി പേജന്റ് കളിൽ പങ്കെടുക്കാൻ ഒരു വലിയ പ്രചോദനം ആയിരുന്നു.

ഇന്ത്യയുടെയും കാനഡയുടെയും സംസ്കാരങ്ങളിൽ ഒരുപോലെ വളർന്ന ലിനോർ, മനുഷ്യാവകാശം, സമത്വം, ഇന്റർസെക്ഷണൽ ഫെമിനിസം എന്ന മൂല്യങ്ങളെ പ്രാമുഖ്യം നൽകി പ്രവർത്തിക്കുന്ന വ്യക്തിയാണ്. ഇൻക്ലൂസിവിറ്റി പ്രൊമോട്ട് ചെയ്യുന്ന പ്ലാറ്റ്ഫോമായ സ്കിൻ-കളേർഡ് ക്രയോൺസിന്റെ സ്ഥാപക കൂടിയാണ് ലിനോർ.

ലെനോർ നിലവിൽ ഓട്ടവ യൂണിവേഴ്സിറ്റിയിൽ  പ്രീ-ലോയിൽ ബിരുദത്തിന് പഠിക്കുകയാണ്. അതോടൊപ്പം നൃത്തം, മോഡലിംഗ്, ദൃശ്യകല എന്നിവയുൾപ്പെടെയുള്ള നിരവധി മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള ലിനോർ, ലോക്കൽ ഹോം ഷെൽട്ടറുകളിൽ സന്നദ്ധ സേവനം സേവനം ചെയ്യുന്നതിനോടൊപ്പം വളർന്നുവരുന്ന തലമുറയ്ക്ക് ആത്മവിശ്വാസം,ലക്ഷ്യബോധം പകർന്ന് നൽകുന്നതിനുള്ള പൊതു പ്രസംഗവേദികളിലെ സ്ഥിര സാന്നിധ്യം കൂടിയാണ് ലിനോർ.


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# ചില ജന്മദിന ചിന്തകൾ



രാജു മൈലപ്രാ

അങ്ങിനെ ആയുസ്സിന്റെ കലണ്ടറിലെ ഒരു താളുകൂടി മറിയുന്നു. ജീവിതത്തിന്റെ “Grace period’ ൽ കൂടി കടന്നുപോകുന്ന ഒരു കാലം. ഊണിലും ഉറക്കത്തിലും നാമറിയാതെ തന്നെ ജീവിത രഥചക്രം മുന്നോട്ടുരുളുകയാണ്. യാത്രയുടെ അന്തിമ ലക്ഷ്യം സുനിശ്ചിതമാണ്. എന്നാൽ എപ്പോൾ, എങ്ങിനെ, എവിടെ....?

‘Age is a Just Number’ എന്നത് വയോധികരെ സന്തോഷിപ്പിക്കാനുള്ള വെറും ഒരു ഭംഗി വാക്കാണ്. എത്ര ചിട്ടയോടുകൂടി ജീവിച്ചാലും അറുപതു കഴിയുമ്പോൾ ശരീരം അതിന്റെ അവശ ലക്ഷണങ്ങൾ പ്രകടിപ്പിച്ചു തുടങ്ങും.

’പാണ്ടൻ നായയുടെ പല്ലിനു ശൗര്യം

പണ്ടേപ്പോലെ ഫലിക്കുന്നില്ല-’

എന്ന തിരിച്ചറിവ് ഉണ്ടാകും.

’ആരോഗ്യം സർവ്വധനാൽ പ്രധാനം’ എന്ന പഴഞ്ചൊല്ലിന്റെ പൊരുൾ ശരിക്കും മനസ്സിലാകും.

പ്രാഥമിക ആവശ്യങ്ങൾ (Activities of daily living) നിറവേറ്റാൻ മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്നതുപോലെ മറ്റൊരു ഗതികേട് ഇല്ല. വാർദ്ധക്യത്തിലേക്ക് കടന്നവർ ’എനിക്കുശേഷം പ്രളയം’ എന്ന ധാരണ ഒഴിവാക്കണം.

’താനൊരു സംഭവമാണെന്നും, താനില്ലാതെ കാര്യങ്ങളൊന്നും ശരിയായി നടക്കില്ല’ എന്നുള്ള മിഥ്യാ ധാരണ മാറ്റണം. സംഘടനകളുടെ തലപ്പത്ത് സ്ഥിരമായി കിടിച്ചുതൂങ്ങി കിടക്കാതെ, യുവജനങ്ങൾക്കായി അവസരമൊരുക്കാനുള്ള നല്ല മനസ്സു കാണിക്കണം.

സ്ഥാനത്തും, അസ്ഥാനത്തും നമ്മുടെ ആശയങ്ങളും അഭിപ്രായങ്ങളും അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്. അത് അംഗീകരിക്കപ്പെടുവാനുള്ള സാധ്യത കുറവാണ്.

എപ്പോഴും സ്റ്റേജിലും, മുൻനിരയിലും ഒരു ഇരിപ്പിടം വേണമെന്നുള്ള വാശി ഉപേക്ഷിക്കണം. താൻകൂടി നിലവിളക്കിന്റെ ഒരു തിരി കൊളുത്തിയാലേ കാര്യങ്ങൾ മംഗളമായി പര്യവസാനിക്കുകയുള്ളൂ എന്നു കരുതരുത്.

ഒരുത്തൻ നിന്നെ വിരുന്നിനു വിളിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുത്- ഒരു പക്ഷെ നിന്നിലും മാനമേറിയവനെ അവൻ വിളിച്ചിരിക്കാം. പിന്നെ നിന്നെയും, അവനെയും ക്ഷണിച്ചവൻ വന്ന്; ’ഇവന് ഇടംകൊടുക്ക’ എന്നു നിന്നോട് പറയുമ്പോൾ, നീ ലജ്ജയോടെ പിൻനിരയിൽ പോയി ഇരിക്കേണ്ടിവരും-

നിന്നെ ക്ഷണിച്ചാൽ, പിൻനിരയിൽ ഇരിക്ക. നിന്നെ ക്ഷണിച്ചവൻ വന്ന് നിന്നോട്: ’സ്നേഹിതാ, മുന്നോട്ടുവന്ന് ഇരിക്ക’ എന്നു പറയുവാൻ ഇടവരട്ടെ! അപ്പോൾ സദസിന് മുന്നിൽ നിനക്ക് മാനം ഉണ്ടാകും.

തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും

തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും’ (St. Mathew)

സമ്പന്നൻ അല്ലെങ്കിൽ സമൂഹത്തിൽ നിന്നും, സുഹൃത്തുക്കളിൽ നിന്നും, സ്വന്തക്കാരിൽ നിന്നുപോലും അർഹിക്കുന്ന സ്ഥാനം നമ്മൾക്ക് ലഭിക്കില്ല എന്ന സത്യം മനസിലാക്കണം.

ഇതിലൊന്നും പരാതി പറഞ്ഞിട്ടോ, പരിഭവം പറഞ്ഞിട്ടോ ഒരു കാര്യവുമില്ല. നമ്മുടെ സാന്നിധ്യം അവർക്ക് ആവശ്യമില്ല എന്നൊരു തോന്നലുണ്ടായാൽ, മാന്യമായ അകലം പാലിക്കണം.

സാരോപദേശങ്ങൾ തത്കാലം ഇവിടെ നിർത്തുന്നു! കഴിഞ്ഞ കുറച്ചുകാലമായി എനിക്ക് ലഭിക്കുന്ന ‘Mail Solicitation’ ഓഫറുകളുടെ സ്വഭാവവും മാറിയിട്ടുണ്ട്.

ലൈഫ് ഇൻഷുറൻസ് കമ്പനികൾക്ക് ഈയിടെയായി എന്നോട് കരുതൽ കുറച്ചു കൂടുതലാണ്. ‘Are you redy to meet the final expenses? Dont leave the burden to your loved ones’ ഇതാണ് അവരുടെ അന്വേഷണവും ഉപദേശവും.

മാസം നൂറോ, നൂറ്റമ്പതോ ഡോളർ പ്രീമിയം കൊടുത്താൽ, നമ്മുടെ കാറ്റുപോയി കഴിയുമ്പോൾ നമ്മുടെ ബന്ധുക്കൾക്ക് 15000 - 25000 ഡോളർ കിട്ടും. അവരുടെ കൈയ്യിൽ നിന്നും നയാപൈസ മുടക്കാതെ നമ്മളെ മണ്ണിലേക്ക് തന്നെ മടക്കി അയയ്ക്കാം.

എൺപത് വയസ്സുവരെ മാത്രമേ ഈ ആനുകൂല്യമുള്ളൂ. അതിനോടകം തട്ടിക്കിട്ടിയില്ലെങ്കിൽ, അതുവരെ അടച്ച തുക കമ്പനിക്ക്!

കഴിഞ്ഞ ദിവസം ഒരു ‘Luncheon Seminar’ -ൽ സംബന്ധിക്കുവാനുള്ള ‘Invitation’ ലഭിച്ചു. ഞാനൊരു ’വലിയ പുള്ളി’ ആയതുകൊണ്ട് സെമിനാറിൽ ഒരു പ്രഭാഷണം നടത്തുവാനായിരിക്കും എന്നെ ക്ഷണിച്ചതെന്ന് ഞാൻ കരുതി.

തുടർന്ന് വായിച്ചപ്പോൾ എന്റെ മനസ്സിന് ചെറിയൊരു പൊള്ളലേറ്റു.

‘Smart Cremation- Everything you need to know about cremation. Cremation is much cheaper than funeral’

ഞാൻ മരിച്ചുകഴിഞ്ഞാൽ, ആരെയും ബുദ്ധിമുട്ടിക്കാതെ, വെറും അഞ്ചു മിനിറ്റുകൊണ്ട്, കാലങ്ങളോളം ഈ ദുനിയാവിൽ ഓടി നടന്ന എന്റെ ശരീരം ചുട്ടുകരിച്ച് ചാമ്പലാക്കി ഒരു കുപ്പിയിലടച്ച് ബന്ധുക്കൾക്ക് കൈമാറുന്ന ഒരു പദ്ധതി.

ഭൂമിയിലെ സംഭവബഹുലമായ എന്റെ ജീവിതത്തിന്റെ അടയാളമായി അവശേഷിക്കുന്നത് ഒരുപിടി ചാരം.

എന്റെ മരണം ആർക്കും വലിയൊരു നഷ്ടമാവില്ല എന്നെനിക്കുറപ്പുണ്ട്. ’പൊതുദർശനം’ ഉണ്ടെങ്കിൽ അവിടെ വന്ന് എന്നെക്കുറിച്ച് നല്ല രണ്ടു വാക്ക് പറയുവാനും ആരും കാണില്ല.

അതുകൊണ്ട് പണ്ഡിതനായ ഡോ. ബാബു പോൾ ചെയ്തതുപോലെ, ഒരു ’ചരമ പ്രസംഗം’ മുൻകൂട്ടി തയ്യാറാക്കി വെച്ചാലോ എന്നാലോചിച്ചതാണ്.

’മരിച്ചുകഴിഞ്ഞിട്ടും ഇവൻ മനുഷ്യനെ വെറുപ്പിക്കുകയാണല്ലോ’ എന്നു നാട്ടുകാരെക്കൊണ്ട് പറയിക്കേണ്ട എന്നു കരുതി ആ തീരുമാനത്തിൽ നിന്നും പിന്മാറി.

’മരിച്ചുകിടക്കണം; കിടന്ന് മരിക്കരുത്’- എന്റെ ഒരു സുഹൃത്ത് ഇടയ്ക്കിടെ പറയാറുണ്ട് -

’ഒരു ജീവി ജനിക്കലന്ന്, ദൈവം

കരുതിയിട്ടുണ്ടവനുള്ള മൃത്യകാലം

ഒരു ലേശമതൊന്നു മാറ്റിവെക്കാൻ

അരുതാർക്കും, വിഫലം മനുഷ്യയജ്ഞം’

അതുകൊണ്ട്, ഒന്നിനെക്കുറിച്ചും അധികമൊന്നും ആലോചിക്കാതെ, ശുഭാപ്തിവിശ്വാസത്തോടെ യാത്ര തുടരുകയാണ്.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907



Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck / Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# മധുരയുടെ വിപ്ലവവിഹായസ്സിൽ ഉദിച്ചുയർന്ന ചെന്താരകം

**പി. ടി. പൗലോസ്**

എം. എ. ബേബി പുതിയ അഖിലേന്ത്യ ജനറൽ സെക്രട്ടറി എന്ന പ്രഖ്യാപനത്തോടെ മധുരയിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപത്തിനാലാം പാർട്ടി കോൺഗ്രസ്സിന്റെ കൊടിയിറങ്ങി. സൈദ്ധാന്തികൻ, അച്ചടക്കമുള്ള പാർട്ടിപ്രവർത്തകൻ, വിഷയങ്ങൾ പഠിച്ചു പ്രവർത്തിക്കുവാനും സൗമ്യതയോടെ പ്രതികരിക്കുവാനുമുള്ള അസാധാരണ കഴിവ്. അതിനെല്ലാമപ്പുറം ഒരു മലയാളി. നമുക്ക് അഭിമാനിക്കാം, അഭിനന്ദനങ്ങൾ നേരാം.

ഫാസിസം വിഷസർപ്പമായി ഭാരതത്തിന്റെ ബഹുസ്വരതയെ വരിഞ്ഞുമുറുക്കുന്ന വർത്തമാനകാലത്ത് ബേബി എന്ന വിപ്ലവ നേതാവിന് വെല്ലുവിളികൾ ഏറെയാണ്. ഒരു ഭ്രാന്താലയം എന്ന് വിവേകാനന്ദൻ പണ്ട് പറഞ്ഞ കേരളത്തിന് ഇത്രയും ഭ്രാന്ത് ഇല്ലായിരുന്നു. പൊതിക്കാൻ പറ്റാതെ മുഴുവൻ തേങ്ങ തട്ടിക്കളിക്കുന്ന ബിജെപി., ശിവരാത്രിക്ക് ഭാംഗ് വിഴുങ്ങിയ ഭക്തനെ പോലെ മത്തു പിടിച്ചലറുന്ന സെല്ലുലോയിഡ് രാഷ്ട്രീയക്കാരന്റെ അടുത്ത ജന്മത്തിൽ ബ്രാഹ്മണപൂണൂൽ ഇടാനുള്ള ഈ ജന്മത്തിലെ ഉറഞ്ഞുതുള്ളുന്ന തെരുവുനാടകങ്ങൾ, ''ഞാനോ നീയോ നേതാവ് '' എന്ന് സ്ഥാപിച്ചെടുക്കാനുള്ള യുഡിഫ് നേതാക്കന്മാരുടെ പകിടകളി, രാഷ്ട്രീയക്കാറ്റിൽ ഇടത്തോട്ടും വലത്തോട്ടും ആടിയുലയുന്ന മുസ്ലിംലീഗ്. ലീഗിന്റെ ഇപ്പോഴത്തെ മൗനം കൊടുങ്കാറ്റിന് മുൻപുള്ള ശാന്തതയാകാം. ഭരണം ഇപ്പോൾ ഇടതുപക്ഷത്തിന്റെ ആയതുകൊണ്ട് അതവിടെ നിൽക്കട്ടെ. നമുക്ക് പോകാം ബംഗാളിലേക്ക്. അതെ, ഇടതുപക്ഷം പതിറ്റാണ്ടുകൾ ഭരിച്ചു മടുത്ത പശ്ചിമബംഗാളിലേക്ക് .



2019 മെയ് 19 ഞായറാഴ്ച. പശ്ചിമ ബംഗാളിൽ പതിനേഴാം ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്ന ദിവസം കൊൽക്കത്തയിലെയും ചില ഉൾനാടൻ ഗ്രാമങ്ങളിലെയും ബൂത്തുകളിലൂടെ ഒരു മിന്നൽ സന്ദർശനം നടത്താൻ ഈ ലേഖകന് അവസരമുണ്ടായി. പലരോടും ആശയവിനിമയം നടത്തി. മുഖ്യമന്ത്രി മമത ബാനർജിയുടെ ഗുണ്ടായിസത്തോടുള്ള അമർഷം പലയിടങ്ങളിലും കാണാൻ കഴിഞ്ഞു. ആ അമർഷം വോട്ടായാൽ അത് ബിജെപിക്ക് മാത്രം ഗുണം ചെയ്യും എന്ന് കണക്കുകൂട്ടി. കാരണം കോൺഗ്രസ്സിന്റെയും സിപിഎംന്റെയും രാജകീയകാലത്ത് പാർലമെന്ററി മോഹത്തിന്റെ ചക്കരഭരണിയിൽ അള്ളിപ്പിടിച്ച് അവർ സ്വയം ശവക്കുഴി തോണ്ടുകയായിരുന്നു. ഒരു കാലത്ത് തെരഞ്ഞെടുപ്പുവേളകൾ സിപിഎംന് ഉത്സവകാലമായിരുന്നു. പതിനേഴാം ലോകസഭാ തെരഞ്ഞെടുപ്പ് സമയത്ത് സിപിഎം ബൂത്തുകളിൽ ആളനക്കമില്ല. ഇല്ലിമുളകളിൽ കെട്ടിയുയർത്തിയ അരിവാൾ ചുറ്റിക ചെങ്കൊടികൾക്കു താഴെ വിദൂരതയിലേക്ക് കണ്ണുനട്ടിരിക്കുന്ന തല നരച്ച് കവിളൊട്ടിയ ചില വൃദ്ധസഖാക്കളെ കണ്ടു. അവരുടെ വിഷാദചിന്തകൾ എഴുപതുകളിലെ എരിഞ്ഞടങ്ങിയ വിപ്ലവവീര്യത്തെക്കുറിച്ചായിരിക്കാം. കാലത്തിന്റെ ചാരക്കൂന വീണു മൂടിയെങ്കിലും അവരുടെ കുഴിഞ്ഞ കണ്ണുകളിൽ ഇന്നും കാണാം വിപ്ലവത്തിന്റെ കെടാത്ത ചില കനൽക്കട്ടകൾ വിഫലമായ കുറെ സ്വപ്നങ്ങളുടെ അവശിഷ്ടങ്ങളായി....

തെരുവ് രാഷ്ട്രീയത്തിൽ നിന്നും മുഖ്യമന്ത്രിക്കസേരയിലെത്തിയ മമതയുടെ പ്രധാന ലക്ഷ്യം ബംഗാൾ നന്നാക്കുക എന്നതല്ലായിരുന്നു, മാർക്സിസ്റ്റു കോട്ട തകർക്കുക എന്നതായിരുന്നു. അതിലവർ വിജയിച്ചു. ഇടതുപക്ഷത്തിന് ജ്യോതിബാസുവിനു ശേഷം കഴിവുള്ള നേതാവില്ലായിരുന്നു എന്നതും കാരണമായി. സോംനാഥ് ചാറ്റർജിയെ പോലുള്ളവരെ പാർട്ടിതന്നെ മൂലക്കിരുത്തി. അധികാരം കയ്യിലമർന്ന മമതയുടെ കീഴിൽ ഗുണ്ടായിസം വളർന്നപ്പോൾ കാൽച്ചുവട്ടിലെ മണ്ണൊലിക്കാൻ തുടങ്ങി. ഇന്ത്യ എന്ന വൈവിദ്ധ്യങ്ങളുടെ മഹാരാജ്യത്ത്

മതേതരമാനവികതയുടെ കടക്കൽ കത്തി വയ്ക്കാനെന്നവണ്ണം കപടദേശീയതയുടെ വന്മരമായി ബിജെപി വളർന്നു. മരത്തിന്റെ ശാഖകൾ അശാന്തിയുടെ മണ്ണിലേക്ക് ചാഞ്ഞ അനുകൂലസാഹചര്യത്തിൽ ആ കമ്പിലൂടെ പിടിച്ചുകയറാൻ പശ്ചിമബംഗാളിലെ വോട്ടർമാർ ശ്രമിച്ചു. അതിന്റെ ഫലമാണ് പതിനേഴാം ലോകസഭയിൽ പശ്ചിമബംഗാളിൽ നിന്നുള്ള ബിജെപി അംഗസംഖ്യ 4 ൽ ഇന്നും 18 ലേക്ക് ഉയർന്നത്. ബംഗാൾ ജനതയുടെ ബിജെപി യിലുള്ള വിശ്വാസം നഷ്ടപ്പെട്ടതിന്റെ അടയാളമാണ് പതിനെട്ടാം ലോകസഭയിൽ ബിജെപി അംഗസംഖ്യ 18 ൽ നിന്നും 12 ലേക്ക് താണതും. ഈ അവസരം മുതലെടുക്കുവാൻ കോൺഗ്രസ്സിന് മതിയായ നേതൃത്വവുമില്ല. ഇവിടെയാണ് സിപിഎം ന് പുനർജനിച്ച് വളരുവാൻ വളക്കൂറുള്ള മണ്ണുള്ളത്. ഇപ്പോൾ വിദൂരതയിലേക്ക് കണ്ണുംനട്ടിരിക്കുന്ന വൃദ്ധസഖാക്കളുടെ വിഷാദചിന്തകളിൽ സ്വപ്നങ്ങളും പ്രതീക്ഷകളും കൊണ്ടലംകൃതമായ ഒരു 'സുവർണ്ണ ബംഗാൾ ' ന്റെ മോഹമുണ്ട്.

ആ മോഹങ്ങൾ അവരുടെ യുവതലമുറയിലൂടെ ബംഗാളിന്റെ വിപ്ലവമണ്ണിൽ മുളപൊട്ടി വളരട്ടെ !

ബംഗാളിൽ ക്ഷുഭിതയവ്വനങ്ങൾ പടക്കിറങ്ങിയ ഒരു കാലത്തിന്റെ സാക്ഷി എന്ന നിലയിൽ ഈ ലേഖകനും ഉറപ്പുണ്ട് അഞ്ചു വർഷത്തിനകം ഇടതുപക്ഷം ബംഗാളിൽ അധികാരത്തിലേറുമെന്ന് . ഇവിടെയാണ് ബേബി സഖാവിന്റെ കൂട്ടായ പ്രവർത്തനത്തിന്റെ പ്രസക്തി.

സിപിഎം ജനറൽ സെക്രട്ടറി സഖാവ് ബേബിയുടെ ശ്രദ്ധയിലേക്ക് ചില വസ്തുതകൾ കൊണ്ടുവരുവാൻ ശ്രമിക്കട്ടെ അദ്ദേഹത്തിന് അറിവുള്ളതാണെങ്കിലും. ഒരു ഓർമ്മപ്പെടുത്തൽ മാത്രമായി ഇതിനെ കണ്ടാൽ മതി. തികച്ചും ആപൽക്കരമായ അവസ്ഥയിലാണ് ഭാരതം എത്തിനിൽക്കുന്നത്. ആരെയാണ് ഇവിടെ പഴിക്കേണ്ടത്? ജനങ്ങളെയോ? ജനങ്ങൾ എന്നും കഴുതകൾ ആയിരുന്നല്ലോ. ഇവിടെ പഴിക്കേണ്ടത് ഇടതുപക്ഷ രാഷ്ട്രീയത്തെ തന്നെ. ഏതാണ്ട് സ്വതന്ത്ര ഇന്ത്യയുടെ പഴക്കമുണ്ട് ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന്. സ്വാതന്ത്ര്യത്തിനു ശേഷം ജവഹർലാൽ നെഹ്രുവിന്റെ നേതൃപാടവം കൊണ്ടും അഴിമതിയില്ലാത്ത ഭരണരീതി കൊണ്ടും ഭാരതം പുരോഗതിയുടെ പുത്തൻ മേഖലകളിലെത്തി. പ്രതിപക്ഷത്ത് ശക്തമായ ഒരു ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനവും ഉണ്ടായിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷമുള്ള രണ്ടു ദശകങ്ങൾ സ്വതന്ത്ര ഭാരതത്തിന്റെ സുവർണകാലമെന്ന് വേണമെങ്കിൽ പറയാം. അറുപതുകളുടെ ആദ്യപകുതിയിലുണ്ടായ നെഹ്രുവിന്റെ മരണവും കോൺഗ്രസ്സിന്റെ ബലക്ഷയവും പ്രതിപക്ഷശക്തിയായ കമ്മ്യൂണിസ്റ്റ് കോട്ടയിലെ വിള്ളലും ഇന്ത്യയുടെ ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പത്തിന് മങ്ങലേൽപ്പിച്ചു. രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങൾ വിഷസർപ്പങ്ങളായി ജനമനസ്സുകളിലൂടെ ഇഴയാൻ തുടങ്ങി. മണ്ണിലാണ്ടുകിടന്ന വർഗീയതയുടെ വിത്തുകൾ മുളപൊട്ടി വിഷമുള്ളുകൾ ആയി വളരാൻ തുടങ്ങി. അതോടെ ജനാധിപത്യ സംവിധാനം അഴിമതിയിലധിഷ്ഠിതമായ മറ്റൊരു ദിശയിലേക്ക് തിരിഞ്ഞു. ബഹുഭൂരിപക്ഷം നിരക്ഷരരായ ഉത്തരേന്ത്യൻ ജനങ്ങളിൽ കമ്മ്യൂണൽ പൊളിറ്റിക്സിന്റെ വിത്തിട്ടാൽ അത് തഴച്ചു വളരുവാനുള്ള വളക്കൂറുള്ള മണ്ണാണ് ഇന്ത്യ എന്ന് ബിജെപി മനസ്സിലാക്കി. അവരുടെ കണക്കുകൾ തെറ്റിയില്ല. അദ്വാനി രാമക്ഷേത്രം എന്ന സങ്കൽപ്പത്തിലേക്ക് നിരക്ഷരരുടെ നെഞ്ചിലൂടെ രഥമുരുട്ടി ഇന്ദ്രപ്രസ്ഥത്തിലേക്ക് വഴിതെളിച്ചു.



മതേതര ഭാരതത്തിന്റെ ഹൃദയഭൂമിയിൽ ബിജെപി പാകിയ വർഗീയതയുടെ വിഷമുള്ളുകൾ തഴച്ചുവളരുന്നത് കാണാതെ നാല് പതിറ്റാണ്ടുകൾ ഇന്ത്യയുടെ ഇടതുപക്ഷപാർട്ടികൾ പ്രത്യേകിച്ചും മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റ് പാർട്ടി എവിടെ ആയിരുന്നു? ത്രിപുരയും ബംഗാളും മാറി മാറി കേരളവും ഉണ്ടെന്ന അഹങ്കാരമല്ലായിരുന്നോ? അധികാരത്തിന്റെ അകത്തളങ്ങളിലെ ചക്കരഭരണികൾ തുടർഭരണത്തിലൂടെ നക്കി സുഖിച്ചപ്പോൾ ശരാശരി ഭാരതീയന്റെ ആത്മാവിൽ ആശങ്കയുടെ അഗ്നി പടരുകയായിരുന്നു. ബിജെപി അവസരം മുതലാക്കുകയും ചെയ്തു. നിരക്ഷരരും ദരിദ്രരുമായ ജനങ്ങളുടെ ഭിക്ഷാപാത്രങ്ങളിലേക്ക് അവർ എറിഞ്ഞുകൊടുക്കുന്ന അപ്പക്കഷണങ്ങളിൽ വർഗീയതയുടെ വിഷം പുരണ്ടിട്ടുണ്ട് എന്ന് പാവം ജനങ്ങൾ അറിഞ്ഞില്ല.

''നമ്മൾ കൊയ്യും വയലെല്ലാം നമ്മുടെയാകും പൈങ്കിളിയെ....'' എന്ന പ്രതീക്ഷയുടെ പാട്ട് പഠിപ്പിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി വടക്കേ ഇന്ത്യയിലെ നിരക്ഷരരെ അക്ഷരം പഠിപ്പിക്കാൻ എന്ത് ചെയ്തു?

1978 ഏപ്രിൽ 8 മുതൽ 14 വർഷം മാർക്സിസ്റ് ആചാര്യനും സൈദ്ധാന്തികനുമായിരുന്ന ഇ. എം. എസ്. നമ്പൂതിരിപ്പാട് മാർക്സിസ്റ്റുപാർട്ടിയുടെ ജനറൽ സെക്രട്ടറി ആയിരുന്നു. 1979 ൽ പശ്ചിമബംഗാളിലെ സാൽക്കിയയിൽനടന്ന ഹൗറ പ്ലീനം കവർ ചെയ്യുവാൻ കേരളത്തിലെ ഒരു പ്രാദേശിക പത്രത്തിനുവേണ്ടി ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ ഈ ലേഖകനും അവസരം ഉണ്ടായി. ഹൗറ പ്ലീനത്തിന്റെ അവസാന പൊതുസമ്മേളനത്തിൽ ജനറൽ സെക്രട്ടറി നമ്പൂതിരിപ്പാടിന്റെ പ്രസംഗത്തിലെ ശ്രദ്ധേയമായ ഒരു വാചകമിതാ – ''ഞാൻ സെക്രട്ടറി ആയിരിക്കുമ്പോൾ എന്റെ ആദ്യത്തെ ശ്രദ്ധ ഇന്ത്യയിലെ ഹിന്ദി സ്പീക്കിങ് ബെൽറ്റിലെ ജനങ്ങളുടെ ഇടയിൽ പുരോഗമന ആശയങ്ങളുമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു മുഖപത്രം ഇറക്കുക എന്നതായിരിക്കും'' എന്നാൽ ഇന്നുവരെ ഒരു ബിറ്റ് നോട്ടീസ് പോലും അവിടങ്ങളിൽ ഇറങ്ങിയതായി ഈ ലേഖകന് അറിവില്ല. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ തൊണ്ണൂറുകളിൽ എൽ. കെ. അദ്വാനിക്ക് രാമന്റെ രഥമുരുട്ടാൻ ധൈര്യം ഉണ്ടാകയുമായിരുന്നില്ല എന്ന് വേണം വിശ്വസിക്കാൻ. ഈ അവസരത്തിൽ ഏഴാം ലോകസഭയിലെ (1980 84) കക്ഷിനില ഒന്ന് പരിശോധിക്കാം. കോൺഗ്രസ്സ് 353

| | |
|---|---|
| ജനതാ (S) | 41 |
| സിപിഎം | 37 |
| ജനതാ പാർട്ടി | 31 |
| ഡിഎംകെ | 16 |
| CPI | 10 |
| Cong (S) | 13 |
| RSP | 4 |
| ബിജെപി | 2 |
| ചെറു പാർട്ടികൾ | 27 |

ബിജെപിക്ക് അന്ന് വെറും 2 എം പി മാർ മാത്രമേ ഇന്ത്യൻ പാർലമെന്റിൽ ഉണ്ടായിരുന്നുള്ളു. സിപിഎംന് 37 ഉം. സിപിഎം അന്ന് അത്ര ചെറിയ പാർട്ടി അല്ലായിരുന്നു.

ജനാധിപത്യത്തെ മുഖ്യധാരയിൽ നിന്ന് സൗകര്യപൂർവ്വം തള്ളിയകറ്റിയ വർത്തമാനകാല രാഷ്ട്രീയദുര്യോഗത്തിൽ, ഒരു സാംസ്കാരിക പരിവർത്തനമല്ലേ ഇവിടെ അഭികാമ്യം. അതിനു ജാടയും പേടിയുമായി ആരുടെയോ ഒക്കെ മാളങ്ങളിൽ മയങ്ങിക്കിടക്കുന്ന സാംസ്കാരിക നായകന്മാരെ ആദ്യം ഊതി ഉണർത്തുക. അവരുടെ വളഞ്ഞ നട്ടെല്ലുകൾ ഇടതിന്റെ ചെങ്കോലിനാൽ നിവരട്ടെ! അത് ഒരു പടയൊരുക്കത്തിന്റെ പള്ളിയുണർത്തൽ ആകട്ടെ

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഐ.പി.സി കാനഡ കോൺഫ്രൻസ്; ഒരുക്കങ്ങൾ പുരോഗമിക്കുന്നു

നിബു വെള്ളവന്താനം
(നാഷണൽ മീഡിയ കോർഡിനേറ്റർ)

ന്യൂയോർക്ക്: വടക്കേ അമേരിക്കയിലെ ഐ. പി. സി. സഭകളുടെ 20- മത് കുടുംബ സംഗമത്തിൽ വചന സന്ദേശങ്ങൾ പകർന്നു നൽകാൻ പ്രശസ്തരും കൺവെൻഷൻ പ്രഭാഷകരുമായ പാസ്റ്റർ കെ. ജെ തോമസ് കുമളി, പാസ്റ്റർ പി.ടി തോമസ്, പാസ്റ്റർ നിരൂപ് അൽഫോൻസ്, സിസ്റ്റർ അക്സാ പീറ്റേഴ്സൺ എന്നിവർ എത്തിചേരും. 'ഇതാ അവിടുന്ന് വാതിൽക്കൽ' എന്ന കൺവെൻഷൻ ചിന്താവിഷയത്തെ അടിസ്ഥാനമാക്കി അനുഗ്രഹീത പ്രഭാഷകർ ദൈവവചനം പ്രസംഗിക്കും.

നോർത്ത് അമേരിക്കയിലും, കാനഡയിലും പാർക്കുന്ന ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയുടെ അംഗങ്ങളും, കോൺഫ്രൻസ് അഭ്യുദയകാംക്ഷികളുമായി നിരവധി പേർ പങ്കെടുക്കുന്ന ചതുർദിന സമ്മേളനം ജൂലൈ 17 മുതൽ 20 വരെ കാനഡയിലെ എഡ്മന്റണിലുള്ള റിവർക്രീ റിസോർട്ടിൽ വെച്ചാണ് നടത്തപ്പെടുന്നത്. ഒരുക്കത്തോടെ കടന്നുവരുന്ന ദൈവമക്കൾക്ക് പ്രത്യാശയ്ക്ക് ഒട്ടും മങ്ങലേൽക്കാതെ ആരാധനയ്ക്ക് പ്രാധാന്യം കൊടുത്ത്, ആത്മ നിറവിൽ ആരാധിക്കുവാൻ സാധിക്കുന്ന ഗാനങ്ങളുമായി ഷെൽഡൻ ബെങ്കാര നയിക്കുന്ന പ്രെയ്സ് ആൻഡ് വർഷിപ്പ് ടീം ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. ദൈവജനത്തെ പല നിലകളിലും പ്രത്യാശയോടെ ഒരുക്കുന്ന ഈ മഹാസമ്മേളനം വിശ്വാസികളുടെയും ശുശ്രൂഷകളുടെയും പങ്കാളിത്തം കൊണ്ട് വൻ വിജയമാകുമെന്ന പ്രതീക്ഷയിലാണ് ഭാരവാഹികൾ. വ്യത്യസ്തമായ പ്രോഗ്രാമുകൾ, മികച്ച നിലയിലുള്ള താമസ സൗകര്യങ്ങൾ തുടങ്ങിയവ കുറ്റമറ്റ രീതിയിൽ ക്രമീകരിക്കുന്നതിനായി നാഷണൽ ലോക്കൽ കമ്മിറ്റികൾ അഹോരാത്രം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഹൂസ്റ്റണിൽ നിന്നുമുള്ള വിശ്വാസ സമൂഹത്തിനെ പങ്കെടുപ്പിച്ചുകൊണ്ട് പ്രമോഷണൽ യോഗവും സംഗീതസന്ധ്യയും ഏപ്രിൽ 20 ഞായറാഴ്ച വൈകിട്ട് 5.30 ന് ഹൂസ്റ്റൺ ഹെബ്രോൻ ഐ.പി.സി സഭാ ഹാളിൽ വച്ച് നടത്തപ്പെടും. ഐ.പി.സി യുവജന വിഭാഗം സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ ഷിബിൻ സാമുവൽ മുഖ്യ പ്രഭാഷണം നടത്തും. കോൺഫ്രൻസ് ദേശീയ ഭാരവാഹികളായ പാസ്റ്റർ സാം വർഗീസ്, ഫിന്നി എബ്രഹാം, ഏബ്രഹാം മോനീസ് ജോർജ്, റോബിൻ ജോൺ, സൂസൻ ജോൺസൺ തുടങ്ങിയവർ കുടുംബസംഗമത്തിന്റെ ഇതുവരെയുള്ള ക്രമീകരണ പുരോഗതികൾ വിശദീകരിക്കും. കോൺഫറൻസിന്റെ ദേശീയ പ്രതിനിധി ബ്രദർ ജോർജ് തോമസ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. സമ്മേളനത്തിൽ പങ്കെടുത്ത് സ്പോൺസർഷിപ്പും രജിസ്ട്രേഷനും ഭാരവാഹികളെ ഏല്പിക്കുവാൻ ഈ അവസരം വിനിയോഗിക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു.

രജിസ്ട്രേഷൻ നിരക്ക് ഇളവോടുകൂടി ലഭിക്കുന്നതിന്റെ അവസാന തീയതി ഏപ്രിൽ 30. കോൺഫ്രൻസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അനായാസേന കോൺഫ്രൻസ് വെബ്സൈറ്റ് (www.ipc-familyconference.org) വഴിയും രജിസ്റ്റർ ചെയ്യുവാൻ കഴിയും.










Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home
& Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# മന്ത്ര 2025 കൺവൻഷൻ ശുഭാരംഭവും, വാഷിംഗ്ടൺ ഡിസി ചാപ്റ്റർ ഉദ്ഘാടനവും ഗംഭീരമായി സംഘടിപ്പിച്ചു




സരൂപ അനിൽ

ഏപ്രിൽ 6 നു ബെഥേസ്ട എലിമെന്ററി സ്കൂളിൽ സംഘടിപ്പിച്ച മന്ത്ര കൺവൻഷൻ ശുഭാരംഭവും, വാഷിംഗ്ടൺ ഡിസി ചാപ്റ്റർ ഉദ്ഘാടനവും വാഷിംഗ്ടൺ ഡിസി മെട്രോ റീജിയണിലെ മലയാളീ കമ്മ്യൂണിറ്റിയിൽ ഒരു ഉത്സവ പ്രതീതി ജനിപ്പിച്ചു. ശ്രീമതി അഞ്ജലി വാരിയരുടെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച പരിപാടിയിൽ മന്ത്ര പ്രസിഡന്റ് ശ്യാം ശങ്കർ ആയിരുന്നു മുഖ്യ അതിഥി. വസുദൈവ കുടുംബകം എന്ന ആശയത്തിൽ ഊന്നി ആണ് മന്ത്ര പ്രവർത്തിക്കുന്നത് എന്ന് വാഷിംഗ്ടൺ ഡിസി ചാപ്റ്റർ പ്രസിഡന്റ് ശ്രീമതി സരൂപാ അനിൽ സ്വാഗത പ്രസംഗത്തിൽ സൂചിപ്പിച്ചപ്പോൾ,മന്ത്രയുടെ ലക്ഷ്യങ്ങളെ പ്പറ്റി ശ്രീ ശ്യാം ശങ്കർ അദ്ദേഹത്തിന്റെ അധ്യക്ഷ പ്രസംഗത്തിൽ വിശദമായി പ്രതിപാദിച്ചു. സനാതന ധർമം പരിപാലിക്കുന്നതിലൂടെ ലോകസമാധാനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാൻ മന്ത്ര കുടുംബത്തിന് സാധിക്കും എന്ന് മന്ത്ര ജനറൽ സെക്രട്ടറി ശ്രീ ഷിബു ദിവാകരൻ പ്രത്യാശ പ്രകടിപ്പിച്ചു.

കേരള കൾചറൽ സൊസൈറ്റി ഓഫ് മെട്രോപൊളിറ്റൻ ഡിസി, കേരള അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടൺ, നായർ സൊസൈറ്റി ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടൺ, ശിവഗിരി ഫൌണ്ടേഷൻ ഓഫ് നോർത്ത് അമേരിക്ക, ദുർഗ ടെംപിൾ എന്നിവയുടെ പ്രതിനിധികൾ മന്ത്രക്കു ആശംസകൾ അർപ്പിച്ചു. മനോഹരമായ കലാപ്രകടനങ്ങൾ പരിപാടിക്ക് കൂടുതൽ മിഴിവേകി. സനാതന ധർമ്മം പരിപാലിക്കുന്നതിനായി നൽകിയ സംഭാവനകളെ മാനിച്ചു ശ്രീമതി സത്യാ മേനോനെ, മന്ത്ര ട്രസ്റ്റീ ബോർഡ് വൈസ് ചെയർ ഡോക്ടർ രേഖ മേനോൻ ഹാരാർപ്പണം നൽകി ആദരിച്ചു. പുതിയ തലമുറയിലെ കുട്ടികളിലെ കലാവാസന പരിപോഷിപ്പിക്കുന്നതിനു നൽകുന്ന സംഭാവനകളെ മാനിച്ചു കെ സി എസ് പ്രസിഡന്റ് കൂടി ആയ ശ്രീ അനീഷ് സേനനെ ചെയർ പൊന്നാട നൽകി ആദരിക്കുകയുണ്ടായി. ഈ വർഷം ജൂലൈയിൽ ഷാർലറ്റ് മന്ത്ര ശിവോഹം കൺവെൻഷനിലേക്കു കൺവൻഷൻ ചെയർ ശ്രീ വിനോദ് ശ്രീകുമാറും , കൺവൻഷൻ ടീം മെമ്പർ അരുൺ നായരും ഏവരെയും ക്ഷണിക്കുകയും, കൺവൻഷനു മുന്നോടിയായുള്ള ഒരുക്കങ്ങളെക്കുറിച്ചു വിശദീകരിക്കുകയും ചെയ്തു. മന്ത്ര കുടുംബത്തിലെ മുതിർന്ന അംഗങ്ങളായ ശ്രീ മോഹന്കുമാറും ,ശ്രീമതി സത്യാ മേനോനും ഒരുമിച്ചു കുട്ടികൾക്ക് വിഷു കൈനീട്ടം നൽകുകയുണ്ടായി. ജൂലൈയിൽ ഷാർലറ്റിൽ കാണാം എന്ന ശുഭ പ്രതീക്ഷയോടെ ആണ് അത്താഴത്തിനു ശേഷം ഏവരും പിരിഞ്ഞത്.



Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# കെ സുധാകരൻ പ്രവർത്തക സമിതിയിലേയ്ക്ക്, ആന്റോ ആന്റണി കെ.പി.സി.സി പ്രസിഡന്റാവും

എ.എസ് ശ്രീകുമാർ

ഏറെ കാലമായി അക്ഷമയോടെ കാത്തിരിക്കുന്ന കേരളത്തിലെ കോൺഗ്രസ് പുനസംഘടന ഉടൻ ഉണ്ടാവും. ഇക്കാര്യത്തിൽ ഹൈക്കമാൻഡ് വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ലാത്തതിനാൽ സമ്പൂർണമായ ഉടച്ചുവാർക്കലാവും നടക്കുക. എ.ഐ.സി.സിയുടെ വിശാല സമ്മേളനത്തിനുശേഷം ഇതുസംബന്ധിച്ച പ്രഖ്യാപനമുണ്ടാവും. താൻ പ്രസിഡന്റ് സ്ഥാനത്തുനിന്ന് മാറില്ല എന്ന പിടിവാശി കെ സുധാകരൻ ഉപേക്ഷിച്ചു. അദ്ദേഹത്തെ കോൺഗ്രസിന്റെ പരമോന്നത സമിതിയായ വർക്കിങ് കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാവാക്കാൻ ധാരണയായതോടെയാണ് സുധാകരൻ വഴങ്ങിയത്. തന്നെ അപമാനിച്ച് പുറത്താക്കരുതെന്നായിരുന്നു സുധാകരന്റെ ഏക ഡിമാൻഡ്. അതുകൊണ്ടാണ് കാര്യപ്പെട്ട ഒരു സ്ഥാനം സുധാകരന് നൽകുന്നത്.

കെ.പി.സി.സി പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് പരിഗണിക്കുന്നത് പത്തനംതിട്ട ലോക്സഭാംഗമായ ആന്റോ ആന്റണിയെയും അങ്കമാലി എം.എൽ.എ റോജി എം ജോണിനെയുമാണ്. കത്തോലിക്കാ സഭയുടെയും കോൺഗ്രസിലെ മുതിർന്ന നേതാക്കളുടെയും പിന്തുണ ആന്റോ ആന്റണി ഉറപ്പാക്കിയിട്ടുണ്ട്. ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവർ ബി.ജെ.പിയിലേയ്ക്ക് ചായുന്നതിനാൽ അവരുമായി ചേർന്നുനിൽക്കുന്ന ആളെന്ന നിലയിലാണ് ആന്റോയുടെ സാധ്യത വർധിക്കുന്നത്. അതേസമയം യുവത്വമാണ് മാനദണ്ഡമെങ്കിൽ റോജിക്കാവും നറുക്കുവീഴുക. എം.പിമാരായ ബെന്നി ബഹനാന്റെയും അടൂർ പ്രകാശിന്റെയും പേരുകൾ കെ.പി.സി.സി പ്രസിഡന്റ് സ്ഥാനത്തേയ്ക്കുള്ള ചർച്ചകളിൽ നേരത്തെ കേട്ടിരുന്നു. എന്നാൽ ഒരു ബാർ മുതലാളിയെ പരിഗണിക്കേണ്ടെന്ന്



**കെ.പി.സി.സി പുനസംഘടനയ്ക്ക് മുന്നോടിയായി സംസ്ഥാനത്തെ നേതാക്കളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തിരഞ്ഞെടുപ്പ് തന്ത്രജ്ഞനായ സുനിൽ കനുഗോലുവിനെ ഹൈക്കമാൻഡ് നിയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ടിലും ആന്റോയുടെ പേരുണ്ട്. പ്രധാന ചുമതലകൾ വഹിക്കുന്ന നേതാക്കളുടെ കരുത്ത്, പരിമിതി, ജനങ്ങൾക്കിടയിലെ സ്വീകാര്യത, പ്രവർത്തനമികവ് എന്നിവ പരിശോധിച്ചുള്ള റിപ്പോർട്ടാണ് കനുഗോലു ഹൈക്കമാൻഡിന് സമർപ്പിച്ചത്. പുനസംഘടന സംബന്ധിച്ച് കേരളത്തിലെ നേതാക്കളിൽ നിന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി ദീപ ദാസ്മുൻഷി അഭിപ്രായ ശേഖരണം നടത്തി മടങ്ങിയിരുന്നു.**



വിവിധ കോണുകളിൽ നിന്ന് അഭിപ്രായമുയർന്നിരുന്നു. അതാണ് അടൂർ പ്രകാശ് ഇപ്പോൾ കളത്തിലില്ലാതെ പോയത്. ബെന്നി ബഹനാനെ പാർട്ടി പൂർണമായി പിന്തുണച്ചെങ്കിലും യാക്കോബായ സഭയുടെ മാത്രം പ്രതിനിധായായ അദ്ദേഹത്തെ കത്തോലിക്കാ ബിഷപ്പുമാർ പിന്തുണയ്ക്കാത്തതാണ് അത്ര ജനകീയനല്ലാത്ത ബെന്നി ബഹനാനെ ഒഴിവാക്കാൻ കാരണം. ഏതായാലും റോജിയേക്കാൾ സീനിയറും വലിയ വിവാദങ്ങളിലൊന്നും പെടാത്ത ആളുമായ അന്റോ ആന്റണി തന്നെയാവും പുതിയ കെ.പി.സി.സി പ്രസിഡന്റ് എന്ന് ഏറെക്കുറെ ഉറപ്പായിട്ടുണ്ട്. വർഷങ്ങളായി സീറോ മലബാർ സഭയ്ക്ക് കെ.പി.സി.സിയിൽ മതിയായ പരിഗണന കിട്ടുന്നില്ലെന്നുള്ള പരാതി ആന്റോയിലൂടെ പരിഹരിക്കാനാവുമെന്ന് ഹൈക്കമാൻഡ് കരുതുന്നു.

പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവായ റോബർട്ട് വധേരയുടെ അടുത്ത ആളെന്ന നിലയിൽ അദ്ദേഹം ആന്റോയെ ശക്തമായി പിന്തുണയ്ക്കുന്നുണ്ട്. 67 വയസുള്ള ആന്റോയ്ക്ക് കോൺഗ്രസിൽ ആരും സമ്മതിക്കുന്ന പ്രവർത്തന പാരമ്പര്യമുണ്ട്. എന്നാൽ പത്തുപേർക്ക് നൂറ് അഭിപ്രായമുള്ള കോൺഗ്രസിനെ ഒറ്റക്കെട്ടായി കൊണ്ടുപോകാനുള്ള ശേഷി അന്റോയ്ക്കുണ്ടോ എന്നാണ് കണ്ടറിയേണ്ടത്. വിദ്യാർത്ഥി, യുവജന സംഘടനകളിൽ സജീവമായ പ്രവർത്തനം നടത്തിയ ആന്റോ ആന്റണി കോൺഗ്രസിന്റെ വിദ്യാർത്ഥി സംഘടനയായ കെ.എസ്.യുവിന്റെ യൂണിറ്റ് പ്രസിഡന്റായാണ് രാഷ്ട്രീയ പ്രവേശനം നടത്തിയത്.

കെ.എസ്.യുവിന്റെ താലൂക്ക്, ജില്ലാ ജനറൽ സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, ജില്ലാ-വൈസ് പ്രസിഡന്റ്, ജില്ലാ-ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ച ആന്റോ ആന്റണി ബാലജനസംഖ്യത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്ന ആന്റോ യൂത്ത് കോൺഗ്രസ് ദേശീയ നിർവാഹക സമിതി അംഗമായും പ്രവർത്തിച്ചു. കോട്ടയം ഡി.സി.സിയുടെ പ്രസിഡന്റായി പ്രവർത്തിച്ച് കെ.പി.സി.സി അംഗമായ ആന്റോ കെ.പി.സി.സി ജനറൽ സെക്രട്ടറിയായിരുന്നു. കെ.പി.സി.സി എക്സിക്യൂട്ടിവ് അംഗമാണ്. നിലവിൽ യു.ഡി.എഫ് കോട്ടയം ജില്ലാ കൺവീനർ ആണ്.



2004-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ കോട്ടയത്ത് നിന്ന് മത്സരിച്ചെങ്കിലും സി.പി.എമ്മിലെ കെ സുരേഷ് കുറുപ്പിനോട് പരാജയപ്പെട്ടു. 2009 ലോക്സഭ തിരഞ്ഞെടുപ്പിൽ സി.പി.എം ജില്ലാ സെക്രട്ടറിയായിരുന്ന കെ അനന്തഗോപനെ പരാജയപ്പെടുത്തി പത്തനംതിട്ടയിൽ നിന്ന് ആദ്യമായി ലോക്സഭയിലെത്തി. 2014 ലോക്സഭ തിരഞ്ഞെടുപ്പിൽ ഇടതു സ്വതന്ത്രനായ കോൺഗ്രസ് വിമതൻ പീലിപ്പോസ് തോമസിനെയും 2019-ൽ സി.പി.എം എം.എൽ.എയായ വീണാ ജോർജ്ജിനെയും പരാജയപ്പെടുത്തി വീണ്ടും പത്തനംതിട്ടയിൽ നിന്ന് തുടർച്ചയായി മൂന്നാം തവണയും ലോക്സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു.

കെ.പി.സി.സി പുനസംഘടനയ്ക്ക് മുന്നോടിയായി സംസ്ഥാനത്തെ നേതാക്കളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തിരഞ്ഞെടുപ്പ് തന്ത്രജ്ഞനായ സുനിൽ കനുഗോലുവിനെ ഹൈക്കമാൻഡ് നിയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ടിലും ആന്റോയുടെ പേരുണ്ട്. പ്രധാന ചുമതലകൾ വഹിക്കുന്ന നേതാക്കളുടെ കരുത്ത്, പരിമിതി, ജനങ്ങൾക്കിടയിലെ സ്വീകാര്യത, പ്രവർത്തനമികവ് എന്നിവ പരിശോധിച്ചുള്ള റിപ്പോർട്ടാണ് കനുഗോലു ഹൈക്കമാൻഡിന് സമർപ്പിച്ചത്. പുനസംഘടന സംബന്ധിച്ച് കേരളത്തിലെ നേതാക്കളിൽ നിന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി ദീപ ദാസ്മുൻഷി അഭിപ്രായ ശേഖരണം നടത്തി മടങ്ങിയിരുന്നു.

ആന്റോയ്ക്കുള്ള സ്വീകാര്യത പോലെ തന്നെ നല്ലൊരു ശതമാനം അദ്ദേഹത്തെ എതിർക്കുന്നുമുണ്ട്. ഹൈക്കമാൻഡിലെ ഉന്നതരിൽ സ്വാധീനം ചെലുത്തിയാണ് ആന്റോ കെ.പി.സി.സി പ്രസിഡന്റിന്റെ പട്ടികയിൽ ഒന്നാം പേരുകാരനായി കയറിക്കൂടിയതെന്ന ആക്ഷേപവും ഉന്നയിക്കുന്നവരുണ്ട്. ഡി.സി.സികൾ ഉടൻ പുനസംഘടിപ്പിക്കുമെന്നാണ് സംഘടനാ ചുമതലയുള്ള എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. ഇതോടെ കെ.പി.സി.സിക്ക് പുതിയ അധ്യക്ഷൻ വരുമെന്ന കാര്യത്തിൽ തർക്കമില്ല. പിണറായി വിജയന്റെ മൂന്നാം വരവിന് തടയിടാൻ കരുത്തുള്ള നേതൃത്വം വരണമെന്നാണ് ഹൈക്കമാന്റ് നിർദേശിക്കുന്നത്

**ഒരു ബാർ മുതലാളിയെ പരിഗണിക്കേണ്ടെന്ന് വിവിധ കോണുകളിൽ നിന്ന് അഭിപ്രായമുയർന്നിരുന്നു. അതാണ് അടൂർ പ്രകാശ് ഇപ്പോൾ കളത്തിലില്ലാതെ പോയത്. ബെന്നി ബഹനാനെ പാർട്ടി പൂർണമായി പിന്തുണച്ചെങ്കിലും യാക്കോബായ സഭയുടെ മാത്രം പ്രതിനിധായായ അദ്ദേഹത്തെ കത്തോലിക്കാ ബിഷപ്പുമാർ പിന്തുണയ്ക്കാത്തതാണ് അത്ര ജനകീയനല്ലാത്ത ബെന്നി ബഹനാനെ ഒഴിവാക്കാൻ കാരണം.**


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ നോമ്പുകാല ധ്യാനം അനുഗ്രഹീതമായി





ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ നോമ്പുകാല വാർഷികധ്യാനം അനുഗ്രഹപൂർണ്ണമായ തിരുക്കർമ്മങ്ങളോടെ നടത്തപ്പെട്ടു. കോഴിക്കോട് രൂപതാധ്യക്ഷൻ അഭി. മാർ. വർഗ്ഗീസ് ചക്കാലക്കൽ നേതൃത്വം നൽകിയ നോമ്പുകാലധ്യാനം ഏപ്രിൽ നാലാം തിയതി വെള്ളിയാഴ്ച ആരംഭിച്ച് ഏപ്രിൽ ആറാം തിയതി ഞായറാഴ്ച വൈകിട്ടാണ് സമാപിച്ചത്. നൂറുകണക്കിന് ആളുകൾ മൂന്നു ദിവസം നീണ്ടു നിന്ന ധ്യാനത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. കുട്ടികൾക്ക് വേണ്ടി പ്രത്യേകം നടത്തപ്പെട്ട ദ്വിദിന ധ്യാനത്തിന് നേതൃത്വം നൽകിയത് അീശിശേിഴ എശൃല ഇമവേീഹശര ഥീൗവേ ങശിശൈ്യ്യ യാണ്. നാനൂറോളം കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു. ഇടവക വികാരി ഫാ. സിജു മുടക്കോടിയിൽ, ഫാ. ബിബിൻ കണ്ടോത്ത്, സിസ്റ്റർ ശാലോമിന്റെ നേതൃത്വത്തിലുള്ള വിസിറ്റേഷൻ സന്യാസ സമൂഹം, ട്രസ്റ്റിമാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ട്, ജെയിംസ് മന്നാകുളം, സണ്ണി മേലേടം, സജി പുതൃക്കയിൽ & മനീഷ് കൈമൂലയിലിന്റെ നേതൃത്വത്തിലുള്ള മതബോധന സ്കൂൾ അധ്യാപകർ, ജോബി പണയപറമ്പിലിന്റെ നേതൃത്വത്തിലുള്ള ഗായക സംഘം എന്നിവർ ധ്യാനത്തിന്റെ സജ്ജീകരണങ്ങൾക്ക് നേത്രത്ത്വം നൽകി.

റിപ്പോർട്ട്: അനിൽ മറ്റത്തിക്കുന്നേൽ








KORG


Period of Lent
KORG







# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C SPRJ55189

# ഓസ്റ്റിൻ സെൻറ് തോമസ് മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ തോമാശ്ലീഹായുടെ പെരുന്നാളും,സെൻറ് തോമസ് ദിനാഘോഷവും, പള്ളി പ്രതിഷ്ഠാദിനാചരണവും 2025 ഏപ്രിൽ 26 ശനി, 27 പുതുഞ്ഞായർ തിയതികളിൽ.




ജിനു കുര്യൻ പാമ്പാടി

ടെക്സാസ്: ഓസ്റ്റിൻ സെന്റ് തോമസ് മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ തോമാശ്ലീഹായുടെ പെരുന്നാളും സെൻറ്തോമസ് ദിനാഘോഷവും പള്ളിപ്രതിഷ്ഠാ ദിനാചരണവും 2025 ഏപ്രിൽ 26ശനി, 27പുതുഞായർ തിയതികളിൽ നടത്തപ്പെടും.

26ന് രാവിലെ11ന് കൊടിയേറ്റും,തുടർന്ന് 3 മണി വരെ പള്ളി വിപുലീകരണ ധനശേഖരണാർദ്ധം ബ്ലൂം ഫെസ്റ്റ് എന്ന പേരിൽ ഒരു കാർണിവലും ഭക്ഷ്യമേളയും നടത്തപ്പെടും. മൂന്നുമണിയോടുകൂടി പ്രാർത്ഥനയോടെ കാർണിവൽ സമാപിക്കും.

27ന് രാവിലെ 9ന് പ്രഭാതപ്രാർത്ഥന തുടർന്ന് സഭയിലെ സീനിയർ വൈദീകരായ വന്ദ്യ ഗീവർഗീസ് കോറെപ്പിസ്ക്കോപ്പ ചട്ടത്തിൽ (ന്യൂയോർക്), വന്ദ്യ ബോബി ജോസഫ് കോറെപ്പിസ്ക്കോപ്പ (അറ്റ്ലാന്റ) ക്നാനായ അതിഭദ്രാസനത്തിലെ റെവ:ഫാ. ഡോ.ജോസഫ് മത്തായി അച്ചൻ(ഹൂസ്റ്റൺ) എന്നീ വൈദീകശ്രേഷ്ഠരുടെ കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിൽമേൽ കുർബാന.

വി.മർത്തോമശ്ലീഹായുടെ ഓർമ്മയിൽ മദ്ധ്യസ്ഥ പ്രാർത്ഥന.11ന് റാസ. 11.45ന് നന്ദി പ്രകാശനം. തുടർന്ന് ഉച്ചഭക്ഷണം എന്നിവയോടെ പെരുന്നാൾ സമാപിക്കും.

ഏപ്രിൽ 26ന് നടക്കുന്ന ഭക്ഷ്യമേളയിൽ നിരവധിയായ നാടൻ വിഭവങ്ങൾ പ്രശക്തരായ പാചക വിദഗ്ധരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നതാണ്. ഫുഡ് ഡെലിവെറിയും ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുവാൻ താൽപ്പര്യപ്പെടുന്നവർ ഏപ്രിൽ 22ന് മുൻപായി ഓർഡറുകൾ നൽകേണ്ടതാണെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും ഓർഡറുകൾ നൽകുന്നതിനുമായി പള്ളി സെക്രട്ടറി ടിങ്കു ഏബ്രഹാമിനെ (512) 9947839 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

വിശുദ്ധ തോമാ ശ്ലീഹായുടെ മധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടു നേർച്ച കാഴ്ചകളോടു കൂടി പെരുന്നാളിൽ സംബന്ധിച്ചു അനുഗ്രഹം പ്രാപിക്കാൻ വിശ്വാസികളായ എല്ലാവരെയും സ്വാഗതം ചെയ്യുന്നതായി ഇടവക വികാരി റവ. ഡോ. സാക് വർഗീസ് അറിയിച്ചു.

# ബോസ്റ്റൺ സെയിന്റ് മേരീസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് തുടക്കമായി

ഉമ്മൻ കാപ്പിൽ



ബോസ്റ്റൺ, മാസ്സച്യുസെറ്റ്സ് : മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ കാമ്പയിൻ ഏപ്രിൽ 6 ന് ബോസ്റ്റൺ സെയിന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ആവേശത്തോടെ ആരംഭിച്ചു. കോൺഫറൻസിന്റെ ഒരുക്കങ്ങളുടെ തുടക്കം കുറിക്കുന്നത്തിനു മുമ്പായി ഫാ. അലക്സാണ്ടർ കുര്യന്റെ നേതൃത്വത്തിൽ കുർബാന ശുശ്രൂഷ നടന്നു.

കുർബാനയ്ക്ക് ശേഷം, ഇടവക വികാരി ഫാ. റോയ് പി. ജോർജ്ജ്, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ), ഡോ. ഷെറിൻ എബ്രഹാം (ജോയിന്റ് സെക്രട്ടറി), മാത്യു ജോഷ്വ (മുൻ ട്രഷറർ), പ്രേംസി ജോൺ II (ഫിനാൻസ് കമ്മിറ്റി), ഈതൻ കൂട്ടുമാത (സ്പോർട്സ് & എന്റർടൈൻമെന്റ് കമ്മിറ്റി) തുടങ്ങിയ നിരവധി വ്യക്തികൾ ഉൾപ്പെട്ട ടീമിനെ സ്വാഗതം ചെയ്തു. വിജു പോൾ (ഇടവക സെക്രട്ടറി), സുജ ഫിലിപ്പോസ് (ട്രഷറർ), സിബു തോമസ് (ഭദ്രാസന അസംബ്ലി അംഗം), ബെഞ്ചമിൻ സാമുവൽ (മലങ്കര അസോസിയേഷൻ അംഗം) എന്നിവരുൾപ്പെടെ ഇടവക ഭാരവാഹികളും വേദിയിൽ പങ്കെടുത്തു.



സഭയ്ക്കുള്ളിൽ നേതൃത്വപരമായ റോളുകൾ ഏറ്റെടുക്കാൻ യുവാക്കളെ ശാക്തീകരിക്കുന്നതിൽ ഫാമിലി കോൺഫറൻസിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് ജോൺ താമരവേലിൽ പരിപാടിക്ക് തുടക്കം കുറിച്ചു. നമ്മുടെ സഭയുടെ ഭാവി രൂപപ്പെടുത്തുന്ന ഒരു പ്രസ്ഥാനമാണ് കോൺഫറൻസ് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഇടവക സമൂഹം ഇതിൽ പങ്കാളികളാകണമെന്ന് ജോൺ താമരവേലിൽ ആവശ്യപ്പെട്ടു.

ഡോ. ഷെറിൻ എബ്രഹാം കോൺഫറൻസിനെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ നൽകി, വേദി, തീയതി, ശ്രദ്ധേയമായ പ്രഭാഷകർ എന്നിവ എടുത്തുകാട്ടി. സഭയിൽ യുവാക്കളുടെ വർദ്ധിച്ചുവരുന്ന പങ്കിനെക്കുറിച്ച് അവർ ഊന്നിപ്പറയുകയും ഈ വർഷം ബോസ്റ്റണിനടുത്ത് നടക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ എല്ലാവരേയും നേ

രത്തെ രജിസ്റ്റർ ചെയ്യാൻ ക്ഷണിക്കുകയും ചെയ്തു. ''സഭയുടെ ഭാവി നമ്മുടെ യുവാക്കളുടെ കൈകളിലാണ്. സഭയുടെ വിജയത്തിന് അവരുടെ പങ്കാളിത്തം നിർണായകമാണ്,'' ഡോ. എബ്രഹാം ഊന്നിപ്പറഞ്ഞു.

പ്രേംസി ജോൺ രജിസ്ട്രേഷൻ പ്രക്രിയയെക്കുറിച്ച് സംസാരിക്കുകയും 21 വയസ്സിന് താഴെയുള്ളവർക്ക് പ്രത്യേക കിഴിവ് ഉണ്ടെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. മാത്യു ജോഷ്വ സ്പോൺസർഷിപ്പ് പാക്കേജുകൾ അവതരിപ്പിച്ചു, കോൺഫറൻസിനെ പിന്തുണയ്ക്കാൻ താൽപ്പര്യമുള്ളവർക്കുള്ള ആനുകൂല്യങ്ങളും അവസരങ്ങളും വിശദീകരിച്ചു. കോൺഫറൻസിന്റെ സ്മരണയ്ക്കായി സമർപ്പിച്ചിരിക്കുന്ന സുവനീർ പ്രസിദ്ധീകരണവും അതിൻറെ വിശദ വിവരങ്ങളും അദ്ദേഹം അവതരിപ്പിച്ചു

കോൺഫറൻസിന്റെ രണ്ടാം ദിവസം ഒരു പ്രധാന ആഘോഷമായി മാറുന്ന ടാലന്റ് നൈറ്റിലേക്ക് എൻട്രികൾ സമർപ്പിക്കാൻ ഈതൻ കൂട്ടുമാത ഇടവകാംഗങ്ങളോട് ആഹ്വാനം ചെയ്തു. എല്ലാ പ്രായത്തിലുമുള്ള പങ്കെടുക്കുന്നവർക്കായി ആസൂത്രണം ചെയ്തിട്ടുള്ള കായിക വിനോദങ്ങളെക്കുറിച്ചുള്ള ആവേശകരമായ വിശദാംശങ്ങളും ഈതൻ പങ്കുവെച്ചു.

ഇടവകയിൽ നിന്ന് കോൺഫറൻസിന് ആവേശകരമായ പിന്തുണ ലഭിച്ചു. കോൺഫറൻസിൽ ആദ്യം രജിസ്റ്റർ ചെയ്തത് ഫാ. റോയ് പി. ജോർജും കുടുംബവുമാണ്. ഡോ. സീമ ജേക്കബ് ഗോൾഡ് ലെവൽ സ്പോൺസർഷിപ്പിന് വാഗ്ദാനം ചെയ്തു. സൈലേഷ് ചെറിയാൻ ഗ്രാന്റ് ലെവൽ സ്പോൺസർഷിപ്പോടെ പിന്തുണ അറിയിച്ചു. ജോർജ്ജ് വർഗീസും സാറാ വർഗീസും ഉൾപ്പെടെയുള്ള മറ്റ് ഇടവക അംഗങ്ങളും രജിസ്റ്റർ ചെയ്തും സുവനീറിലെ ബിസിനസ് പരസ്യങ്ങളിലൂടെയോ വ്യക്തിഗത ആശംസകളിലൂടെയോ കോൺഫറൻസിനെ പിന്തുണയ്ക്കാൻ മുന്നോട്ടുവന്നു.

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ഏറ്റവും വലിയ ആത്മീയ സമ്മേളനത്തിൽ പങ്കെടുക്കാൻ എല്ലാ ഇടവകാംഗങ്ങളോടും ഫാ. റോയ് പി. ജോർജ് അഭ്യർത്ഥിച്ചു. ഇത് സഭയോടുള്ള വിശ്വാസവും ഭക്തിയും ശക്തിപ്പെടുത്തുന്ന ആത്മീയമായി സമ്പന്നമായ ഒരു അനുഭവമാകുമെന്ന് വാഗ്ദാനം ചെയ്യുന്നു. ''ഈ സമ്മേളനം ഒരു ആത്മീയ അനുഭവം മാത്രമല്ല, ഒരു സമൂഹമെന്ന നിലയിൽ നമ്മുടെ ബന്ധങ്ങൾ കൂടുതൽ ആഴത്തിലാക്കാനുള്ള അവസരവുമായിരിക്കും,'' അദ്ദേഹം പറഞ്ഞു.

കോൺഫറൻസിന് ആത്മാർത്ഥമായ പിന്തുണ നൽകിയ ഇടവക വികാരിക്കും, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും, ഇടവകാംഗങ്ങൾക്കും ജോൺ താമരവേലിൽ നന്ദി അറിയിച്ചു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്റ്റിക്കട്ട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ- നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.







രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.

# ആഗോള ആയുർവേദ ബ്രാൻഡായി ശാന്തിഗ്രാം വെൽനെസ് ഓൺലൈൻ

**മീട്ടു റഹ്മത്ത് കലാം**

ആരോഗ്യകരവും ഊർജ്ജസ്വലവുമായ ജീവിതത്തിന് രോഗപ്രതിരോധം പ്രധാനമാണെന്ന് നമുക്കറിയാം. ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിലൂടെയും സാധ്യതയുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയുന്നതിലൂടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നമ്മുടെ പൂർവ്വികർ പകർന്നുതന്ന അറിവിന്റെ കലവറയാണ് ആയുർവേദം. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്ന് വേരൂന്നിയ 5000 വർഷം പഴക്കമുള്ള ആയുർവേദത്തെക്കുറിച്ച് മലയാളികൾക്ക് ആമുഖത്തിന്റെ ആവശ്യമില്ല. ജനിച്ചുവീഴുന്ന കുഞ്ഞിന് ഉരമരുന്ന് നൽകുന്നതിൽ തുടങ്ങി വളർച്ചയുടെ ഓരോ ഘട്ടത്തിലും നമ്മൾ ഓരോരുത്തരും ആയുർവേദത്തിന്റെ ഗുണഫലങ്ങൾ അനുഭവിച്ചിട്ടുണ്ട്. കാതങ്ങൾ അകലെ ജീവിക്കുമ്പോഴും, പനിയോ ജലദോഷമോ വന്നാൽ 'ചുക്കുകാപ്പി' ഉൾപ്പെടെയുള്ള മുത്തശ്ശിവൈദ്യത്തിലൂടെ ശമനം കണ്ടെത്തുന്നത് പാരമ്പര്യത്തിന് നാം കല്പിക്കുന്ന മൂല്യം കൊണ്ടാകാം.

സന്തോഷകരവും സുസ്ഥിരവും സന്തുലിതവുമായ ജീവിതശൈലി പിന്തുടരുന്നതിന് ആയുർവേദവും യോഗയും ഹോളിസ്റ്റിക് മെഡിസിനും അലോപ്പതിയും എല്ലാം ചേർന്നൊരു സംയോജിത പരിചരണം ഇക്കാല ഘട്ടത്തിൽ എന്തുകൊണ്ടും പ്രസക്തമാണ്. പുരാതന ജ്ഞാനം ആധുനിക സാങ്കേതികവിദ്യയുമായി ലയിപ്പിച്ചുകൊണ്ട് ശാന്തീഗ്രാം വെൽനസ് ഓൺലൈൻ തുടക്കംകുറിക്കുന്നത് ആരോഗ്യരംഗത്ത് അത്തരത്തിൽ വിപ്ലവകരമായ ഒരു മാറ്റത്തിലേക്കാണ്.

'ആരോഗ്യം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടാണ് തിരക്കേറിയ ഈ ജീവിതത്തിൽ ആളുകൾ ഏറ്റവും അശ്രദ്ധരാകുന്നത്. തെറ്റായ ജീവിതശൈലി, മാനസിക സംഘർഷങ്ങൾ, അനിയന്ത്രിതമായിട്ടുള്ള ഭക്ഷണരീതികൾ ഇവയൊക്കെയും നമ്മെ കാര്യമായി ബാധിക്കുന്നുണ്ട്. രോഗം പിടിമുറുക്കുമ്പോൾ മാത്രമാണ് പലരും സ്വന്തം ശരീരത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങുന്നത്. സുഖകരമായ ജീവിതം ഓരോ വ്യക്തിയുടെയും അവകാശമാണ്. രോഗങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ നമ്മൾ പാലിക്കേണ്ടതായ ചില ചിട്ടകളുണ്ട്. ആളുകളിൽ അങ്ങനൊരു അവബോധം സൃഷ്ടിക്കുക എന്നതാണ് ശാന്തിഗ്രാമിന്റെ പ്രാഥമിക ലക്ഷ്യം. ആയുർവേദം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദീർഘായുസ്സിന്റെ ശാസ്ത്രം എന്നാണ്. ഐഎഫ്എഎച്ചിന്റെ ഹെൽത്ത്കെയർ വിഷനറി അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഞങ്ങളുടെ ബ്രാൻഡ് നെയിമിൽ ആളുകൾക്കുള്ള വിശ്വാസമാണ് പുതിയ ഉദ്യമത്തിനിറങ്ങാൻ ധൈര്യം പകർന്നത്. 'സാങ്കേതികവിദ്യ പാരമ്പര്യവുമായി ഒത്തുചേരുന്ന ശാന്തിഗ്രാം വെൽനെസ് ഓൺലൈനിന്റെ ഔദ്യോഗിക ലോഞ്ചിങ്ങിന് ശേഷം അതിന്റെ സാരഥിയായ ഗോപിനാഥൻ നായർ പറഞ്ഞു. ശാന്തിഗ്രാമിന്റെ ചീഫ് കൺസൾട്ടന്റായ അദ്ദേഹത്തിന്റെ സഹധർമ്മിണി ഡോ.അംബിക നായർ പരിചരിച്ചവരിൽ, ഇന്ത്യയുടെ മുൻ പ്രസിഡന്റ് കെ.ആർ.നാരായണൻ ഉൾപ്പെടെ പ്രമുഖരെ നീണ്ട നിരയുണ്ട്.ഇവരുടെ മകൻ ഡോ.അനുരാഗ് നായർ ശാന്തിഗ്രാമിന് മറ്റൊരു മാനം നൽകുകയാണ്. എംബിബിഎസ് പൂർത്തിയാക്കിയ ശേഷമാണ് അദ്ദേഹം ആയുർവേദത്തിലേക്ക് കൈകോർത്തത്.ആഗോളതലത്തിൽ ശാസ്ത്രജ്ഞർ, സാങ്കേതികവിദഗ്ധർ, ഡോക്ടർമാർ എന്നിവരുൾപ്പെടുന്ന ഇരുപതോളം ടീമംഗങ്ങളുമായി ഗവേഷണത്തിൽ ഏർപ്പെട്ടശേഷ



മാണ് 24 * 7 പ്രവർത്തിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോം എന്ന ആശയത്തിലേക്കും അതിന്റെ പൂർത്തീകരണത്തിലേക്കും എത്തിച്ചേർന്നത്. ശാന്തിഗ്രാം വെൽനസ് ഓൺലൈൻ എന്ന പുതിയ സംരംഭത്തിന് ന്യൂജേഴ്‌സി സെനറ്റർ വിൻ ഗോപാൽ, അംബാസഡർ രാജാമണി,പത്മശ്രീ വൈദ്യ രാജേഷ് കൊട്ടേച്ച (ആയുഷ് സെക്രട്ടറി, ഗവൺമെന്റ് ഓഫ് ഇന്ത്യ) ,കേരള മുഖ്യമന്ത്രി പിണറായി വിജയൻ, എൻ.കെ. പ്രേമചന്ദ്രൻ(എം.പി), സംഗീത സംവിധായകൻ രമേശ് നാരായണൻ, പിന്നണി ഗായകൻ എം.ജി.ശ്രീകുമാർ, സന്ദീപ് മർവ (എഎഎഫ്ടി യൂണിവേഴ്സിറ്റി ചാൻസലർ), ശ്രീധർ മേനോൻ (റിട്ടയേർഡ് ഡെപ്യൂട്ടി പ്രസിഡന്റ്, അമേരിക്കൻ എക്സ്പ്രസ് ബാങ്ക്) എന്നിങ്ങനെ നിരവധി പ്രമുഖർ ആശംസകൾ അർപ്പിച്ചിട്ടുണ്ട്.

ലോകത്തിന്റെ ഏതൊരു കോണിലിരുന്നുകൊണ്ടും ഡോക്ടറെ കൺസൾട് ചെയ്യാനാകും എന്നതാണ് ശാന്തിഗ്രാം വെൽനെസ് ഓൺലൈനിന്റെ പ്രത്യേകത. ഹെൽത്ത് ടിപ്സ്, ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട ഉപദേശങ്ങൾ എല്ലാം വീഡിയോ കോളിലൂടെ ലഭ്യമാകും. മൊബൈൽ നമ്പറും ഇമെയിലും ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത് ഒരു അക്കൗണ്ട് ഉണ്ടാക്കുകയേ വേണ്ടൂ.

നിങ്ങളുടെ ശരീരം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അറിയാൻ നിങ്ങളെ പ്രാപ്തരാക്കുന്നതിനും സ്വയം വിലയിരുത്തൽ നടത്തുന്നതിനുമായി ഒരു ചോദ്യാവലി പൂരിപ്പിക്കുന്നതാണ് ആദ്യപടി. രോഗലക്ഷണങ്ങൾ മാത്രമല്ല, നിങ്ങളുടെ ആന്തരിക താളങ്ങൾ ഉൾപ്പെടെ മനസ്സിന്റെയും ശരീരത്തിന്റെയും ഒരു ബ്ലൂപ്രിന്റ് തന്നെ ലഭിക്കും. വാത, പിത്ത, കഫ എന്നിങ്ങനെ ഒരാളുടെ ശരീരത്തിന്റെ ഘടന മനസ്സിലാക്കിക്കഴിഞ്ഞാൽ, ഒരു സർട്ടിഫൈഡ് ശാന്തിഗ്രാം വെൽനെസ് കൺസൾട്ടന്റ് നിങ്ങളുടെ സേവനത്തിനെത്തും. ദിനചര്യകൾ മുതൽ ഭക്ഷണ സപ്ലിമെന്റുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിങ്ങനെ ശരീരത്തിന് അനുസൃതമായ ജീവിതശൈലി രൂപപ്പെടുത്താൻ കൺസൾട്ടന്റ് നിങ്ങളെ സഹായിക്കും. കൃത്യമായി ട്രാക്ക് ചെയ്തുകൊണ്ട് നിങ്ങൾ ലക്ഷ്യത്തിലേക്ക് നടന്നടുക്കുന്നതിന് എല്ലാവിധ പിന്തുണയും ശാന്തിഗ്രാം വെൽനെസ് വാഗ്ദാനം ചെയ്യുന്നുണ്ട്. ആരോഗ്യ ആശങ്കകൾ പരിഹരിക്കുന്നതിനായി വെൽനസ് കൺസൾട്ടന്റുമായി ഒരു അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്തുകഴിഞ്ഞാൽ, ലോകത്തെവിടെ ആയിരുന്നാലും വീഡിയോ കോളിലൂടെ ഡോക്ടറുടെ സേവനം ലഭിക്കും. ഡോക്ടറെ നേരിൽ കണ്ട് ചികിത്സ തേടുമ്പോഴുള്ള അതേ സംതൃപ്തി രോഗികൾക്ക് ലഭ്യമാകാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ശാന്തിഗ്രാമിലുണ്ട്.

അമേരിക്കയിലെയും കാനഡയിലെയുമൊക്കെ തിരക്കേറിയ ജോലിക്കിടയിൽ പ്രസവരക്ഷ പോലുള്ള കാര്യങ്ങൾക്ക് സമയം കണ്ടെത്താൻ കഴിയാത്തത് ഈ തലമുറയിലെ അമ്മമാർ നേരിടുന്ന വലിയൊരു പ്രശ്നമാണ്. കേരളത്തിൽ പോയി തിരിച്ചെത്തുന്ന ഭാരിച്ച വിമാനനിരക്കും മറ്റു ചിലവുകളും കണക്കാക്കി ബോധപൂർവ്വം അതൊഴിവാക്കാൻ അവർ നിർബന്ധിതരാകുന്നു. എന്നാൽ, ഗർഭധാരണം മുതൽ അമ്മ ഒപ്പമില്ലാത്തതിന്റെ കുറവ് പരിഹരിക്കുന്ന തരത്തിൽ സ്നേഹവായ്പോടെ പരിചരിക്കുന്ന ടീം ശാന്തീഗ്രാമിനുണ്ട്. ഏത് സംശയങ്ങൾക്കും ഏത് സമയത്തും അവരെ ബന്ധപ്പെടാം. പ്രസവശേഷം നാട്ടിലേതിന് സമാനമോ അതിനേക്കാൾ മെച്ചപ്പെട്ടതോ ആയ ആയുർവേദ പരിചരണവും ഇവിടെ സുസജ്ജമാണ്.

ശാന്തിഗ്രാമിന്റെ എല്ലാ ഉൽപ്പന്നങ്ങളും ആർസെനിക്, ലെഡ്, കാഡ്മിയം എന്നിവയിൽ നിന്ന് മുക്തമാണ്. കാർസിനോജൻ പരിശോധന ഉൾപ്പെടെ എല്ലാ ടെസ്റ്റുകൾക്കും ശേഷമാണ് ഇവ എത്തുന്നത് എന്നതുകൊണ്ട് പാർശ്വഫലങ്ങളെക്കുറിച്ചുള്ള ആവലാതി വേണ്ട. വിപണിയിലെ ഏറ്റവും വൃത്തിയുള്ള ഉൽപ്പന്നം എന്ന് തന്നെ ഇവയെ വിശേഷിപ്പിക്കാം. കേരളത്തിലെ പുനലൂർ കേന്ദ്രീകരിച്ചാണ് മരുന്ന് നിർമ്മാണം നടക്കുന്നത്. ഇവ കണ്ടെയ്നറിലാക്കി അമേരിക്കയിലെത്തിക്കും. അരിഷ്ടങ്ങൾ, കഷായങ്ങൾ, തൈലങ്ങൾ എന്നിങ്ങനെ എല്ലാവിധ ക്ലാസിക്കൽ ആയുർവേദ ഉല്പന്നങ്ങളും ലഭ്യമാണ്. ഹെർബൽ സപ്ലിമെന്റായി ഇവ ഉപയോഗിക്കാം. സസ്യാഹാരം കഴിക്കുന്നവർക്കേ ആയുർവേദം ഫലവത്താകൂ എന്നതുൾപ്പെടെയുള്ള മിഥ്യാധാരണകൾ മാറ്റുകയാണ് ശാന്തീഗ്രാമിന്റെ മറ്റൊരു ലക്ഷ്യം.

എഫ്ഡിഎ അനുസൃതവും ജിഎംപി സർട്ടിഫൈഡുമായി തയ്യാറാകുന്ന മരുന്നുകളുടെ ആധികാരിക സത്ത സംരക്ഷിക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യില്ലെന്ന് ഡോ.അംബിക നായർ ഉറപ്പുനൽകുന്നു. 'പ്രതിസന്ധികളെ തളരാതെ നേരിട്ടുകൊണ്ടാണ് ക്ലാസിക്കൽ ആയുർവേദ കേന്ദ്രങ്ങളിൽ നിന്ന് ആഗോള ആയുർവേദ ബ്രാൻഡായ ശാന്തിഗ്രാം ഇതുവരെ രണ്ടു ലക്ഷത്തിലധികം ആളുകൾക്കു ആരോഗ്യം വീണ്ടെടുത്തു. 12 ലക്ഷത്തിലധികം പേർക്ക് തെറാപ്പികൾ നൽകി. ആയുർവേദം, ഔഷധസസ്യങ്ങൾ, പഞ്ചകർമ്മ എന്നിവയിൽ 30 വർഷത്തിലേറെ പരിചയമുള്ള ഡോ.അംബിക നായരുടെ വാക്കുകളിൽ സംതൃപ്തിയുടെ തിളക്കം.

1998-ൽ ഇന്ത്യയിലാണ് ശാന്തിഗ്രാം ആരംഭം കുറിച്ചത്. 2006 ൽ യുകെ- യിൽ ആയുർവേദ സെന്റർ തുടങ്ങി. 2007 ൽ യുഎസിലേക്ക് ചുവടുമാറ്റി. ഒരു ഡസൻ ആളുകൾക്ക് വർക്ക് പെർമിറ്റ് ലഭ്യമാക്കിക്കൊണ്ട് ആയുർവേദത്തിന്റെ ചരിത്രത്തിൽ ആദ്യമായാകാം അമേരിക്ക പോലൊരു രാജ്യത്ത് ഇത്തരം കേന്ദ്രങ്ങൾ നടത്തുന്നത്. ആയുർവേദ ഡോക്ടർമാർക്ക് വിസ ലഭിക്കുന്നതൊന്നും അന്ന് കേട്ടുകേൾവിയുള്ള കാര്യമല്ല. എണ്ണത്തോണികൾ അടക്കം നാട്ടിലെ പരമ്പരാഗത സംവിധാനങ്ങൾ അമേരിക്കയിൽ എത്തിക്കാനും ഏറെ ബുദ്ധിമുട്ടി. കേരളത്തിലെ അതേ രീതിയിൽ പഞ്ചകർമ്മയുടെ സേവനങ്ങൾ ലഭിക്കുന്നു എന്നുള്ളത് ശാന്തിഗ്രാം സെന്ററുകളുടെ സവിശേഷതയാണ്. എം.ഡി യും എം.എസും ഉള്ള ധാരാളം ആയുർവേദ ഡോക്ടർമാർ ടീമിലുണ്ട്. ഡോക്ടറുടെ അടുത്ത് പോകുമ്പോൾ ഉള്ള അതേ സംതൃപ്തി രോഗിക്ക് ലഭ്യമാകണം എന്നതിന് ടീം ഊന്നൽ നൽകിയിട്ടുണ്ടെന്ന് ശാന്തിഗ്രാം സിഎഫ്ഒ ക്രിസ് കൾപ്പ്, സിടിഒ ഡോ.റിയ പ്രസാദ് എന്നിവർ വ്യക്തമാക്കി. 'ആധുനിക വൈദ്യശാസ്ത്ര രീതികൾക്കൊരു ബദൽ എന്ന നിലയിലല്ല, പൂരകം എന്ന നിലയിലാണ് ആയുർവേദത്തിന്റെ പ്രസക്തി എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പ്രായം എഴുപതുകളിലേക്കും എൺപതുകളിലേക്കും എത്തുമ്പോഴും നമ്മുടെ അവയവങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നതിന് ആയുർവേദം ദിനചര്യയുടെ ഭാഗമാക്കുന്നത് ഏറെ ഗുണം ചെയ്യും. രണ്ടു വ്യത്യസ്ത ലോകങ്ങൾക്കിടയിൽ ഒരു പാലം തീർക്കാനാണ് ശാന്തിഗ്രാം വെൽനെസ് ശ്രമിക്കുന്നത്. ഒന്ന് ശരി ഒന്ന് തെറ്റ് എന്ന് മാറ്റി നിർത്താനാകില്ല. മരുന്ന് എന്നുപറയുന്നത് മനുഷ്യജീവിതം വച്ചുള്ള കാര്യമാണ്. അവിടെ ചെറിയ പിഴവുപോലും ഉണ്ടാകാൻ പാടില്ലെന്ന് നിർബന്ധമുണ്ട്. എല്ലാം കസ്റ്റമൈസ് ചെയ്ത് ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഈ യുഗത്തിൽ ഏറ്റവും വിലപ്പെട്ട ആരോഗ്യം സംബന്ധിച്ചും അത്തരമൊരു സമീപനം വേണമല്ലോ.നമ്മുടെ മുഴുവൻ ആരോഗ്യവും ഒരു മൂന്നാം കക്ഷിക്ക് വിട്ടുകൊടുത്തിരിക്കുന്ന സമ്പ്രദായത്തോട് എനിക്ക് യോജിപ്പില്ല. സ്വകാര്യതയെ മാനിച്ചുകൊണ്ടാണ് ശാന്തീഗ്രാമിലെ സേവനങ്ങൾ എന്നതും എടുത്തുപറയാം. നിങ്ങൾ നൽകുന്ന വിവരങ്ങൾ നിങ്ങളുടെ അനുമതിയില്ലാതെ മറ്റൊരാൾ അറിയില്ലെന്ന് ഞങ്ങൾ ഉറപ്പുതരും.' ഡോ.അനുരാഗ് നായർ വിശദീകരിച്ചു.

ജെനിക്സ് ടെക്നോളജിയാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളായി ശാന്തിഗ്രാം വെൽനെസിന് സാങ്കേതികമായ എല്ലാ പിന്തുണയും നൽകുന്നത്. രാജീവ് ഖന്ന, സഞ്ജയ് മൽഹോത്ര, ബിനോത് കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് ജെനിക്സിന്റെ പ്രവർത്തനം. കോർ ഏരിയ സ്പെഷ്യലിസ്റ്റുകൾ ഒത്തുചേർന്നിരിക്കുന്നു എന്നതുകൊണ്ട് നിക്ഷേപകർക്ക് രണ്ടാമതൊന്ന് ചിന്തിക്കേണ്ടതില്ല.

ആയുർവേദം, ഹോളിസ്റ്റിക് മെഡിസിൻ, യോഗ എന്നിവ സംയോജിപ്പിച്ച് അതിന്റെ ഗുണങ്ങളിൽ വിശ്വാസവും അതിനെക്കുറിച്ച് അറിവുമുള്ളവരെ കോർത്തിണക്കിക്കൊണ്ട് ശാന്തീഗ്രാമിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുമെന്ന് ഡോ.അനുരാഗ് നായർ അഭിപ്രായപ്പെട്ടു.


USA - CANADA TOUR
MAY-JUNE 2025
STAR ENTERTAINMENT
PRESENTS
cine Star Nite 2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# '84ന്റെ ചെറുപ്പവുമായി ഹ്യൂസ്റ്റൺ കേരള ഹൗസിൽ എത്തിയ മുൻ എംഎൽഎ എം ജെ ജേക്കബിന് ഹൃദ്യമായ സ്വീകരണം'




ടീം മാഗ് / അജു വാരിക്കാട്

പിറവം മുൻ എംഎൽഎയും സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖനുമായ എംജെ ജേക്കബിന് മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ സ്വീകരണം നൽകി ആദരിച്ചു. ഏപ്രിൽ രണ്ടാം തീയതി  ബുധനാഴ്ച ഉച്ചയ്ക്ക് 12.30ന് മാഗിന്റെ ആസ്ഥാനമായ ടെക്സസ് സ്റ്റാഫോർഡ്  കേരള ഹൗസിൽ ആയിരുന്നു സ്വീകരണം. അമേരിക്കയിലെ ഫ്ലോറിഡയിൽ മുതിർന്നവർക്കായി സംഘടിപ്പിച്ച വേൾഡ് മാസ്റ്റേഴ്സ് മീറ്റിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു 84കാരനായ അദ്ദേഹം. കായികമേളയിൽ ലോകത്തെ 99 രാജ്യങ്ങളിൽ നിന്നായി 3500 ലധികം പേർ പങ്കെടുത്തു. 80 മീറ്റർ ഹർഡിൽസിൽ ശ്രീ എം ജെ ജേക്കബ് ഒന്നാമനായി.

ശ്രീ എം ജെ ജേക്കബ് 2006 മുതൽ 2011 വരെ പിറവം നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച നിയമസഭാ സാമാജികനായിരുന്നു. തിരുമാറാടി പഞ്ചായത്ത് പ്രസിഡന്റ്, സഹകരണ ബാങ്ക് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച  അദ്ദേഹം ജനഹൃദയങ്ങളിൽ ഇടം നേടി.

ഹ്യൂസ്റ്റണിൽ എത്തിയ അദ്ദേഹത്തിന് സമുചിതമായ സ്വീകരണമാണ് മലയാളി അസോസിയേഷന്റെ ബോർഡും സീനിയർ ഫോറവും കൂടി കേരള ഹൗസിൽ ഒരുക്കിയത്. പ്രസിഡന്റ് ജോസ് കെ ജോണിന്റെ അധ്യക്ഷതയിൽ കൂടിയ പ്രസ്തുത ചടങ്ങിൽ ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാൻ ശ്രീ ജിമ്മി കുന്നശ്ശേരിൽ, നിലവിൽ ഫോമ നാഷണൽ പ്രസിഡണ്ടും  മാഗിന്റെ മുൻപ്രസിഡന്റുമായ ശ്രീ ബേബി മണക്കുന്നേൽ മുൻ പ്രസിഡന്റ് തോമസ് ചെറുകര, ഐബ് ജേക്കബ്,  മുൻ സെക്രട്ടറി സുബിൻ കുമാരൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ട്രഷറർ സുജിത്ത് ചാക്കോ നന്ദി രേഖപ്പെടുത്തി.

മുൻ പ്രസിഡന്റുമാരായ ജെയിംസ്  ജോസഫ്,  ജോജി ജോസഫ്,  എസ് കെ ചെറിയാൻ,  വിനോദ് വാസുദേവൻ,  തോമസ് വർക്കി, ജോണി കുന്നക്കാട്ട്, ഫെസിലിറ്റി മാനേജർ മോൻസി  കുറിയാക്കോസ് എന്നിവരും മറ്റു നൂറോളം വരുന്ന സീനിയർ ഫോറം അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. മറുപടി പ്രസംഗത്തിൽ മനുഷ്യൻ അവന്റെ മാനസികവും ശാരീരികവുമായ ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിന്റെ ആവശ്യകതയെ പറ്റി താനെങ്ങനെയാണ് അതിനൊരുദാഹരണം ആകുന്നതെന്നും അദ്ദേഹം വിശദീകരിക്കുകയുണ്ടായി. ശ്രീ ജിമ്മി കുന്നശ്ശേരിയും ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലും ചേർന്ന് പൊന്നാട അണിയിച്ചു. പ്രസിഡന്റ് ജോസ് കെ ജോൺ സ്പോർട്സ് കോഡിനേറ്റർ മിഖായേൽ ജോയ് ട്രഷറർ സുജിത്ത് ചാക്കോ എന്നിവർ ചേർന്ന് ഫലകം മാഗിന്റെ ഉപഹാരമായി നൽകി ആദരിച്ചു.


MALAYALEE ASSOCIATION OF
GREATER HOUSTON (MAGH)
1415 Packer Ln, Stafford, TX 77477
www.maghusa.org
MAGH_Malayalee Association of Greater Houston


MALAYALEE ASSOCIATION OF
GREATER HOUSTON (MAGH)
1415 Packer Ln, Stafford, TX 77477
www.maghusa.org
MAGH_Malayalee Association of Greater Houston





Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727


The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# മാലിന്യ മുക്ത നവകേരള കാമ്പെയ്നും എം.ജി ശ്രീകുമാറിന്റെ പഴംമാങ്ങാ എറിയൽ കേസും




എ.എസ് ശ്രീകുമാർ

നൂറുശതമാനം മാലിന്യ മുക്ത നവകേരളത്തിനായി കൊണ്ടുപിടിച്ച കാമ്പെയ്നാണ് മലയാളികൾ കണ്ടത്. 2024 ഒക്ടോബർ 2-ാം തീയതി ഗാന്ധി ജയന്തി ദിനത്തിലാണ് മാരത്തോൺ ശുചീകരണ യജ്ഞത്തിന് തുടക്കം കുറിച്ചത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ടൗണുകൾ, ടൂറിസം കേന്ദ്രങ്ങൾ എന്നിവ മാലിന്യ മുക്തമാക്കി ഭംഗിയുള്ളതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ വ്യാപാരി വ്യവസായി സംഘടനകൾ, ഗ്രന്ഥശാലകൾ, രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി സംഘടനകൾ, യുവജനപ്രസ്ഥാനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു. 2025 മാർച്ച് 30-ലെ അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ സമ്പൂർണ്ണ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം നേടാൻ കഴിയുംവിധമാണ് കാമ്പെയ്ൻ ആസൂത്രണം ചെയ്തത്.

അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം കഴിഞ്ഞിട്ട് ഇന്നേയ്ക്ക് എട്ട് ദിവസമായി. ഏപ്രിൽ 7-ാം തീയതിയായ ഇന്ന് ലോക ആരോഗ്യ ദിനമാണ്. കേരളം സമ്പൂർണ്ണ മാലിന്യ മുക്ത കേരളമായോ എന്ന് ചോദിച്ചാൽ പരസ്പരം മുഖത്തോടുമുഖം നോക്കുകയല്ലാതെ മറ്റു നിവർത്തിയില്ല. മാലിന്യ മുക്ത നവകേരള കാമ്പെയ്ൻ കൊണ്ട് കൊച്ചിയിലെ കൊതുകുകളെല്ലാം ആത്മഹത്യ ചെയ്തോയെന്നറിയില്ല. പൊതുസ്ഥലത്ത് വേസ്റ്റ് ഇടുന്നവർ ആ പരമ്പരാഗത കലാ പരിപാടിയിൽ നിന്ന് പിന്തിരിഞ്ഞതായി ബ്രേക്കിങ് ന്യൂസും കേട്ടില്ല. കേരളത്തിലെ 10 ജില്ലകളിലുള്ള 74 സ്ഥലങ്ങളിൽ കുടിവെള്ളത്തിൽ മാലിന്യം കണ്ടെത്തിയതായി കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ പാർലമെന്ററി സമിതി റിപ്പോർട്ട് പറയുകയും ചെയ്യുന്നു.

ഇതിനിടെ കൊച്ചി കായലിലേക്ക് മാലിന്യം വലിച്ചെറിഞ്ഞു എന്ന കുറ്റത്തിന് മലയാളികളുടെ പ്രിയ ഗായകൻ എം.ജി ശ്രീകുമാർ 25,000 രൂപ പിഴയൊടുക്കേണ്ടി വന്ന സംഭവമുണ്ടായി. എന്നാൽ അദ്ദേഹം യഥാസമയം പിഴയടച്ചതിനാൽ കാര്യങ്ങൾ ശുഭകരമായി പര്യവസാനിച്ചു. മാത്രമല്ല ചാനലുകാർക്കത് മൽസരിച്ച് ആഘോഷിക്കാൻ കഴിഞ്ഞതുമില്ല. തികച്ചും ആകസ്മികമായാണ് പിഴയൊടുക്കലിന് ആസ്പദമായ സംഭവമുണ്ടായത്.

പിണറായി സർക്കാരിന്റെ മാലിന്യ മുക്ത നവകേരള യജ്ഞത്തിന്റെ ഭാഗമായുള്ള ശുചീകരണ പ്രവർത്തനങ്ങൾ

**കേരളത്തിലെ പഞ്ചായത്തുകളിൽ മാത്രമല്ല, സകല പൊതു ഇടങ്ങളിലും തള്ളപ്പെടുന്ന മാലിന്യങ്ങളുടെ കണക്ക് അമ്പരപ്പിക്കുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ എം.ജി ശ്രീകുമാർ എന്ന സെലിബ്രിറ്റി പിഴ അടച്ചത് കൊണ്ട് മാത്രം അതൊരു വലിയ സംഭവമായി മാറുന്നുമില്ല. പക്ഷേ, ന്യായീകരണങ്ങളൊന്നും നിരത്താതെ അദ്ദേഹം പിഴയൊടുക്കി മാതൃക കാട്ടി. ഇക്കാര്യം താൻ മന്ത്രി എം.ബി രാജേഷിനോട് സംസാരിച്ചുവെന്നും ഇങ്ങനെ ഒരു മാതൃക കാട്ടിയതിൽ അദ്ദേഹം അഭിനന്ദിച്ചുവെന്നും എം.ജി പറഞ്ഞു. എം.ജി ശ്രീകുമാറിനെ മാലിന്യമുക്ത കേരളത്തിന്റെ ബ്രാൻഡ് അംബാസിഡറാക്കാമെന്നും മന്ത്രി പറഞ്ഞത്രേ.**



യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുന്ന സമയമായിരുന്നു. തിരുവനന്തപുരം വള്ളക്കടവിലുള്ള ഒരു സ്വകാര്യ കമ്പനിയുടെ ബിസിനസ് ഡവലപ്പ്മെന്റ് ഓഫീസറായ എം.വി നസീം എന്ന വ്യക്തി ഏഴു മാസം മുമ്പ് കൊച്ചി കായലിലൂടെ ഒരു ഹൗസ് ബോട്ടിൽ നാട്കാണാൻ ഇറങ്ങി. കായലിന്റെ ഒരു വശത്ത് ബോൾഗാട്ടി പാലസും കടന്ന് ഹൗസ് ബോട്ട് മുന്നോട്ടു നീങ്ങി. കായൽത്തീരത്ത് താമസിക്കുന്നവരെല്ലാം സെലിബ്രിറ്റികളാണ്.

അങ്ങനെ ഒരു വീടിനടുത്തെത്തിയപ്പോൾ അത് എം.ജി ശ്രീകുമാറിന്റെ വീടാണെന്ന് ബോട്ട് ജീവനക്കാരൻ പറഞ്ഞു. ആവേശത്തോടെ നസീം വീടിന്റെ ദൃശ്യങ്ങളൊക്കെ മൊബൈൽ ഫോണിൽ ചിത്രീകരിച്ചു. പെട്ടെന്ന് എം.ജിയുടെ വീട്ടിൽ നിന്ന് ഒരാൾ എന്തോ ഒരു സാധനം കായലിലേക്ക് വലിച്ചെറിയുന്നതും കണ്ടു. അതും കൃത്യമായി മൊബൈലിൽ പതിഞ്ഞു. ബോട്ടു യാത്രയിൽ കണ്ട കാഴ്ചകളൊക്കെ ആവോളം ചിത്രീകരിച്ച് നസീം തിരുവനന്തപുരത്തേയ്ക്ക് മടങ്ങുകയും ചെയ്തു.

ആ ദിവസങ്ങളിൽ തദ്ദേശ സ്വയംഭരണ-എക്സൈസ് മന്ത്രി എം.ബി രാജേഷ് മാലിന്യമുക്ത നവകേരള കാംപെയ്ൻ സംബന്ധിച്ച് സോഷ്യൽ മീഡിയയിലൂടെയും മറ്റും ഒരു വിശദീകരണക്കുറിപ്പ് പുറപ്പെടുവിച്ചത് നസീം കണ്ടു. പൊതുസ്ഥലങ്ങളിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നതായി ആരുടെയെങ്കിലും ശ്രദ്ധയിൽ പെട്ടാൽ തെളിവു സഹിതം അറിയിച്ചാൽ നടപടിയെടുക്കുമെന്നായിരുന്നു മന്ത്രിയുടെ കുറിപ്പ്. അതിനായി ഒരു ടോൾ ഫ്രീ നമ്പറും ഈ അറിയിപ്പിനൊപ്പം ചേർത്തിരുന്നു.

മന്ത്രിയുടെ കുറിപ്പു വായിച്ച എം.വി നസീം താൻ നേരത്തെ ചിത്രീകരിച്ച എം.ജി ശ്രീകുമാറിന്റെ വീടും അവിടെ നിന്ന് ഒരാൾ കായലിലേക്ക് എന്തോ വലിച്ചെറിയുന്ന ദൃശ്യവും ഇൻസ്റ്റഗ്രാമിൽ പോസ്റ്റു ചെയ്തു. അത് മന്ത്രിക്കും ടാഗ് ചെയ്തു. എം.ജി ശ്രീകുമാർ കായലിലേക്ക് മാലിന്യം വലിച്ചെറിയുന്നുവെന്നായിരുന്നു ഇൻസ്റ്റഗ്രാമിലെ ടാഗ് ലൈൻ. ദൃശ്യം കണ്ട മന്ത്രി ഉടനടി നടപടിയെടുക്കുവാൻ മുളവുകാട് പഞ്ചായത്ത് അധികൃതർക്ക് നിർദേശം നൽകി. ബോൾഗാട്ടി പാലസിന്റെ അതേ തീരത്തുള്ള എം.ജി ശ്രീകുമാറിന്റെ വീട് മുളവുകാട് പഞ്ചായത്തിന്റെ 12-ാം വാർഡിലാണ്. ഷൂട്ടിങ്ങുമായി ബന്ധപ്പെട്ട് കൊച്ചിയിൽ തങ്ങേണ്ടി വരുന്ന സന്ദർഭങ്ങളിലാണ് അദ്ദേഹം ഈ വീട്ടിൽ താമസിക്കുന്നത്.

ഇത്തരം കേസുകളിൽ പിഴയാണ് ശിക്ഷ. പിഴ അടച്ചു കഴിയുമ്പോൾ ഈ വിവരം തെളിവു സഹിതം നൽകിയ ആൾക്ക് ഒരു പ്രോൽസാഹനമെന്ന നിലയിൽ പാരിതോഷികം ലഭിക്കുമെന്നും മന്ത്രി വ്യക്തമാക്കിയിരുന്നു. സംഭവം അന്വേഷിച്ച് വ്യക്തത വരുത്തിയ മുളവുകാട് പഞ്ചായത്ത് അധികൃതർ എം.ജി ശ്രീകുമാറിന് അഞ്ചു ദിവസത്തിനുള്ളിൽ 25,000 രൂപ പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട വകുപ്പു പ്രകാരം പിഴയൊടുക്കാൻ നോട്ടീസ് അയച്ചു. സംഭവസമയത്ത് എം.ജി ശ്രീകുമാർ വീട്ടിലുണ്ടായിരുന്നില്ലെന്നും ജോലിക്കാരി മാങ്ങ കഴിച്ച ശേഷം ബാക്കി കടലാസിൽ പൊതിഞ്ഞ് കായലിലേക്ക് എറിയുകയായിരുന്നുവെന്ന് അന്വേഷണത്തിൽ കണ്ടെത്തിയെന്നാണ് പഞ്ചായത്ത് പ്രസിഡന്റ് വി.എസ് അക്ബറിന്റെ വാദം.

നോട്ടീസ് കിട്ടിയതോടെ എതിർപ്പൊന്നും പ്രകടിപ്പിക്കാതെ തന്നെ എം.ജി ശ്രീകുമാർ പിഴയൊടുക്കുകയായിരുന്നു. അതേസമയം കായലിലേക്ക് ജോലിക്കാരിയാണ് ചീഞ്ഞ മാങ്ങയുടെ അവശിഷ്ടം വലിച്ചെറിഞ്ഞതെന്ന് എം.ജി ശ്രീകുമാറും മാദ്ധ്യമങ്ങളോട് പ്രതികരിച്ചിരുന്നു. ''ഞാൻ അന്ന് വീട്ടിൽ ഇല്ലായിരുന്നു. കായൽ തീരത്ത് ഒരു മാവ് നിൽപ്പുണ്ട്. അതിൽ നിന്ന് ഒരു മാങ്ങാ പഴുത്തത് നിലത്ത് വീണ് ചിതറി. അതിന്റെ മാങ്ങാണ്ടി പേപ്പറിൽ പൊതിഞ്ഞ് ജോലിക്കാരി വെള്ളത്തിലേക്ക് എറിഞ്ഞതാണ്. അത് തെളിയിക്കാനും ഞാൻ തയ്യാറാണ്. പക്ഷേ അങ്ങനെ ചെയ്തത് തെറ്റാണ്. സത്യത്തിൽ അവരത് അറിയാതെ ചെയ്തതാണ്...'' എം.ജി ശ്രീകുമാർ പറഞ്ഞു.

കേരളത്തിലെ പഞ്ചായത്തുകളിൽ മാത്രമല്ല, സകല പൊതു ഇടങ്ങളിലും തള്ളപ്പെടുന്ന മാലിന്യങ്ങളുടെ കണക്ക് അമ്പരപ്പിക്കുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ എം.ജി ശ്രീകുമാർ എന്ന സെലിബ്രിറ്റി പിഴ അടച്ചത് കൊണ്ട് മാത്രം അതൊരു വലിയ സംഭവമായി മാറുന്നുമില്ല. പക്ഷേ, ന്യായീകരണങ്ങളൊന്നും നിരത്താതെ അദ്ദേഹം പിഴയൊടുക്കി മാതൃക കാട്ടി. ഇക്കാര്യം താൻ മന്ത്രി എം.ബി രാജേഷിനോട് സംസാരിച്ചുവെന്നും ഇങ്ങനെ ഒരു മാതൃക കാട്ടിയതിൽ അദ്ദേഹം അഭിനന്ദിച്ചുവെന്നും എം.ജി പറഞ്ഞു. എം.ജി ശ്രീകുമാറിനെ മാലിന്യമുക്ത കേരളത്തിന്റെ ബ്രാൻഡ് അംബാസിഡറാക്കാമെന്നും മന്ത്രി പറഞ്ഞത്രേ.

ഇക്കാര്യത്തിൽ എം.ജി ശ്രീകുമാർ ഒരു കാര്യം വ്യക്തമാക്കുകയുണ്ടായി. ''ഞാൻ തെറ്റ് സമ്മതിക്കുന്നു. അതിന് പണവും അടച്ചു. ഞാൻ മനസാ വാചാ കർമണാ അറിയാത്തൊരു തെറ്റിന് 25,000 രൂപ പിഴ ചാർത്തിയപ്പോൾ ഇവിടുത്തെ ഹോട്ടലുകാരും അതുപോലെ പല സ്ഥലങ്ങളിൽ നിന്നുമൊക്കെ കൊണ്ടുവന്നു തള്ളുന്ന മാലിന്യങ്ങൾ അധികൃതർ കണ്ണുതുറന്ന് കാണണം. അതിനൊക്കെ വൻ തുക ഈടാക്കുകയും വേണം...'' ഇങ്ങനെയൊക്കെ നേരേ ചൊവ്വേ ചെയ്തിരുന്നുവെങ്കിൽ ഈ കേരളം എന്നേ 'ദൈവത്തിന്റെ ഇഷ്ടപ്പെട്ട' നാടാകുമായിരുന്നു...

Got into an accident?
NEVER TO WORRY



CALL
GLOBAL COLLISION
& BODY WORKS LLC
1-845-727-4022
We will pick up the vehicle
and repair it fully to your satisfaction!

# ചരിത്രം കുറിച്ച് ഫൊക്കാന പ്രിവിലേജ് കാർഡ്: കൊച്ചി എയർപോർട്ടിൽ ഡിസ്കൗണ്ട് ലഭിക്കും



ന്യൂ യോർക്ക്: ഫൊക്കാനയും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് അഥവാ സിയാലുമായി ഫൊക്കാന പ്രിവിലേജ് കാർഡിന് ധാരണയായി. ചരിത്രത്തിൽ ആദ്യമായാണ് ഒരു പ്രവാസി സംഘടന ഒരു മേജർ എയർപോർട്ടുമായി ഇങ്ങനെ ഒരു ധർണയിൽ ഒപ്പുവെക്കുന്നത്. ധാരണ പ്രകാരം കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഷോപ്പ് ചെയ്യുന്ന ഫൊക്കാനയുടെ മെംബേർസിന് 10 ശതമാനം ഡിസ്കൗണ്ടും പ്രവാസി മലയാളികൾക്ക് പ്രയോജനമാകുന്ന ഡയറക്റ്റ് ഫ്ളൈറ്റുകൾക്ക് ടാക്സ് ഫ്രീ ഉൾപ്പെടെ നിരവധി കാര്യങ്ങൾ സിയാലിൽ നിന്നും ലഭിക്കുന്നതാണ്.

മലയാളികളുടെ ആവശ്യമാണ് അമേരിക്കയിൽ നിന്നും കേരളത്തിലേക്ക് ഡയറക്റ്റ് ഫ്ലൈറ്റ്. ഫൊക്കാന പ്രസിഡന്റ് സജിമോൻ ഡൽഹി സന്ദർശിക്കയും കേന്ദ്ര ഗവൺമെന്റമായും പ്രത്യേകിച്ചു കേന്ദ്ര മന്ത്രി ജോർജ് കുര്യനുമായും ചർച്ച നടത്തുകയും അദ്ദേഹം ഇതിനുള്ള പിന്തുണ അറിയിക്കുകയും ചെയ്തു . ഡൽഹിയിളും ബോംബയിലും സ്റ്റോപ്പ് ചെയ്തിട്ട് വരുന്ന ഇന്റർനാഷണൽ ട്രാവലേഴ്സിന് കേരളത്തിൽ കസ്റ്റംസ് ക്ലിയറൻസു വേണമെന്ന ആവശ്യവും ഫൊക്കാന മുന്നോട്ടു വച്ചു. കേന്ദ്ര ഗവൺമെന്റ് ഇതും അനുഭാവപൂർവം പരിഗണിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

ഡയറക്റ്റ് ഫ്ലൈറ്റുകൾ അമേരിക്കയിൽ നിന്നും കേരളത്തിലേക്ക് ആരംഭിക്കുകയാണെങ്കിൽ അങ്ങനെയുള്ള ഫ്ലൈറ്റുകൾക്കു ഒരു വർഷത്തെ ടാക്സ് ബ്രേക്ക് അനുവദിക്കാമെന്നും സിയാൽ അറിയിച്ചിട്ടുണ്ട്. ടാക്സ് ബ്രേക്ക് ഉണ്ടെങ്കിൽ ഫ്ലൈറ്റ് ചാർജ്സ് വളരെ താഴാനും സാധ്യതയുണ്ട്.

ഡയറക്റ്റ് ഫ്ലൈറ്റ് ആവശ്യപെട്ടപ്പോൾ പ്രവാസി യാത്രക്കാരുടെ യാത്രയുടെ വിവരം നൽകുന്നതിന് ആവശ്യപെട്ടിരുന്നു. ഇതിനു ആവിശ്യമായ ഡേറ്റ സപ്പോർട്ട് നൽകാമെന്നും സിയാൽ ഉറപ്പു നൽകിയിട്ടുണ്ട്

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഷോപ്പ് ചെയ്യുന്ന പ്രവാസികൾക്ക് 10 ശതമാനം ഡിസ്കൗണ്ട് ആണ് സിയാൽ ഫൊക്കാന മെംബേഴ്സിന് ഓഫർ ചെയ്യുന്നത്. കൊച്ചി വഴി യാത്ര ചെയ്യുന്നവർക്ക് മറ്റു രാജ്യങ്ങളിൽ നിന്നും ഷോപ്പ് ചെയ്തു ലഗേജിൽ സാധനങ്ങൾ പാക്ക് ചെയ്തു കൊണ്ട് പോകേണ്ട ആവിശ്യമില്ല. പകരം കൊച്ചി എയർപോർട്ടിലെ ഡ്യൂട്ടി ഫ്രീ ഷോപ്പിൽ നിന്നും ഷോപ്പ് ചെയ്യാവുന്നതാണ് (ലെസ് ലെഗേജ് മോർ കൺഫോർട്ട്). വിദേശത്തു ഡ്യൂട്ടി ഫ്രീയിൽ ലഭിക്കുന്ന

എല്ലാ സാധനങ്ങളും ഇവിടെ ലഭ്യമാണ്. പോരാത്തതിന് പത്തു ശതമാനം ഡിസ്കൗണ്ട് കുടിയാകുമ്പോൾ വളരെ ലാഭകരവുമാണ്.



ഫൊക്കാനയും സിയാലുമായി വളരെ നാളത്തെ ചർച്ചകളും മീറ്റിങ്ങുകൾക്കും ശേഷമാണ് ഇങ്ങനെ ഒരു കരാറിൽ എത്തപ്പെട്ടത്. ആദ്യവട്ട ചർച്ചയിൽ ഡെപ്യൂട്ടി ജനറൽ മാനേജരുമായി ചർച്ച നടത്തുകയും അതിന് ശേഷം രണ്ടാം റൗണ്ട് ചർച്ച ജനറൽ മാനേജർ ആൻഡ് ടീമുമായിമായി നടത്തുകയും പിന്നീട് മൂന്നാം റൗണ്ട് ചർച്ച സജി കെ ജോർജ്, എംഡി, CDRSL, മനു ജി, എയർ പോർട്ട് ഡയറക്ടർ സിയാൽ, എസ്. സുഹാസ് ഐ. എ. എസ്സ് (എം. ഡി) ആൻഡ് ടീം എന്നിവരുമായുള്ള ചർച്ചകൾക്ക് ശേഷമാണ് ഫൊക്കാനയുമായി സിയാൽ ധാരണയിൽ ആകുന്നത്. ഫൊക്കാനയെ പ്രധിനിധികരിച്ചു ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും , ട്രസ്റ്റീ ബോർഡ് മെബറും സീനിയർ നേതാവുമായ തോമസ് തോമസും പങ്കെടുത്തു.

ഫൊക്കാന പുറത്തിറക്കുന്ന പ്രിവിലേജ് കാർഡ് ഉള്ളവർക്ക് മാത്രമായിക്കും ഈ ഡിസ്കൗണ്ടുകൾക്ക് അർഹത. ഫൊക്കാനയുടെ അംഗ സംഘടനകളുടെ മെമ്പേഴ്‌സും ഈ കാർഡിനർഹരാണ്.

ലോകത്തിലേക്കും ഏറ്റവും പുരാതനവും ഏറ്റവും വലുതുമായ പ്രവാസി സംഘടനയായ ഫൊക്കാനയും ദക്ഷിണേന്ത്യയിൽ ഏറ്റവും വലിയ എയർപോർട്ടും, ഇന്ത്യയിലെ നാലാമത്തെ വലിയ എയർപോർട്ടുമായായ സിയാലുമായാണ് എഗ്രിമെന്റിൽ ഏർപ്പെടുന്നത്. കൂടുതൽ വികസനപദ്ധതികളുമായി കൂടുതൽ യാത്രക്കാരെ ആകർഷിക്കാനും സൗകര്യങ്ങളൊരുക്കാനും ഒരുങ്ങുകയാണ് സിയാൽ. എല്ലാവർഷവും യാത്രക്കാരുടെ എണ്ണത്തിലും, വരുന്ന വിദേശ ഫ്ലൈറ്റ്കളുടെ എണ്ണത്തിലും വർദ്ധനവ് കാട്ടുന്ന ഒരു എയർ പോർട്ട് കൂടിയാണ് സിയാൽ . ഏറ്റവും നല്ല കസ്റ്റമർ സർവീസ് ലഭിക്കുന്ന എയർപോർട്ട് എന്ന പ്രശംസയും സിയാലിനുണ്ട്.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം, ഇന്ത്യയിലെ പൊതുമേഖല-സ്വകാര്യമേഖല പങ്കാളിത്തത്തോടെ തുടങ്ങിയ ആദ്യത്തെ വിമാനത്താവളം. ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ സോളാർ പവേർഡ് വിമാനത്താളം കൂടിയാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം.

പ്രവാസി യാത്രക്കാരുടെ യാത്രകൾ കുറ്റമറ്റതാക്കുകയും യാത്ര സമയും കുറക്കുകയും കൂടിയാണ് ഫൊക്കാനയുടെ ലക്ഷ്യം. ഈ കമ്മിറ്റി അധികാരത്തിൽ വന്നപ്പോൾ മുതൽ ഫൊക്കാനക്കും അംഗ സംഘടനകൾക്കും പ്രയോജനപ്രതമായ നിരവധി പദ്ധതികൾ നടപ്പിലാക്കുണ്ട്.

ഈ പ്രിവിലേജ് കാർഡ് മെയ് 10 ആം തീയതി ന്യൂ ജേഴ്‌സിൽ വെച്ച് നടത്തുന്ന ഫൊക്കാന കിക്കോഓഫിൽ ഫൊക്കാന മെമ്പേഴ്‌സിനും എത്തിക്കാൻ കഴിയും എന്ന വിശ്വാസത്തിലാണ് ഫൊക്കാന ടീം. ഫൊക്കാനയുടെ അഭ്യർത്ഥന പ്രകാരം സിയാൽ നൽകുന്ന സഹായങ്ങൾക്ക് പ്രസിഡന്റ് സജിമോൻ ആന്റണിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും സിയാലിന് നന്ദി അറിയിച്ചു.



# സി.പി.എമ്മിന്റെ അമരത്ത് ജനകീയ സൈദ്ധാന്തികനും പ്രായോഗിക വാദിയും




എ.എസ് ശ്രീകുമാർ

സി.പി.എമ്മിലെ സൈദ്ധാന്തികനും പ്രായോഗിക വാദിയും സാംസ്കാരിക മുഖവുമായ മറിയം അസക്സാണ്ടർ ബേബി എന്ന എം.എ ബേബിയുടെ കൈകളിലാണ് ഇനി ഇന്ത്യൻ നിരത്തിലെ പാർട്ടിയുടെ സ്റ്റീയറിങ്. പ്രായത്തിന്റെ ഇളവ് നേടിയ സാക്ഷാൽ പിണറായി വിജയന് പോലും ലഭിക്കാത്ത കസേരയാണ് പ്രത്യയശാസ്ത ബുദ്ധിജീവിയായ ബേബിക്ക് ലഭിച്ചിരിക്കുന്നത്. അതിനാൽ സാങ്കേതികമായി പിണറായിക്ക് മുകളിലുള്ള അധികാര കേന്ദ്രമായിരിക്കും, ഇ.എം.എസിന് ശേഷം പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി പദത്തിലെത്തിയ തനി മലയാളിയായ എം.എ ബേബി.

ബേബിക്ക് ഇന്നലെ (ഏപ്രിൽ 5) എഴുപത്തിയൊന്നാം പിറന്നാളായിരുന്നു. വാസ്തവത്തിൽ ഈ ജനറൽ സെക്രട്ടറി സ്ഥാനം പാർട്ടി അദ്ദേഹത്തിന് കൊടുത്ത പിറന്നാൾ സമ്മാനമാണ്. ''രാജ്യം അനുഭവിക്കുന്ന വെല്ലുവിളികളാണ് പാർട്ടിയുടെയും വെല്ലുവിളികൾ. രാജ്യത്ത് 80,000-ത്തിലധികം പാർട്ടി ബ്രാഞ്ചുകളുണ്ട്. കൂടാതെ ഇന്റർമീഡിയേറ്റ് റി കമ്മറ്റികളുണ്ട്. ഈ കമ്മിറ്റികളെല്ലാം സജീവമായി പ്രവർത്തിക്കുകയാണെങ്കിൽ പാർട്ടി കോൺഗ്രസിൽ കൈക്കൊണ്ട രാഷ്ട്രീയ തീരുമാനങ്ങൾ നടപ്പാക്കാൻ കഴിയും. സംഘടനാപരമായ ഒരു പുനശാക്തീകരണത്തിലേക്ക് പോകേണ്ടതുണ്ട്. ഇന്ത്യൻ രാഷ്ട്രീയത്തിൽ സി.പി.എമ്മിന്റെ ഇടപ്പെടൽ ശേഷി വർധിപ്പിക്കുന്നതിന് പാർട്ടി കോൺഗ്രസ് തീരുമാനങ്ങളിലൂടെ കഴിയും...'' എന്നാണ് പുതിയ ജനറൽ സെക്രട്ടറിയുടെ ആദ്യത്തെ പ്രതികരണം.

കേരളത്തിൽ തുടർ ഭരണം നേടിയെ

ടുക്കാൻ വേണ്ടി പാർട്ടിയും മുന്നണിയും നടത്തേണ്ട പ്രവർത്തനങ്ങൾ നടത്തിയാൽ അത് യാഥാർത്ഥ്യമാവുമെന്നാണ് അദ്ദേഹം പറയുന്നത്. എന്നാൽ മൂന്നാം വട്ടവും അധികാരത്തിലേറുകയെന്നത് ഇനി അത്ര എളുപ്പമുള്ള കാര്യമല്ല. ഭരണ വിരുദ്ധ വികാരവും ബി.ജെ.പിയുടെ ശക്തിയാർജിക്കലും ഒരു ഘടകമാണ്. സി.പി.എമ്മിന്റെ നല്ലൊരു ശതമാനം വോട്ടുകൾ ബി.ജെ.പിയിലേയ്ക്ക് പോയിട്ടുണ്ടെന്ന് 24-ാം പാർട്ടി കോൺഗ്രസ് തന്നെ വിലയിരുത്തിയിട്ടുണ്ട്. ഒരുകാലത്ത് മാർക്സിസ്റ്റ് പാർട്ടിക്കുണ്ടായിരുന്ന ഉറച്ച ജനകീയാടിത്തറയ്ക്ക് വിള്ളലുണ്ടായെന്ന സത്യം അംഗീകരിച്ചുകൊണ്ടുവേണം ബേബിക്ക് സഞ്ചരിക്കാൻ.

ഇ.എം.എസ് നമ്പൂതിരിപ്പാടോ ഹർകിഷൻ സിങ് സുർജിത്തോ നയിച്ച കാലത്തെ പാർട്ടിയല്ല എം.എ ബേബിയുടെ കൈകളിൽ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നത്. നരേന്ദ്രമോദിയും അമിത് ഷായും ഉയർത്തുന്ന ചോദ്യങ്ങൾക്ക് ഇന്നു മുതൽ സി.പി.എമ്മിൻ നിന്ന് മറുപടി പറയേണ്ടത് ബേബിയാണ്. ഇന്ത്യാ സഖ്യത്തിന്റെ ഭാഗമായി ദേശീയ തലത്തിൽ രാഹുൽ ഗാന്ധിയേയും പ്രിയങ്ക ഗാന്ധിയേയും ഇദ്ദേഹം എങ്ങനെയായിരിക്കും അഡ്രസ് ചെയ്യുകയെന്നതും കാണേണ്ടിയിരിക്കുന്നു. എന്നാൽ അഖിലേന്ത്യാ തലത്തിൽ നല്ല പ്രതിഛായയുള്ള ബേബി തികഞ്ഞ ജനകീയനുമാണ്.

2012 മുതൽ പോളിറ്റ് ബ്യൂറോയിലുള്ള എം.എ ബേബി ഏറ്റവും സീനിയറായ നേതാവാണ്. സീതാറാം യെച്ചൂരിയും എം.എ ബേബിയും ഡൽഹി കേന്ദ്രമാക്കി ഒരുമിച്ച് പ്രവർത്തിച്ചിരുന്നവരാണ്. അതുകൊണ്ട് യെച്ചൂരിക്ക് ശേഷം ആരെന്ന ചോദ്യത്തിന് ബേബിയുടെ പേര് ഉയർന്നു വന്നതിൽ വലിയ അത്ഭുതമെന്നുമില്ല. നിലവിൽ പാർട്ടിയുടെ അന്താരാഷ്ട്ര വിഭാഗത്തിന്റെ പ്രധാന ചുമതലക്കാരൻ കൂടിയാണ് എം.എ ബേബി. 12 വർഷം രാജ്യസഭയിലും 10 വർഷം നിയമസഭയിലും അംഗമായിരുന്ന എം.എ ബേബിക്ക് സംഘടനാ സംവിധാനത്തിനൊപ്പം പാർലമെന്ററി സംവിധാനവും ഹൃദിസ്ഥമാണ്. സാധാരണക്കാരായ പാർട്ടിക്കാരുമായുള്ള ബന്ധം അദ്ദേഹത്തെ വേറിട്ട് നിർത്തുന്നു. ഇ.എം.എസ്, ഹർകിഷൻ സിങ് സുർജിത്, പ്രകാശ് കാരാട്ട്, സീതാറാം യെച്ചൂരി എന്നീ ജനറൽ സെക്രട്ടറിമാർക്കൊപ്പം ഡൽഹിയിൽ പ്രവർത്തിച്ച പാരമ്പര്യമാണ് എം.എ ബേബിയുടെ സമ്പാദ്യം.

കൊല്ലം പ്രാക്കുളം സ്വദേശിയായ എം.എ ബേബി, അദ്ധ്യാപകനായിരുന്ന കുന്നത്ത് പി.എം അലക്സാണ്ടറുടെയും ലില്ലിയുടെയും എട്ടു മക്കളിൽ ഇളയവനായി 1954 ഏപ്രിൽ 5-നാണ് ജനിച്ചത്. ചെറുപ്രായം മുതൽ വളർന്നുവന്നത് കമ്യൂണിസ്റ്റ് സാഹചര്യങ്ങളിലാണ്. പ്രാക്കുളം എൻ.എസ്.എസ് ഹൈസ്കൂളിൽ ആരംഭിച്ച എം.എ ബേബിയുടെ വിദ്യാർഥി രാഷ്ട്രീയ പ്രവർത്തനമാണ് ഇന്ന് അഖിലേന്ത്യാ ജനറൽ സെക്രട്ടറി പദത്തിൽ എത്തി നിൽക്കുന്നത്. വിഭാഗീയത കൊടികുത്തി വാണ കാലത്തും സംയമനത്തോടെ ബേബി നടത്തിയ ഇടപെടലുകളാണ് അദ്ദേഹത്തെ ഏവർക്കും സ്വീകാര്യനാക്കിയത്.

1974-ൽ എസ്.എഫ്.ഐയുടെ കേന്ദ്ര എക്സിക്യൂട്ടീവ് അംഗമായി ഡൽഹിയിലെത്തിയ എം.എ ബേബി, 1975-ൽ എസ്.എഫ്.ഐ സംസ്ഥാന പ്രസിഡന്റ്, 1977-ൽ സി.പി.എം കൊല്ലം ജില്ലാ കമ്മിറ്റിയംഗം, 1979-ൽ എസ്.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റ്, 1983-ൽ ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ



ജോയിന്റ് സെക്രട്ടറി 1984-ൽ സി.പി.എം സംസ്ഥാന സമിതി അംഗം, 1987-ൽ ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റ് എന്നീ നിലകളിൽ സൗമ്യവും ദീപ്തവുമായ പ്രവർത്തനം കാഴ്ചവച്ചു. രാജ്യത്ത് ആറുവർഷം ഡി.വൈ.എഫ്.ഐ നയിച്ച ബേബിയിൽ നിന്ന് ആ സ്ഥാനം ഏറ്റെടുത്തത് കഴിഞ്ഞവർഷം അന്തരിച്ച സീതാറാം യെച്ചൂരിയയാണ്.


1978-ൽ എസ്.എഫ്.ഐയുടെ പട്ന സമ്മേളനമാണ് ബേബിയെ അഖിലേന്ത്യാ പ്രസിഡന്റായി തെരഞ്ഞെടുക്കുന്നത്. അതേ വർഷമാണ് പാർട്ടി ജനറൽ സെക്രട്ടറിയായി ഇ.എം.എസ് ചുമതലയേൽക്കുന്നത്. ഇ.എം.എസിനൊപ്പം ആരംഭിച്ചതാണ് ബേബിയുടെ ഡൽഹി പ്രവർത്തനം എന്ന് ചുരുക്കം. അടിയന്തരാവസ്ഥക്കാലത്ത് അറസ്റ്റിലായ ബേബി ക്രൂരമായ പൊലീസ് മർദനത്തിന് ഇരയായി. പിന്നീട് നിരവധി പാർട്ടി പ്രക്ഷോഭങ്ങൾക്ക് രൂപം നൽകിയതും ബേബിയായിരുന്നു.

1989-ലാണ് കേന്ദ്ര കമ്മിറ്റി അംഗമായത്. 1992-ൽ കേന്ദ്ര സെക്രട്ടറിയേറ്റ് അംഗമായി. 1997-ൽ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗമായ ബേബി 2002 മുതൽ 2004 വരെ സി.പി.എം ആലപ്പുഴ ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചു. 2012 മുതൽ പൊളിറ്റ് ബ്യൂറോ അംഗമായി പ്രവർത്തിച്ചുവരികയാണ്. 1986 മുതൽ 1998 വരെ രാജ്യസഭാംഗമായി. 32-ാം വയസ്സിൽ രാജ്യസഭാംഗമായ ബേബി രാജ്യസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും പ്രായം കുറഞ്ഞവരിൽ ഒരാളാണ്. 2006-ൽ ആദ്യമായി കുണ്ടറയിൽനിന്ന് നിയമസഭാംഗമായി. തുടർന്ന് വി.എസ് അച്യുതാനന്ദൻ മന്ത്രിസഭയിൽ വിദ്യാഭ്യാസ, സാംസ്കാരികം വകുപ്പുകൾ കൈകാര്യം ചെയ്തു. 2011-ൽ കുണ്ടറയിൽനിന്ന് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. 2014-ൽ കൊല്ലം ലോക്സഭാ മണ്ഡലത്തിൽ ആർ.എസ്.പിയുടെ എൻ.കെ പ്രേമചന്ദ്രനോട് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

ക്യൂബൻ ഐക്യദാർഢ്യ സമിതിയുടെ സ്ഥാപക കൺവീനറായിരുന്ന ബേബി ഡൽഹി കേന്ദ്രമായി 'സ്വരലയ' എന്ന കലാ സാംസ്കാരിക സംഘടന രൂപവത്കരിക്കുന്നതിൽ മുൻകയ്യെടുത്തു. പാർട്ടി പരിപാടികൾക്കൊപ്പം കൊണ്ടുനടന്ന സ്വരലയ എന്ന സാംസ്കാരിക സംഘടന ഉയർന്ന നിലവാരമുള്ള കലാപരിപാടികൾ അവതരിപ്പിച്ച് അഖിലേന്ത്യാ ശ്രദ്ധ നേടി. ഇന്ത്യയിലെയും വിദേശത്തേയും മികച്ച കലാകാരന്മാരെല്ലാം സ്വരലയയുടെ ഭാഗമായി.

പറഞ്ഞ വാക്ക് പാലിക്കാൻ എം.എ ബേബിയെക്കഴിഞ്ഞ് മറ്റാരുമില്ലെന്നാണ് പറയപ്പെടുന്നത്. അതിനൊരു ഉദാഹരണം ചൂണ്ടിക്കാട്ടാം. കുണ്ടറ എം.എൽ.എ ആയിരിക്കുമ്പോഴാണ് ബേബി കൊല്ലം ലോക്സഭാ സീറ്റിലേയ്ക്ക് മൽസരിച്ചത്. തോറ്റാൽ എം.എൽ.എ സ്ഥാനവും രാജിവയ്ക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. പോളിറ്റ് ബ്യൂറോ അംഗം കൂടിയായ ബേബി അന്ന് എൻ.കെ പ്രേമചന്ദ്രനോട് തോറ്റു. തുടർന്ന് രാജിവയ്ക്കുകയാണെന്നു പാർട്ടിയെ അറിയിച്ചെങ്കിലും സി.പി.എം സംസ്ഥാന കമ്മിറ്റിയും പോളിറ്റ് ബ്യൂറോയും അതു തള്ളിക്കളഞ്ഞു. എന്നാൽ ദിവസങ്ങൾക്ക് ശേഷമാണ് ബേബി നിയമസഭയിൽ എത്തിയത്.

ബെറ്റി ലൂയിസ് ആണ് എം.എ ബേബിയുടെ ഭാര്യ. മകൻ അശോക് ബെറ്റി നെൽസൺ സംഗീത-കലാ പ്രിയനായ പിതാവിനൊപ്പം സംഗീത വഴിയിലാണ്. പ്രശസ്ത സംഗീത സംവിധായകൻ എം ജയചന്ദ്രന്റെ സംഘത്തിലും തൈക്കുടം ബ്രിഡ്ജ് ബാൻഡിലും എല്ലാം സുപരിചിതനാണ് ബെറ്റി


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# കേരള റൈറ്റേഴ്സ് ഫോറം നടത്തുന്നത് വിശാല വീക്ഷണമുള്ള സാഹിത്യ ചർച്ചകൾ





**ചെറിയാൻ മഠത്തിലേത്ത്**

ഹൂസ്റ്റൺ: ഈ വസന്തകാലത്ത് ഹൂസ്റ്റൺ വളരെ മനോഹരമാണ്. അസാലിയ പുഷ്പങ്ങളും ചുവന്ന് പരിമളം പരത്തുന്ന റോസാപ്പൂക്കളും എവിടെയും കാണാം. പ്രകൃതിക്കെന്നപോലെ കവികൾക്കും സാഹിത്യ പ്രതിഭകൾക്കും പ്രിയപ്പെട്ടതാണ് വസന്തകാലം. കാരണം അതിന്റെ കാൽപനിക സൗന്ദര്യം മറ്റേതൊരു ഋതുവിനേക്കാളും അവരുടെ ഭാവനയെ ജ്വലിപ്പിക്കുന്നതാണ്. ഇത് ഏറ്റവും ജനപ്രിയമാണ്, പുനരുജ്ജീവനത്തിന്റെ പ്രതീകവുമാണ്. വൃക്ഷലതാദികളിൽ പുതിയ ഇലകൾ തളിർത്ത് വരികകയും പൂക്കൾ വിരിയുകയും ചെയ്യുന്നു, കാലാവസ്ഥ ചൂടാകുന്നു, ചുറ്റുമുള്ളതെല്ലാം ശാന്തമായി തോന്നുന്നു.

ഈ സുന്ദരകാലത്തിന്റെ ആവേശമുൾക്കൊണ്ട്, വായനയുടെയും എഴുത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കേദാരവും മലയാള സാഹിത്യ സ്നേഹികളുടെ അമേരിക്കയിലെ പ്രഥമ മലയാളി കൂട്ടായ്മയുമായ, ഹൂസ്റ്റണിലെ കേരള റൈറ്റേഴ്സ് ഫോറത്തിന്റെ പ്രതിമാസ യോഗവും ഇതൾ വിരിഞ്ഞ് സമ്പന്നമായി.

യോഗത്തിൽ അധ്യക്ഷത വഹിച്ച പ്രസിഡന്റ് ചെറിയാൻ മഠത്തിലേത്ത് ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്തു. പ്രോഗ്രാം കോ-ഓർഡിനേറ്ററും പബ്ളിഷിങ് കോ-ഓർഡിനേറ്ററും കേരള റൈറ്റേഴ്സ് ഫോറത്തിന്റെ ഭാവി പരിപാടികളെക്കുറിച്ച് വിശദീകരിച്ചു. സാഹിത്യത്തെയും അതിന്റെ





വിവിധ സങ്കേതങ്ങളെയും കാലികമായ പ്രവണതകളെ പറ്റിയുമൊക്കെ വളരെ ആരോഗ്യകരമായി ചർച്ച ചെയ്തുകൊണ്ടാണ് കഴിഞ്ഞ 35 സംവത്സരങ്ങളായി റൈറ്റേഴ്സ് ഫോറം ജൈത്രയാത്ര തുടരുന്നതെന്ന് അവർ വ്യക്തമാക്കി.

പരിണതപ്രജ്ഞരായ നിരവധി വിശിഷ്ട വ്യക്തികൾ ഈ സാഹിത്യ കൂട്ടായ്മയുടെ വേദിയിൽ എത്തുകയും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും മതപരവുമായ വിഷയങ്ങളെ കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഏതു വിഷയത്തെക്കുറിച്ചും തുറന്ന മനസ്സോടുകൂടി സാഹിത്യ സംവാദങ്ങൾ നടത്തുകയെന്നതാണ് റൈറ്റേഴ്സ് ഫോറത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ഈ വിശാല വീക്ഷണം എഴുത്തുകാരെ വ്യത്യസ്ത തലങ്ങളിൽ തങ്ങളുടെ രചനകൾ നടത്താൻ പ്രാപ്തമാക്കുന്നുവെന്ന് ഇരുവരും അഭിപ്രായപ്പെട്ടു.








ഇക്കഴിഞ്ഞ 29-ാം തീയതി ഞായറാഴ്ച സ്റ്റാഫോർഡിൽ ചേർന്ന യോഗത്തിലെ പ്രധാന അജണ്ട ഡോ. സണ്ണി എഴുമറ്റൂരിന്റെ ഏറ്റവും പുതിയ രചനയായ 'എ ബേണിങ് ക്വസ്റ്റ്യൻ' എന്ന പുസ്തകത്തിന്റെ പ്രകാശനമാണ്. വിവിധ വിഷയങ്ങളിൽ അവഗാഹമുള്ള അദ്ദേഹത്തിന്റെ 57-ാമത്തെ പുസ്തകമാണിത്. ശവസംസ്കാര ചടങ്ങുകളുടെ സാമൂഹികവും സാംസ്കാരികവും കച്ചവടപരവുമായ വിവിധ വശങ്ങളെക്കുറിച്ചാണ് 'എ ബേണിങ് ക്വസ്റ്റ്യൻ' പ്രതിപാദിക്കുന്നത്. ക്രിസ്ത്യൻ സമൂഹത്തെ സംബന്ധിച്ചിടത്തോളം അവർ പുനരുദ്ധാനത്തിൽ വിശ്വസിക്കുന്നു. അതുകൊണ്ടാണ് കിഴക്കോട്ട് ദർശനമായി ഭൗതിക ശരീരം സംസ്കരിക്കുന്നത്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അതാണ് ശരി. എന്നാൽ ശവദാഹം തെറ്റാണെന്നുണ്ടോ...? ശവസംസ്കാരത്തിന്റെ സാമ്പത്തിക വശങ്ങളെക്കുറിച്ചും പുസ്തകം വിചിന്തനം ചെയ്യുന്നുണ്ട്.




സാമുവൽ തോമസ് ഡോ. സി.എം ജേക്കബിന് നൽകിക്കൊണ്ട് പുസ്തകം പ്രകാശനം ചെയ്തു. ഡോ. സി.എം ജേക്കബ്, സാമുവൽ തോമസ്, പാസ്റ്റർ മാണി വർഗീസ്, മാത്യു നെല്ലിക്കുന്ന്, ജോൺ മാത്യു തുടങ്ങിയവർ ഈ കൃതിയെ അനുമോദിച്ച് സംസാരിച്ചു. രചയിതാവ് ഏവർക്കും നന്ദി പറഞ്ഞു. ഇതിനിടെ ജേക്കബ് സാം ചൊല്ലിയ കവിത ഹൃദ്യമായി. യോഗത്തിൽ ജോൺ മാത്യു 'ഉടയാടകൾക്കും ആത്മാവ്' എന്ന റിയലിസ്റ്റിക് കഥ അവതരിപ്പിച്ചു. ഇന്ദ്രജാലപ്രതീതി ജനിപ്പിക്കുന്ന ഈ കഥ ചർച്ച ചെയ്യപ്പെട്ടു. സുരേന്ദ്രൻ നായർ, റോയി തോമസ്, ടോം വിരിപ്പൻ, ജോസഫ് തച്ചാറ, ഷാജി പാംസ്, ജേക്കബ് സാം, കുര്യൻ മ്യാലിൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

തുടർന്ന് ടൊറന്റോയിലെ ജോൺ ഇളമതയുടെ 'ജീവിക്കാൻ മറന്നു പോയവർ' എന്ന നോവലും പ്രകാശനം ചെയ്തു. പുസ്തകത്തിന്റെ കോപ്പി എ.സി ജോർജിൽ നിന്ന് ബോബി മാത്യു സ്വീകരിച്ചുകൊണ്ടായിരുന്നു പ്രകാശന കർമം. ആദ്യകാല കുടിയേറ്റക്കാരുടെ കഥയാണിത്. വലിച്ചുവാരിക്കൂട്ടി വിജയിക്കാനുള്ള നെട്ടോട്ടം, അതിന്റെ ആകുലത, മാനസിക പിരിമുറുക്കം, പാശ്ചാത്യ നാട്ടിൽ നിന്ന് അപ്രതീക്ഷിതമായി തരക്കേടില്ലാത്ത വരുമാനമുണ്ടായപ്പോൾ ഉന്നത ബിരുദധാരിയായിരിക്കണം തന്റെ ജീവിത പങ്കാളിയെന്ന് നിർബന്ധം പിടിച്ചവരുടെ കഥയാണ് 'ജീവിക്കാൻ മറന്നു പോയവർ'. അറ്റോർണി ഇന്നസെന്റ്, കൊച്ചിൻ ഷാജി തുടങ്ങിയവരും ചർച്ചയിൽ സംബന്ധിച്ചു. റൈറ്റേഴ്സ് ഫോറത്തിന്റെ മുൻ പ്രസിഡന്റ് അഡ്വ. ഡോ. മാത്യു വൈരമൺ ആയിരുന്നു സാഹിത്യ ചർച്ചയുടെ മോഡറേറ്റർ.








അടുത്ത മീറ്റിങ് കവിതാ മാസത്തിന്റെ ആഘോഷമായി നടത്തുമെന്ന് പ്രോഗ്രാം കോ-ഓർഡിനേറ്റർ അറിയിച്ചു. റൈറ്റേഴ്സ് ഫോറം സെക്രട്ടറി മോട്ടി മാത്യു കൃതജ്ഞത പ്രകാശിപ്പിച്ചു.




In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**റോജി സി. മാത്യൂസ്**

ന്യൂയോർക്ക്: റോക്ക്‌ലാൻഡ് സുമ ട്രാവൽസ് ഉടമയും ഫ്രാക്സ് എയർ കെമിസ്റ്റും ആയ റോജി സി. മാത്യൂസ് (69) ന്യൂയോർക്കിലെ റോക്ക്‌ലാൻഡിൽ അന്തരിച്ചു. കോഴഞ്ചേരി കുറുംന്തോട്ടിൽ പരേതനായ കെ. എം. ചെറിയാനാണ് (രാജൻ സ്റ്റുഡിയോ ഉടമ) പിതാവ്. മാതാവ് ലില്ലിക്കുട്ടി ചെറിയാൻ. പിതാവിന്റെ പാത പിന്തുടർന്ന് റോജിയും റോക്ക്‌ലാൻഡിൽ ഒരു ഫോട്ടോ സ്റ്റുഡിയോയും നടത്തിവന്നിരുന്നു. ഡീനാ മാത്യൂസ് ആണ് ഭാര്യ. ജീനാ, മിലി, ഷെറിൽ എന്നിവർ മക്കളും, വരുൺ, ജെഫ്, സേഥ് എന്നിവർ മരുമക്കളുമാണ്. എലിസബത്ത് റെജീന സഹറിയായും, എലിസബത്ത് മെരീജ സഹറിയായും സ ഹോദരിമാരും, എബി ചെറിയാൻ സഹോദരനുമാണ്.



**വർഗീസ് മാത്യു**

ഡാളസ്: ആറന്മുള കൊച്ചുവീട്ടിൽ കുടുംബാംഗം വർഗീസ് മാത്യു ഡാളസിൽ ഏപ്രിൽ 6-നു അന്തരിച്ചു. ഭാര്യ: സുസമ്മ മാത്യു. മക്കൾ: സ്മിത & ബിനു, സീമ & ഫിൻലി മാത്യു, സ്റ്റെഫനി & സ്റ്റാൻലി.

**ടി.കെ.സരോജിനി അമ്മ**

ഏറ്റുമാനൂർകിഴക്കുംഭാഗംകരയിൽ (പുന്നത്തുറകവല) സരോജമന്ദിരത്തിൽ പരേതനായ വിശ്വനാഥപ്പണിക്കരുടെ ഭാര്യ ടി.കെ.സരോജിനി അമ്മ (99) അന്തരിച്ചു. മക്കൾ: ശാന്തകുമാരി, ചന്ദ്രശേഖരപ്പണിക്കർ, മോഹൻ ദാസ് (ബിഎസ്എൻഎൽ മുൻ ഉദ്യോഗസ്ഥൻ), ഗീതാ കുമാരി. മരുമക്കൾ: പരേതനായ രാമചന്ദ്രൻ നായർ വാരിശേരി കുമ്മനം, ശാരദക്കുഞ്ഞമ്മ തോട്ടകം വൈക്കം, ആനന്ദവല്ലിയമ്മ (ബിഎസ്എൻഎൽ മുൻ ഉദ്യോഗസ്ഥ), എസ്.ബി.പിള്ള.



**ബാബുതോമസ് പണിക്കർ**

ഡാലസ്/കുണ്ടറ: കുണ്ടറ കല്ലുംപുറത്ത് ബാബുതോമസ് പണിക്കർ അന്തരിച്ചു. ഡാലസിൽ നിന്നും ഈയിടെയാണ് ബാബുതോമസ് കേരളത്തിലെത്തിയത്. മെക്കിനി സെൻറ് പോൾസ് ഓർത്തഡോക്സ് ഇടവക അംഗമാണ്. ഭാര്യ: എസ്തേറമ്മ – തേവലക്കര അരുവിചിറക്കര കിഴക്കേടത്ത് കുടുംബാംഗമാണ്. മക്കൾ: അനൂപ് പണിക്കർ ഡാളസ്, അനുജ പണിക്കർ ഡിട്രോയിറ്റ് .മരുമക്കൾ: ജീന എബ്രഹാം ഡാലസ്, അനൂപ് ജോൺ ഡിട്രോയിറ്റ്. കൊച്ചു മക്കൾ റ്റീഷ, പ്രവീൺ.


**അന്നമ്മ ചാക്കോ**

വെളിയന്നൂർ:ഇലവുങ്കൽ അന്നമ്മ ചാക്കോ (88) അന്തരിച്ചു. ഭർത്താവ്: പരേതനായ ചാക്കോ. മക്കൾ: ജോയി, സി.ജസീന്ത, മേരി, ജോസ്, ജെസി, ജെയ്മോൻ, ജോയ്സ്.



**കുര്യൻ വി. കടപ്പൂർ**

ഡാളസ്: കുര്യൻ വി. കടപ്പൂർ (മോനിച്ചൻ – 73) ഡാളസിൽ അന്തരിച്ചു. പരേതരായ ചാണ്ടി വർക്കി, മറിയാമ്മ വർക്കി ദമ്പതികളുടെ മകനായി 1952 ജനുവരി 17-ന് അർപ്പൂക്കരയിലാണ് ജനനം .1971 മുതൽ ദീർഘകാലം മദ്രാസിലെ ഡൺലോപ്പ് ടയർ ലിമിറ്റഡിൽ ഉദ്യോഗസ്ഥനായിരുന്നു.1990 ൽ, ടെക്സസിലെ ഫോർട്ട് വർത്തിലേക് കുടിയേറി .ഫാർമേഴ്സ് ബ്രാഞ്ച് മെട്രോ ചർച്ച് ഓഫ് ഗോഡിൽ അംഗമാണ്.ഭാര്യ മേരി (ലാലി) കുര്യൻ തണങ്ങപു ത്തിക്കൽ കുടുംബാംഗമാണ്. മകൾ: ജെന്നി (കുട്ടൻ). മരു മകൻ: സനു മാത്യു. കൊച്ചു മക്കൾ: ഇയാൻ, ഐഡൻ മാത്യു സഹോദരങ്ങൾ: ആന്ത്രോയോസ് കടപ്പൂർ (അന്നമ്മ കോശി) ടെക്സസ് ഫോർട്ട് വർത്ത്, അമ്മാൾ കോശി (കോട്ടയം).



**ജോർജ് ശാമുവേൽ**

ചിക്കാഗോ: മാവേലിക്കര ചെറുകോൽ കാവിൽ കുടുംബാംഗമായ ജോർജ് ശാമുവേൽ (റോയ്-76) ചിക്കാഗോയിൽ അന്തരിച്ചു. ചിക്കാഗോയിലെ ആദ്യകാല പ്രവാസികളിലൊരാളാണ് പരേതൻ. പത്നി: മേരി ശാമുവേൽ (പോളി) മക്കൾ: മക്കൾ ബിജു, ക്രിസ്, ഷിക്കാഗോ, മൈക്കൽ ഹ്യൂസ്റ്റൺ ടെക്സസ് . മരുമക്കൾ: ലെസ്‌ലി, ജൂലിയ, ലോറ. കൊച്ചുമക്കൾ: റെയ്ന, എലിയസ്, ഫ്രെഡ്സ്, ലൂക്കസ്, ആക്സൽ.

**റെജി തോമസ്**

മാലം:മുരിക്കവേലിൽ പരേതനായ ഈപ്പൻ തോമസിന്റെ മകൻ സെയിൽസ് ടാക്സ് റിട്ട.അസി. കമ്മിഷണർ ഹാപ്പി ഹോമിൽ റെജി തോമസ് (68) അന്തരിച്ചു. ഭാര്യ: കവിയൂർ മാധവശേരി കുഞ്ഞുമോൾ റെജി. മക്കൾ: റിജോ റെജി (ദുബായ്), റിയ റെജി (സൗദി).



**പി.എം. മാത്യു**

ചിക്കാഗോ: ഏറ്റുമാനൂർ പാണ്ടവത്ത് പി.എം. മാത്യു (70) അന്തരിച്ചു. ഭാര്യ: സ്റ്റെല്ലാ ഏറ്റുമാനൂർ കടുതോടിൽ കുടുംബാംഗമാണ്. മക്കൾ: അഞ്ജു കൊക്കരവാലയിൽ (യു.കെ), ആഷ്മോൻ പാണ്ടവത്ത് (ഓസ്ട്രേലിയ), അഫി പാണ്ടവത്ത് (ചിക്കാഗോ ).മരുമക്കൾ: ബിനോയി കൊക്കരവാലയിൽ (വാകത്താനം), പ്രഭ പേരുപറമ്പിൽ (മള്ളൂശ്ശേരി), ജോ മിനി തോമസ് ചെന്നലത്തു കുന്നേൽ (കട്ടപ്പന). സഹോദരങ്ങൾ: ചിന്നമ്മ തോമസ് കണ്ടാരപ്പള്ളിൽ കുറുപ്പന്തറ, പരേതനായ പി.എം. തോമസ് (ജോയി), ലൈസമ്മ ജോസ് ചിക്കാഗോ, മിനി തോമസ് ചാഴികാട്ട് (ചിക്കാഗോ).

**സരോജിനി അമ്മ**

വൈക്കം:തോട്ടകം ഗിരിജാമന്ദിരത്തിൽ സരോ ജിനി അമ്മ അന്തരിച്ചു.



**ആന്റണി സൈമൺ**

കോട്ടയം: നീണ്ടൂർ പറമല ആന്റണി സൈമൺ (ആന്റപ്പൻ-60) അന്തരിച്ചു.ഭാര്യ: ബീനാ കൈപ്പുഴ കണ്ടത്തിൽ കുടുംബാംഗമാണ്.

**ടി.ടി.സെബാസ്റ്റ്യൻ**

കവീക്കുന്ന്തെങ്ങുംപള്ളിൽ ടി.ടി.സെബാസ്റ്റ്യൻ (കുഞ്ഞുകുട്ടി, 95) അന്തരിച്ചു. ഭാര്യ: പെരിങ്ങുളം തറപ്പേൽ ചിന്നമ്മ. മക്കൾ: ലൂസി, മേഴ്സി, ഡോളി, ഷാജി, ജോസഫ് (ഇരുവരും ആഫ്രിക്ക), ബെന്നി, സനീഷ് (മാർ സ്ലീവ മെഡിസിറ്റി പാലാ). മരുമക്കൾ: കെ.ജി.ജോസഫ് കണ്ടംപറമ്പിൽ, മാണി തോമസ് പനച്ചിക്കവയലിൽ, റിൻസി പാലയ്ക്കൽ (മൂവരും കവീക്കുന്ന്), സിൽവസ്റ്റർ എബ്രഹാം കീരഞ്ചിറ കാവാലി, ജയ വാണിയപുരയ്ക്കൽ ചിന്നാർ, മിയാത്ത (ആഫ്രിക്ക), തെരേസ ഒരുവാലിവീട് തിരുവനന്തപുരം.



**ആൻസി ബേബി**

കൈപ്പുഴ: ചാത്താംപടത്തിൽ ആൻസി ബേബി (58) അന്തരിച്ചു. മക്കൾ: ബിൻസി (ബെൽജിയം), ബിബിൻ (യുകെ), അനിമോൾ (യുകെ). മരുമക്കൾ: അജിത് പോളപ്രായിൽ പാലത്തുരുത്ത്, ജിസ്മി വട്ടക്കൊട്ടയിൽ പയ്യാവൂർ, നിബിൻ കൊച്ചാനിച്ചുവട്ടിൽ സുൽത്താൻബത്തേരി.

**മറിയാമ്മ മത്തായി**

പുന്നവേലി:വെപ്പിനേത്ത് മറിയാമ്മ മത്തായി (തങ്കമ്മ 98) അന്തരിച്ചു. പുത്തുക്കല്ലേൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ വി. പി.മത്തായി. മക്കൾ: ലില്ലി, പരേതയായ ലിസി, കുഞ്ഞുമോൻ, തങ്കച്ചൻ, രാജൻ. മരുമക്കൾ: കുഞ്ഞുമോൻ (തിരുവല്ല), ബാവച്ചൻ (കളത്തുപ്പുഴ), അനു (മണിമല), സെലിൻ (തലവടി), ലീന (വെച്ചൂച്ചിറ).



**തങ്കച്ചൻ ഫിലിപ്പ്**

പുന്നത്തുറ: പല്ലോന്നിൽ തങ്കച്ചൻ ഫിലിപ്പ് (62) അന്തരിച്ചു. ഭാര്യ: കരിങ്കുന്നം മാടശേരിൽ ജെസി. മക്കൾ: അജയ്, അനിറ്റ്, ആൽബിൻ, അലൻ. മരുമകൾ: ബ്ലസി ടോമി ഇരുപുളുംകാട്ടിൽ (കരിമണ്ണൂർ).

**ഗോപി**

ഇടകടത്തി:ഉമിക്കുപ്പ പൈനുമൂട്ടിൽ ഗോപി (80) അന്തരിച്ചു. ഭാര്യ: പൂഞ്ഞാർ അപ്പാൻതാനത്ത് സബിത. മക്കൾ: ഗേളി, ചിപ്പി. മരുമക്കൾ: സൂരജ് കപ്പാട്, പ്രമോദ് മേരികുളം.

**കുട്ടൻ കുഞ്ഞൻ**

ഇത്തിത്താനം:പൊൻപുഴ പനമൂട്ടിൽത്തറയിൽ കുട്ടൻ കുഞ്ഞൻ (84) അന്തരിച്ചു. ഭാര്യ: പുതുച്ചിറ പരേതയായ അമ്മിണി. മക്കൾ: ഷൈമോൾ, ഷൈലേഷ്. മരുമക്കൾ ജയചന്ദ്രൻ, ഷൈമോൾ (കുറിച്ചി).



**ബിജു ജോസ്**

മറ്റക്കര: യു.കെയിൽ നിര്യാതനായ പതിക്കൽ പി.റ്റി. ജോസഫ്-പരേതയായ മേരി ജോസഫ് ദമ്പതികളുടെ മകൻ ബിജു ജോസ് 46) അന്തരിച്ചു. ഭാര്യ: സ്മിത കണ്ണങ്കര പാറയിൽ കടുംബാംഗം. മക്കൾ: ജോയൽ, ജൊവാൻ, ജോഷ്.

**ഡോ.എ.കെ.അന്നമ്മ**

ഒളശ്ശ:സിഎംഎസ് കോളജ് റിട്ട. പ്രഫസർ ഏനാദിക്കൽ ചിറേമോലിൽ ഡോ.എ. കെ.അന്നമ്മ (ഗ്രേസി83) അന്തരിച്ചു.ഭർത്താവ്: പരേതനായ ജോർജ് മാത്യു. മക്കൾ: പരേതനായ പ്രിൻസ്, പ്രവീൺ, പ്രമോദ് (ഏനാദിക്കൽ സ്റ്റോഴ്സ് ഒളശ്ശ). മരുമക്കൾ: സൂസൻ, പ്രീജ.

**റോസമ്മ ജോൺ**

തകഴി:കേളമംഗലം നടുവിലെപറമ്പിൽ എൻ.വി. ജോണിന്റെ ഭാര്യ റോസമ്മ ജോൺ അന്തരിച്ചു.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News